ISSN 2320-1568

# ഒരുമ

നവംബർ 2024

വില.50/ – രൂപ

പി. കെ. ഗോപി
വിനോദ് വെള്ളായണി
അജിത വി. എസ്.
സിദ്ദിഖ് സുബൈർ
ബിജു കാരമൂട്
മനോജ്കുമാർ പഴശ്ശി
രാജലക്ഷ്മി മഠത്തിൽ



**മലയാളം മതിയാകാത്ത കേരളീയജീവിതം**
ഡോ. എം. എൻ. രാജൻ

**ഗാന്ധിജിയും ഗുരുവും**
പി. ജി. സദാനന്ദൻ

## കേരളപ്പിറവിയാശംസകൾ









അകാലത്തിൽ അന്തരിച്ച പ്രശസ്ത കവി ഉഴമലയ്ക്കൽ മൈതീന്റെ പേരിലുള്ള പ്രഥമ പുരസ്കാരം (25000 രൂപയും ശില്പവും പ്രശസ്തിപത്രവും) വിഖ്യാത കലാകാരൻ അടൂർ ഗോപാലകൃഷ്ണൻ സുധാകരൻ ചന്തവിളക്ക് സമ്മാനിച്ചു. എഴുത്തുകാരായ പി. ജി. സദാനന്ദൻ, ഡോ. അജിത വി. എസ്., ഷാനവാസ് പോങ്ങനാട്, ഡോ. ചായം ധർമ്മരാജൻ, കുറിഞ്ചിലക്കോട് ബാലചന്ദ്രൻ, കൃഷ്ണകാന്ത് ജി. എസ്. (പുരസ്കാരത്തുക സ്പോൺസർ– ചെയർമാൻ ബി പി എം സീനിയർ സെക്കന്ററി സ്കൂൾ, വർക്കല) കല്ലംപള്ളി മോഹനൻ, ചുള്ളാളം ബാബുരാജ് (ചെയർമാൻ), അനീഷ് എ., (ജനറൽ സെക്രട്ടറി), സുധാകരൻ ചന്തവിള എന്നിവർ പ്രസംഗിച്ചു.

സ്വതന്ത്ര വായനയുടെ
17 -ാം
വർഷത്തിലേക്ക്

ISSN No. 2320 -1568

വില. 50/- രൂപ

മാനേജിംഗ് എഡിറ്റർ
ശ്രീല റ്റി.

പത്രാധിപസമിതി

എഡിറ്റർ
സുധാകരൻ ചന്തവിള

അസോസിയേറ്റ് എഡിറ്റർ
ഫൽഗുനൻ വടവുകോട്
പി. ജി. സദാനന്ദൻ
ഭാവന എസ്.
ഭരത് എസ്.

വിലാസം
ഒരുമ മാസിക,
ധ്വനി, ചന്തവിള,
കാട്ടായിക്കോണം പി. ഒ.,
തിരുവനന്തപുരം - 695 584
ഫോൺ. 9496259473, 6282457313
Email: orumamonthly@gmail.com

# ഒരുമ

സാഹിത്യ- സാംസ്കാരിക മാസിക

2024 നവംബർ, വാല്യം 17 ലക്കം 11

## കേരളപ്പിറവിയാഘോഷങ്ങളുടെ ആവർത്തനങ്ങൾ

പതിവുപോലെ ഇക്കുറിയും നമ്മൾ മാതൃഭാഷാപ്രതിജ്ഞയെടുക്കുകയും വെള്ളക്കുപ്പായമണിഞ്ഞ് മലയാളികളായി അഭിമാനിക്കുകയും ചെയ്ത് കേരളപ്പിറവി ആഘോഷിച്ചു. മലയാളം ക്ലാസ്സിക്കൽ ഭാഷയും ശ്രേഷ്ഠ ഭാഷയുമായി ഔദ്യോഗികാംഗീകാരം നേടിയിട്ട് പതിറ്റാണ്ടു കഴിഞ്ഞെങ്കിലും, മലയാളം ഭരണഭാഷയായി അംഗീകരിക്കപ്പെട്ടിട്ടില്ല എന്ന ദുഃഖസത്യം നിലനിൽക്കുന്നു. വിദ്യാഭ്യാസസ്ഥാപനങ്ങളും സമിതികളും സംഘടനകളുമെല്ലാം നവംബറിൽ മാതൃഭാഷാവാരം കൊണ്ടാടുന്നു. ഭാഷയെക്കുറിച്ചുള്ള മേനിപറച്ചിലും വികാരം കൊള്ളലും തകർക്കുമ്പോഴും മലയാളത്തിന്റെ വഞ്ചി ഇപ്പോഴും തിരുനക്കരെത്തന്നെ നിൽക്കുന്നുണ്ട്. മറ്റു പലതിലുമെന്നപോലെ മലയാളികളുടെ കാപട്യംനിറഞ്ഞ ആഘോഷാരവങ്ങൾ ഭാഷയുടെ പേരിലും ആവർത്തിക്കുന്നു എന്നുമാത്രം. മലയാളഭാഷയുടെ നിലനില്പിനും വളർച്ചയ്ക്കും അനിവാര്യമായ നടപടികൾ ദീർഘവീക്ഷണത്തോടെ സ്വീകരിക്കുവാനുള്ള ഭരണകൂടത്തിന്റെ ഉത്തരവും കാത്ത് കഴിയുന്ന അനാഥത്തള്ളയെപ്പോലെ മലയാളം വിലപിക്കുന്ന സാഹചര്യത്തിലാണ് ഡോ.എം.എൻ.രാജന്റെ 'മലയാളം മതിയാകാത്ത കേരളീയജീവിതം' എന്ന പ്രബന്ധത്തെ സമീപിക്കേണ്ടത്. ഇത്തരം എഴുത്തുകൊണ്ടുമാത്രം മലയാളത്തിന്റെ ദുർഗ്ഗതി പരിഹരിക്കപ്പെടുമെന്നു കരുതുക വയ്യ. എങ്കിലും പ്രതികരിച്ചേ മതിയാവൂ. ഈ ലക്കം ഒരുമ അവതരിപ്പിക്കുന്ന മറ്റൊരു പ്രധാന ലേഖനം പി.ജി.സദാനന്ദന്റെ 'ഗാന്ധിജിയും ഗുരുവു'മാണ്. ഒരേ കാലഘട്ടത്തിൽ ജീവിച്ചിരുന്ന രണ്ടു മഹാവ്യക്തിത്വങ്ങളുടെ യോജിപ്പും വിയോജിപ്പും ഏറെ ശ്രദ്ധയോടെ വായിക്കേണ്ടതാണ്. നനഞ്ഞു തീരാത്ത മഴകളെക്കുറിച്ചുള്ള അജിത വി.എസിന്റെ എഴുത്ത്, കഥകൾ, കവിതകൾ, വായിക്കേണ്ട പുസ്തകം ഉൾപ്പെടെ വ്യത്യസ്തങ്ങളായ വായനാനുഭവങ്ങൾ സമ്മാനിക്കുന്ന ഒരുമയുടെ ഈ ലക്കം പ്രിയ വായനക്കാർ സ്വീകരിക്കുമെന്നു കരുതുന്നു. ഒപ്പം ഏവർക്കും ഒരുമയുടെ ഹൃദ്യമായ കേരളപ്പിറവിയാശംസകൾ.

എഡിറ്റർ

# താളുകളിൽ


## ലേഖനം

5
മലയാളം മതിയാകാത്ത കേരളീയജീവിതം
ഡോ.എം.എൻ.രാജൻ

13
ഗാന്ധിജിയും ഗുരുവും
പി.ജി.സദാനന്ദൻ

29
നനഞ്ഞുതീരാത്ത മഴകൾ
അജിത വി.എസ്.

## കഥ

32
ഓർമയിലെ സാരഥി
ജിഷ പി നായർ

40
പ്രണയാർദ്രം
സതീശൻ എസ്.കെ.

45
മരണഗന്ധത്തിനപ്പുറം
മനോജ്കുമാർ പഴശ്ശി

## കവിത

24
കാട്ടുതീയിലെ ആത്മവേഴാമ്പൽ
പി.കെ.ഗോപി

25
കടപ്പുറം
വിനോദ് വെള്ളായണി

26
വെൺകാരം
സിദ്ദിഖ് സുബൈർ

27
പ്രണയസായന്തനം
ബിജു കാരമൂട്

28
കൈനോട്ടം
രാജലക്ഷ്മി മഠത്തിൽ

## വായിക്കേണ്ട പുസ്തകം

34
കലാപക്കനലിലെ തിരിനാളം
ജെ.ജയലാൽ

36
കവിതയാണ് കവിയുടെ ജീവനും നിലനിൽപ്പും
സുധാകരൻ ചന്തവിള

43
കാർപ്പാത്തിയൻ പർവ്വതനിരകളിലൂടെ
മിനി സുരേഷ്





കവർ
ഭരത് എസ്.

ഒരുമയിൽ പ്രസിദ്ധീകരിക്കുന്ന രചനകളുടെ ഉത്തരവാദിത്തം എഴുത്തുകാർക്കു മാത്രമാണ്

ലേഖനം



ഡോ.എം.എൻ.രാജൻ

# മലയാളം മതിയാകാത്ത കേരളീയജീവിതം

കേരളീയരിൽ തൊണ്ണൂറ്റിയാറുശതമാനത്തിന്റെ മാതൃഭാഷയാണു മലയാളം എന്നാണു കണക്കുകൾ പറയുന്നത്. കണക്കിൽ ഒരല്പം ഏറ്റക്കുറച്ചിലുണ്ടായാലും സാരമില്ല, കേരളത്തിന്റെ ഔദ്യോഗികഭാഷയാണു മലയാളം എന്നതിൽ ആർക്കും തർക്കമില്ല. ഇതിലെ ഔദ്യോഗികം എന്ന പദത്തിന് ഉദ്യോഗസംബന്ധമായത് എന്നർത്ഥം. ഉദ്യോഗം എന്ന സംസ്കൃതപദത്തിനാകട്ടെ പരിശ്രമം, പ്രയത്നം, തുടർച്ചയായ പ്രവർത്തനം, സ്ഥിരോത്സാഹം എന്നൊക്കെയാണ് അർത്ഥം. എന്നാൽ, ജനിതകമായിത്തന്നെ ഈ അർത്ഥങ്ങ ളോടു വിപ്രതിപത്തിയുള്ള കേരളീയർ ഉദ്യോഗത്തിനു തൊഴിൽ, ജോലി എന്ന അർത്ഥം നല്കി ഉറപ്പിച്ചെടുത്തു. അതുകൊണ്ട് ഉദ്യോഗാർത്ഥിയും ഉദ്യോഗസ്ഥനുമൊന്നും ഇവിടെ സ്ഥിരോത്സാഹിയോ പരിശ്രമിയോ ആകണമെന്നില്ല. അതൊക്കെ വേണമെങ്കിൽ ഉദ്യോഗം കിട്ടുന്നതുവരെ മാത്രം ആവശ്യമുള്ള കാര്യങ്ങളായി പരിമിതപ്പെട്ടു. അതുകൊണ്ട് കേരളത്തിൽ ഔദ്യോഗികമെന്നത് തൊഴിൽ അഥവാ ജോലി സംബന്ധമായത് എന്നും ഔദ്യോഗികഭാഷയെന്നത് തൊഴിലുമായി അഥവാ ജോലിയുമായി ബന്ധപ്പെട്ട ഭാഷ എന്നുമാണു മനസ്സിലാക്കാനാകുന്നത്. മലയാളമെന്ന ഔദ്യോഗികഭാഷയ്ക്ക് ഇവിടെ ഏതെങ്കിലും തൊഴിലുമായി ബന്ധമുണ്ടോ എന്ന കാര്യത്തിന് ഉറപ്പില്ല. ഇംഗ്ലിഷിലെ Official language എന്നതിന്റെ വിവർത്തനമായിട്ടാണ് പൊതുവേ ഔദ്യോഗികഭാഷ എന്നതു പ്രയോഗിച്ചുപോരുന്നത്. Official language ആകട്ടെ ഭരണഭാഷയെന്നു മനസ്സിലാക്കാം. ഭരണഭാഷയെന്നാൽ ഒരു സമൂഹത്തിന്റെ ഭരണപരമായ കാര്യങ്ങൾ നിർവ്വഹിക്കപ്പെടുന്ന ഭാഷ എന്നർത്ഥം. അതനുസരിച്ച് മലയാളം കേരളത്തിലെ ഔദ്യോഗികഭാഷയും ഭരണഭാഷ യുമാണ്. സർക്കാരിന്റെ ഔദ്യോഗികരേഖകളി ലൊക്കെ ഇപ്പോൾ **ഭരണഭാഷ മാതൃഭാഷ** എന്ന് അച്ചടിക്കാറുമുണ്ട്. 2013-ൽ കേന്ദ്ര സർക്കാരിന്റെ ഉത്തരവനുസരിച്ച് മലയാളത്തെ ക്ലാസ്സിക്കൽ ഭാഷ അഥവാ ശ്രേഷ്ഠഭാഷയായി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇവിടത്തെ എഴുത്തുകാരെല്ലാം മലയാളമെന്ന മാതൃഭാഷയെക്കുറിച്ചു പറയുമ്പോ ഴൊക്കെ വികാരതരളിതരും പുളകിതഗാത്ര രുമായിമാറുകയും അവരുടെ രോമാഞ്ചക്കുപ്പായം ഈറനണിയുകയും ചെയ്യാറുണ്ട്. എല്ലാവർഷവും നവംബർ ഒന്നിന് കേരളത്തിൽ വ്യാപകമായി ത്തന്നെ മലയാളദിനാഘോഷം ആചാരപൂർവ്വം നടത്തുകയും വികാരഭരിതരായി മാതൃഭാഷാ പ്രതിജ്ഞയെടുക്കുകയും അങ്ങനെ കടമ നിറവേറ്റി

സംതൃപ്തിയടയുകയും ചെയ്യുന്ന അനുഷ്ഠാനവും നിലവിലുണ്ട്.

മാതൃഭാഷാസ്നേഹവും ക്ലാസ്സിക്കലഭിമാനവും ഒക്കെയായി കാര്യങ്ങൾ മുന്നോട്ടുപോകുന്ന തിനിടയ്ക്ക് ചില വിമതസ്വരങ്ങളും കേൾക്കാനുണ്ട്. മലയാളം ഇനിയും പൂർണ്ണമായി ഔദ്യോഗികമോ ഭരണപരമോ ആയിട്ടില്ലെന്നാണ് അക്കൂട്ടരുടെ വാദം. ഭരണം എന്തിനാണ് മലയാളത്തിലാക്കുന്നത്? ഒരു നാടിന്റെ ഭരണപരമായ വ്യവഹാരങ്ങളെല്ലാം അവിടത്തെ എല്ലാ ജനങ്ങൾക്കും സുഗമവും സുതാര്യവുമാകണമെന്നും അതിലൂടെ മനസ്സിലാകണമെന്നുമുള്ള ഉദ്ദേശ്യത്തിലാണ് അതതിടങ്ങളിലെ മാതൃഭാഷകൾ ഭരണഭാഷ കളായി നിശ്ചയിച്ചിട്ടുള്ളത്. പക്ഷേ, കേരളത്തിൽ ഭരണഭാഷ മലയാളമാണെന്നത് പൂർണ്ണാർത്ഥ ത്തിൽ നടപ്പായിട്ടില്ല. നടപ്പാക്കാൻ ഇച്ഛാശക്തിയുള്ള ഭരണകൂടവുമുണ്ടായിട്ടില്ല. ഇടയ്ക്കിടെ ഓരോ സന്ദർഭംവരുമ്പോൾ പ്രഖ്യാപനങ്ങളും മറ്റുമുണ്ടാകുന്നുണ്ട് എന്നല്ലാതെ അത് പ്രയോഗത്തിലാക്കാനുള്ള ജാഗ്രത ഭരിക്കുന്ന വർക്കില്ല. ഐ.എ.എസ്.ലോബിയാണ് ഇതിനെതിരായി പ്രവർത്തിക്കുന്നതെന്ന് ചിലർ പറഞ്ഞുകേട്ടിട്ടുണ്ട്. പക്ഷേ, അന്യസംസ്ഥാന ത്തുനിന്ന് ഇവിടേക്കുവരുന്ന സിവിൽസർവീസുകാർ സാധാരണയായി ഇവിടത്തെ ഭാഷ പഠിക്കുമെന്നത് സ്വാഭാവികമായിരിക്കെ ഇക്കാര്യത്തിൽ അവരെ പ്രതിക്കൂട്ടിലാക്കുന്നത് ശരിയാണെന്നു തോന്നുന്നില്ല. ഇനി അവർക്കും മേലെയുള്ളത് മലയാളം മാത്രമറിയുന്ന ജനങ്ങൾകൂടി തിരഞ്ഞെടുത്ത ഭരണാധികാരികളല്ലേ? എല്ലാക്കാലത്തും മന്ത്രിമാരും മുഖ്യമന്ത്രിമാരു മുൾപ്പെടെയുള്ള ജനപ്രതിനിധികളിൽ പലർക്കും മലയാളമല്ലാതെ മറ്റൊരു ഭാഷയിലും മതിയായ അറിവില്ലാത്ത കേരളത്തിൽ ഭരണഭാഷപൂർണ്ണ മായും മലയാളത്തിലാകാത്തതെന്തുകൊണ്ട്? ഭാഷാപരമായ ആസൂത്രണത്തിന്റെയും ഇച്ഛാശക്തിയുടെയും ഉത്തരവാദിത്വബോധ ത്തിന്റെയും ഭരണസുതാര്യതയെന്നത് തിരഞ്ഞെ ടുത്ത ജനങ്ങളോടുള്ള കടമയാണെന്ന ജനാധിപത്യബോധത്തിന്റെയും പരിമിതിയാണ് അടിസ്ഥാനപ്രശ്നമായി കണക്കാക്കേണ്ടത്. ജനങ്ങൾക്കാകട്ടെ, മലയാളം നിർബ്ബന്ധപൂർവ്വമായ ഒരു ഔദ്യോഗികാവശ്യമായി മാറുന്നില്ല എന്നതും വാസ്തവമാണ്.

### അടിസ്ഥാനസങ്കല്പംതന്നെ മാറണം

സർക്കാരിന്റെ ഔദ്യോഗികക്കുറിപ്പുകളി ലൊക്കെ മുദ്രാവാക്യസ്വഭാവത്തിൽ രേഖപ്പെടുത്തി യിരിക്കുന്നത് **ഭരണഭാഷ മാതൃഭാഷ** എന്നാണല്ലോ. ഇത് മാതൃഭാഷാവാദത്തിനു യുക്തിപരമായി നിരക്കുന്നതല്ല. ഭരണഭാഷയേതോ

**മാതൃഭാഷാസ്നേഹവും ക്ലാസ്സിക്കലഭിമാനവും ഒക്കെയായി കാര്യങ്ങൾ മുന്നോട്ടുപോകുന്നതിനിടയ്ക്ക് ചില വിമതസ്വരങ്ങളും കേൾക്കാനുണ്ട്. മലയാളം ഇനിയും പൂർണ്ണമായി ഔദ്യോഗികമോ ഭരണപരമോ ആയിട്ടില്ലെന്നാണ് അക്കൂട്ടരുടെ വാദം. ഭരണം എന്തിനാണ് മലയാളത്തിലാക്കുന്നത്? ഒരു നാടിന്റെ ഭരണപരമായ വ്യവഹാരങ്ങളെല്ലാം അവിടത്തെ എല്ലാ ജനങ്ങൾക്കും സുഗമവും സുതാര്യവുമാകണമെന്നും അതിലൂടെ മനസ്സിലാകണ മെന്നുമുള്ള ഉദ്ദേശ്യത്തിലാണ് അതതിടങ്ങളിലെ മാതൃഭാഷകൾ ഭരണഭാഷ കളായി നിശ്ചയിച്ചിട്ടുള്ളത്. പക്ഷേ, കേരളത്തിൽ ഭരണഭാഷ മലയാളമാണെന്നത് പൂർണ്ണാർത്ഥത്തിൽ നടപ്പായിട്ടില്ല. നടപ്പാക്കാൻ ഇച്ഛാശക്തിയുള്ള ഭരണകൂട വുമുണ്ടായിട്ടില്ല. ഇടയ്ക്കിടെ ഓരോ സന്ദർഭംവരുമ്പോൾ പ്രഖ്യാപനങ്ങളും മറ്റുമുണ്ടാ കുന്നുണ്ട് എന്നല്ലാതെ അത് പ്രയോഗത്തിലാക്കാനുള്ള ജാഗ്രത ഭരിക്കുന്നവർക്കില്ല.**

അതു മാതൃഭാഷയാണ് എന്ന അർത്ഥമേ ഈ പ്രയോഗത്തിനു യോജിക്കൂ. അതായത്, ഭരണഭാഷ ഇംഗ്ലിഷാണെങ്കിൽ അതു മാതൃഭാഷയാണ് എന്നു സാമാന്യമായി പറയാം. ഇത് വിപരീതാർത്ഥ പ്രതീതിയുണ്ടാക്കുന്ന കാര്യമാണെന്നതിനു സംശയമില്ലല്ലോ. അപ്പോൾ വേണ്ടതെന്താണെന്നു വെച്ചാൽ, **മാതൃഭാഷ ഭരണഭാഷ** എന്നാക്കണം മുദ്രാവാക്യം. അതിനർത്ഥം മാതൃഭാഷയേതോ അത് ഭരണഭാഷയാണ് എന്നാകും. ഒരു ജനതയുടെ മാതൃഭാഷതന്നെ അവിടത്തെ ഭരണഭാഷയും (ഔദ്യോഗികഭാഷയും) ആകണം എന്ന നിലപാടിന്റെ ക്രമവും അർത്ഥവും ധ്വനിയും കിട്ടണമെങ്കിൽ നിലവിലെ മുദ്രാവാക്യത്തെ മാതൃഭാഷയ്ക്കു പ്രഥമപരിഗണന നല്കി പുനഃക്രമീകരിക്കുകതന്നെ വേണം. ഭാഷയെ സംബന്ധിച്ച് സർക്കാരിന്റെ മുദ്രാവാക്യംതന്നെ ഉദ്ദേശ്യത്തെ വിപരീതമാക്കിക്കാണിക്കുന്ന തരത്തിലാണുനിലകൊള്ളുന്നത്. ഇത്തരത്തിലുള്ള അടിസ്ഥാനയുക്തിയുടെ അഭാവം ഭാഷാരാഷ്ട്രീയത്തിന്റെ സമകാലനിലയെയും നിലപാടിനെയും വ്യഞ്ജിപ്പിക്കുന്നുണ്ട്.

### മലയാളവാദത്തിനു 160 വയസ്സ്

മലയാളം ഔദ്യോഗികഭാഷയാകണമെന്ന അഭിപ്രായത്തിനു 160 വയസ്സായിരിക്കുന്നു. 1864 ജൂലൈ മാസത്തിൽ കോട്ടയം സി.എം.എസ്. കോളെജിന്റെ 'വിദ്യാസംഗ്രഹം'എന്ന കോളെജു മാഗസിനിൽ, റവ.ജോർജ്ജ് മാത്തൻ എഴുതിയ ഒരു പുസ്തകനിരൂപണത്തിലാണ് മലയാളം (അന്നു മലയാഴ്മ) തിരുവിതാംകൂറിന്റെ ഔദ്യോഗികഭാഷയാകണമെന്ന അഭിപ്രായം സകാരണം ഉന്നയിക്കപ്പെട്ടത്. 1867-ൽ അദ്ദേഹമെഴുതിയ 'ബാലാഭ്യസനം' എന്ന കൃതിയിലാകട്ടെ, വിദ്യാഭ്യാസ മാദ്ധ്യമമായി മലയാളം മാറേണ്ടതിന്റെ ആവശ്യകത യുക്തിസഹമായും ആധുനികവിദ്യാഭ്യാസ സങ്കല്പങ്ങൾക്കനുസരിച്ചും വിശദമായി വിവരിക്കുന്നുണ്ട്. കുട്ടികളെ ഇംഗ്ലിഷ് പഠിപ്പിക്കാൻ തത്രപ്പെടുന്ന രക്ഷാകർത്താക്കൾ അന്നേ ഉണ്ടായിരുന്നു എന്ന് അദ്ദേഹത്തിന്റെ ആ കൃതി സാക്ഷ്യപ്പെടുത്തുന്നുണ്ട്. പക്ഷേ, സായിപ്പിനെ കാണുമ്പോൾ കവാത്തു മറക്കുന്ന കാഴ്ചപ്പാടായിരുന്നില്ല, അനേകം സായിപ്പന്മാരുമായി സഹകരിച്ചു പോന്നിട്ടും ജോർജ്ജു മാത്തനുണ്ടായിരുന്നത്. ഗുണ്ടർട്ട് ഉൾപ്പെടെയുള്ള പല മിഷനറിമാരും നേതൃത്വം നല്കിയ ആനുകാലികങ്ങൾ ശ്രദ്ധിച്ചാലറിയാം, വിജ്ഞാനഭാഷയെന്ന നിലയിൽ മലയാളത്തെ പരിഗണിക്കുന്നതിൽ അവർ ജാഗ്രത കാട്ടിയിട്ടുണ്ടെന്ന്. യൂറോപ്പിൽ വളർന്നുകൊണ്ടിരുന്ന ആധുനികശാസ്ത്രത്തിന്റെ വിവരങ്ങളും ലോകചരിത്രവുമൊക്കെ മലയാളത്തിലെഴുതാനും ശാസ്ത്രസാങ്കേതികപദങ്ങൾക്ക് ഉചിതമായ മലയാളപദങ്ങൾ കണ്ടെത്താനും രൂപപ്പെടുത്താനും അവർ ശ്രമിച്ചിരുന്നു. എന്നാൽ, സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം ഭാഷാടിസ്ഥാനത്തിൽ സംസ്ഥാന രൂപവത്കരണം നടന്നിട്ടും അതതു ദേശത്തെ ഭാഷയെക്കാൾ ഇംഗ്ലിഷിനു മേൽക്കോയ്മയുണ്ടാകാൻ പാകത്തിലാണ് കാര്യങ്ങൾ മുന്നോട്ടുനീങ്ങിയത്. കേരളത്തിൽ മലയാളം ഭരണഭാഷയാക്കുന്നതിന് 1957-ൽത്തന്നെ ഒരു കമ്മിറ്റി രൂപപ്പെടുത്തുകയും അവർ 1958-ൽ മാർഗ്ഗനിർദ്ദേശങ്ങൾ സമർപ്പിക്കുകയും ചെയ്തെങ്കിലും അതിന്റെ പ്രവർത്തനം ഒച്ചിനേക്കാൾ വേഗം കുറഞ്ഞ മട്ടിലാണ് ഇഴഞ്ഞുകൊണ്ടിരിക്കുന്നത്. ഇപ്പോഴും ഏതാനും വകുപ്പുകളിൽ



**പത്താംക്ലാസ്സുപോലും പാസ്സാകാത്ത ചില അച്ഛനമ്മമാർ സ്വന്തം കുട്ടികളെ ഇംഗ്ലിഷ് മീഡിയത്തിൽ പഠിക്കാനയച്ചിട്ട് 'അറഞ്ചാൻ പിറഞ്ചാൻ' തല്ലിപ്പഠിപ്പിക്കുന്നതു പോലെയാണിത്. ഈ നാടിന്റെ സൗകര്യങ്ങളിൽ പഠിച്ചും ജീവിച്ചും പോന്നവർ, അടുത്ത തലമുറയെ അന്യനാടുകളിലെ കൂലിപ്പണിക്കാരാക്കിമാറ്റാൻ കാണിക്കുന്ന തത്രപ്പാട് കാണുമ്പോൾ തമാശ തോന്നുന്നു. മക്കളൊക്കെ അന്യനാടുകളിൽ ചേക്കേറിയതിന്റെ ദുരഭിമാനവും പേറി നടക്കുകയും വയസ്സാകുമ്പോൾ മക്കൾ അടുത്തില്ലാത്തതിന്റെ വിഷമം പറയുകയും ഒടുവിൽ വൃദ്ധസദനങ്ങളിൽ എരിഞ്ഞടങ്ങുകയും ചെയ്യുന്നവരുടെ എണ്ണം കൂടിവരുന്നു. കുഞ്ചൻനമ്പ്യാർ എഴുതിയതുപോലെ, "വൃദ്ധന്മാരൊരുകൂട്ടം നിറഞ്ഞു ഭൂതലം തന്നിൽ ചത്തുകൊൾവതിനേതും കഴിവില്ലാ..." എന്ന സ്ഥിതി അതിവിദൂരമല്ല. അത് കാലനില്ലാത്ത കാലത്തെപ്പറ്റിയാ യിരുന്നെങ്കിൽ ഇനിയത് മക്കൾ അടുത്തില്ലാത്ത കാലത്തിന്റേതായിരിക്കുമെന്നു മാത്രം.**

മാത്രം ഒതുങ്ങിനില്ക്കുന്നു ഔദ്യോഗികമലയാളം. സർക്കാർ ഉത്തരവുകളിൽ ഭൂരിഭാഗവും സായിപ്പിനു വേണ്ടിയിറക്കുന്നവയാണ്, മലയാളികൾക്കു വേണ്ടിയല്ല.

ഇക്കാലത്ത് മലയാളഭാഷ മിക്കവാറും സാങ്കേതികവിദ്യയുമായി ബന്ധപ്പെട്ട് ഏറെ മുന്നേറിയിട്ടുണ്ട്. വാട്സ്ആപ്, ഫെയ്സ്ബുക്ക്, ഇ-മെയിൽ എന്നിവയിലെല്ലാം പ്രയാസംകൂടാതെ മലയാളം ഉപയോഗിക്കാം. മാത്രമല്ല, മലയാളത്തിന്റെ പഴയലിപിയും പിരിച്ചെഴുതുന്ന പുതിയരീതിയും ഇവയിലെല്ലാം വഴങ്ങും. ആ നിലയിലുള്ള സാങ്കേതികവികാസമുണ്ടായെങ്കിലും, മലയാളം മാത്രമറിയാവുന്നൊരാൾക്ക് കേരളത്തിൽ ആത്മാഭിമാനത്തോടെ സുഗമമായി ജീവിക്കാനാകുമോ എന്നു സംശയമാണ്. അതായത്, മാതൃഭാഷയും ഔദ്യോഗികഭാഷയും ഭരണഭാഷയും ഒക്കെ മലയാളമാണെന്നു പ്രഖ്യാതമായ കേരളത്തിൽ മലയാളം മാത്രമറിയുന്ന ഒരു പൗരന് അയാളുടെ എല്ലാ ദൈനംദിനാവശ്യങ്ങളും മലയാളത്തിൽ നിർവ്വഹിച്ചുകിട്ടുമോ എന്നതാണു പ്രശ്നം. അതിനു സാധ്യതയില്ല എന്നതാണ് ശരിയായ സ്ഥിതി. സാമാന്യം ഭേദപ്പെട്ട രീതിയിൽ ഇംഗ്ലിഷും ഹിന്ദിയും ചിലപ്പോൾ ഇവയിലൊന്നെങ്കിലും അറിഞ്ഞില്ലെങ്കിൽ ഒരു മലയാളിക്കു സുഗമമായി ജീവിക്കാനാകില്ല എന്നതാണു വാസ്തവം. പത്താംക്ലാസ്സു കഴിഞ്ഞ ഒരാൾക്ക് കുറെയൊക്കെ ഇംഗ്ലിഷും ഹിന്ദിയും അറിയേണ്ടതല്ലേ എന്നു ചോദിച്ചാൽ ആ ചോദ്യം ന്യായമാണ്. മലയാളം അദ്ധ്യയനമാദ്ധ്യമമായ പള്ളിക്കൂടങ്ങളിൽപ്പോലും കുട്ടികൾ അഞ്ചോ ആറോ വർഷം ഈ ഭാഷകൾ പഠിക്കുന്നുണ്ട്. ഇംഗ്ലിഷിലും ഹിന്ദിയിലും എഴുതിയ പാഠങ്ങൾ അഞ്ചോ ആറോ വർഷം പഠിക്കാനുണ്ടായിരുന്നു എന്നേ ഇതിനെ മനസ്സിലാക്കേണ്ടതുള്ളൂ. പാഠങ്ങൾ വായിച്ച് അർത്ഥം വിവരിച്ച് ചോദ്യോത്തരങ്ങൾ മനപ്പാഠമാക്കുകയെന്നതല്ലാതെ വാസ്തവത്തിൽ ആശയവിനിമയത്തിനെങ്കിലും സാധ്യമാകുന്ന തരത്തിൽ ഈ ഭാഷകൾ കുട്ടികൾ പഠിക്കുന്നില്ല അഥവാ അവരെ പഠിപ്പിക്കുന്നില്ല എന്നർത്ഥം. ദൈനംദിനജീവിതത്തിൽ കുട്ടികൾ കാണുന്നതും അറിയേണ്ടതുമായ വസ്തുക്കളുടെ പേരുകൾപോലും മനസ്സിലാക്കാൻ പാകത്തിലല്ല ഇവിടത്തെ ഭാഷാപഠനം. ഇംഗ്ലിഷ്മീഡിയത്തിൽ പഠിക്കുന്നവർക്കേ അതിനുള്ള സാധ്യതയുണ്ടാകുന്നുള്ളൂ. അശാസ്ത്രീയമായ ഭാഷാപാഠ്യപദ്ധതിയും പാഠങ്ങളുടെ ആധിക്യവും ചോദ്യോത്തരങ്ങളുടെ പകർപ്പെഴുത്തല്ലാതെ ഭാഷാശേഷി പരിശോധിക്കാത്ത പരീക്ഷാസമ്പ്രദായവുമാണ് പൊതുവിൽ ഇവിടെയുള്ളത്. ദൈനംദിന ജീവിതവുമായി ബന്ധപ്പെട്ട ഏതെങ്കിലും ചില സന്ദർഭങ്ങളിലെങ്കിലും എങ്ങനെ ഈ ഭാഷകൾ ഉപയോഗിക്കണ

മെന്ന പ്രായോഗികപരിശീലനം പള്ളിക്കൂടങ്ങളിൽ നിലവിലില്ല. അതിനുള്ളപരിശീലനം അദ്ധ്യാപകർക്കും നല്കുന്നില്ല. അവർക്ക് ഓരോ ഘട്ടത്തിലേക്കും വേണ്ട പാഠഭാഗങ്ങൾ തീർക്കനാണു വ്യഗ്രത. കാരണം അതാണ് ഭാഷാപഠനരീതിയായി ഇവിടെ നിലനില്ക്കുന്നതും പരീക്ഷയിൽ പരിശോധിക്കപ്പെടുന്നതും. ഇത് ഇംഗ്ലിഷിന്റെയോ ഹിന്ദിയുടെയോ മാത്രം കാര്യമല്ല, മാതൃഭാഷയായ മലയാളവും അങ്ങനെതന്നെ യാണു പരിശീലിപ്പിക്കുന്നത്. അതുകൊണ്ട് പത്താംക്ലാസ്സു മാത്രമല്ല എം.എ. കഴിഞ്ഞാലും അക്ഷരത്തെറ്റില്ലാതെ എഴുതാനറിയാവുന്നവരുടെ എണ്ണം വളരെക്കുറവാണ്. അതേസമയം ഇംഗ്ലിഷ്മീഡിയത്തിൽ പഠിച്ചിറങ്ങുന്നവർ നിരന്തരമായ ശീലം കൊണ്ട് സാമാന്യമായി ഇംഗ്ലിഷ് മനസ്സിലാക്കുന്നതിനാൽ അവർക്ക് തുടർപഠനങ്ങളിൽ മുന്നേറാൻ ഒരുപരിധി വരെ കഴിയുന്നുണ്ട്. ഇത് രണ്ടോ അതിലധികമോ തട്ടുകളായി വിദ്യാർത്ഥികളെയും പൗരരെയും വിഭജിക്കുന്നതിനിടയാക്കുന്നുണ്ട്. ബുദ്ധിയും യുക്തിയുമുള്ള എത്രയോപേർ ഭാഷാപരിമിതി കൊണ്ട് ഉയരങ്ങളിലെത്താതെയും കഴിവുകൾ വേണ്ടത്ര പ്രകടമാക്കാതെയും പോകുന്നു എന്നത് തിരിച്ചറിയുകയും ഭാഷാപഠനത്തിന്റെ രീതിശാസ്ത്രംതന്നെ മാറ്റേണ്ടതുമാണ്. ഭാഷയാണ് ഒരാളുടെ ബൗദ്ധികസാധ്യതകൾ തെളിച്ചെടുക്കുന്ന തിനും ലോകവുമായി വിനിമയം ചെയ്യുന്നതിനും ഇടയാക്കുന്നത് എന്നു മനസ്സിലാക്കിക്കൊണ്ട് ഭാഷാശേഷി വികസിപ്പിക്കാനുതകുന്ന തരത്തിൽ പഠനസമ്പ്രദായം പരിഷ്കരിക്കേണ്ടതുണ്ട്. പക്ഷേ, ഇത്തരം പ്രശ്നങ്ങളും വൈരുദ്ധ്യങ്ങളും മനസ്സിലാക്കി പരിഹരിക്കാൻ ആർക്കാണു താത്പര്യം?

### മലയാളം മതിയാകാത്ത കേരളീയജീവിതം

നേരത്തേ സൂചിപ്പിച്ചതുപോലെ കേരളത്തിൽ മലയാളം കൊണ്ടു മാത്രം ജീവിക്കാൻ പ്രയാസ മായിരിക്കുന്നു. നഗരപ്രദേശങ്ങളിൽ വ്യാപകമായും നാട്ടിൻപ്രദേശങ്ങളിൽ ഏറെക്കുറെയും ഹോട്ടലുകൾ, സ്റ്റേഷനറിക്കടകൾ, തുണിക്കടകൾ, മെഡിക്കൽ ഷോപ്പുകൾ, ബാർബർഷോപ്പുകൾ, മാളുകൾ എന്നിങ്ങനെ നിത്യജീവിതവുമായി ബന്ധപ്പെട്ട ഇടങ്ങളിലൊന്നും മിക്കപ്പോഴും മലയാളം പോരാതെവരുന്നു. അവിടങ്ങളിലൊക്കെ ഭൂരിപക്ഷവും, ചിലയിടങ്ങളിൽ എല്ലാപേരും, അന്യസംസ്ഥാനത്തൊഴിലാളികളാണ്. അതിൽ ആണുങ്ങളും പെണ്ണുങ്ങളുമുണ്ട്. മുടിവെട്ടാൻ ചെന്നിട്ട് എങ്ങനെ വേണമെന്നുപറയാനാകാതെ, ഭക്ഷണം കഴിക്കാൻ ചെന്നിട്ട് വേണ്ടവ പറയാനാകാതെ, തുണിയെടുക്കാൻ ചെന്നിട്ട് ആവശ്യം വ്യക്തമാക്കാനാകാതെ വിഷമിക്കുകയും വിഷണ്ണരാകുകയും ചെയ്യുകയെന്നത്




സർവ്വസാധാരണമായിരിക്കുന്നു. മുമ്പ് ബാർബർഷോപ്പുകളിലും ഹോട്ടലുകളിലും ഏറെയുണ്ടായിരുന്ന തൊഴിലാളികൾ തമിഴ്നാട്ടുകാരായിരുന്നുവെങ്കിൽ ഇന്ന് അത് ബംഗാളികളെന്നു പൊതുപ്പേരുള്ള വടക്കേയി ന്ത്യൻസംസ്ഥാനങ്ങളിൽ നിന്നുള്ളവരാണ്. ഹോട്ടലുകളിലെ രുചി മാറിയിട്ടു കാലമേറെയായി. കേരളീയമായ രുചിക്കൂട്ടുകൾ മറന്നുകഴിഞ്ഞു. വിഭവങ്ങളുടെ പേരുകേട്ടാൽ മനസ്സിലാക്കാ നാകാതെ കുഴങ്ങുന്നവരാണ് ഏറെയും.

മലയാളികളുടെ ജീവിതവും ഏറെക്കുറെ ഓൺലൈൻ ആയിക്കഴിഞ്ഞിട്ടുണ്ട്. വാട്സ്ആപ്പും ഫെയ്സ്ബുക്കും ഒന്നുമില്ലാതെ കഴിയാൻ ഏറെപ്പേർക്കും പ്രയാസമായിരിക്കുന്നു. ആശയ വിനിമയംതന്നെ അത്തരത്തിലായിട്ടുണ്ട് അദ്ധ്യാപ കരും വിദ്യാർത്ഥികളുമൊക്കെ വാട്സ്ആപ് ഗ്രൂപ്പുകളിലൂടെയാണ് വിനിമയം എന്നായിരിക്കുന്നു. കോവിഡ്കാലം അത്തരം പരിണാമത്തിനു പ്രേരണയായി. ഒരു വീട്ടിൽ താമസിക്കുന്നവർ തമ്മിൽപ്പോലും വാട്സ്ആപ് ചാറ്റിലൂടെ വിനിമയം ചെയ്യുന്നത് ഇന്നു സാധാരണമായിരിക്കുന്നു. ഓൺലൈൻകച്ചവടത്തിന്റെയും ക്യാഷ്‌ലെസ് ഇടപാടുകളുടെയും കാലമാണല്ലോ ഇത്. ബസ്സ് ടിക്കറ്റുമുതൽ വിമാനടിക്കറ്റുവരെയും ആശുപത്രി കളിൽ രജിസ്ട്രേഷൻ ഉൾപ്പെടെയുള്ളവയിലൊക്കെ ഓൺലൈനിലാണു കാര്യങ്ങൾ. സർക്കാർ കാര്യങ്ങളൊക്കെ അങ്ങനെയായതിന്റെ ഭാഗമാണ ല്ലോ നാട്ടിലെമ്പാടുമുള്ള അക്ഷയകേന്ദ്രങ്ങൾ. കൈയിലുള്ള പണം കൊണ്ടോ ലോണെടുത്തോ

**പാശ്ചാത്യചിന്തകളുടെയും ആശയങ്ങളുടെ യുമൊക്കെ കേരളത്തിലെ മൊത്തക്കച്ച വടക്കാർ തന്നെ മലയാളം അദ്ധ്യാപകരാണല്ലോ. അങ്ങനെ അവയിൽ കുത്തക കൈവരിച്ച വരാണല്ലോ കേരളത്തിലെ ബുദ്ധിജീവി കൾ. അവരിൽപ്പലരും മലയാളം ഉപയോഗി ക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നു വെന്നേയുള്ളൂ. അവരുടെ ബൗദ്ധിക ശേഷിയും ആശയമണ്ഡല വുമാകെ ആഗോളമാണ്. അതുകൊണ്ട് അവർക്കും മലയാളം മാത്രമറിയുന്ന വരോടുള്ള ഒരുതരം അവജ്ഞ സ്വാഭാവിക മാണുതാനും. ഇംഗ്ലീഷി ലൂടെ ലഭിക്കുന്ന പുസ്തക ങ്ങളിലെ ദഹിച്ചവയും ദഹിക്കാത്തവ യുമൊക്കെ നിറഞ്ഞ അവരുടെ ചിന്താലോകവും രചനാ ലോകവും 'ഹോട്ടൽ ഭക്ഷണം' കൊണ്ടുള്ള ബലത്തിന്മേലാണ് നില കൊള്ളുന്നത്. ഇവരാരും ഉദ്ധരണികൾ കൊണ്ടു ബൗദ്ധികപരിവേഷമുണ്ടാ ക്കുകയല്ലാതെ മറ്റുള്ളവർ ക്കുകൂടി പ്രയോജനപ്രദമായ തരത്തിൽ അവരുടെ 'പോഷക വസ്തു'ക്കളെ വിവർത്തനം ചെയ്തു നല്കാറില്ല എന്നതാണു യാഥാർത്ഥ്യം. അങ്ങനെയാ യാൽപ്പിന്നെ ഇവർക്കെങ്ങനെ ബുദ്ധിജീവിയാകാനാകും?**

കടകളിൽനിന്നു വാങ്ങുന്ന മിക്സി മുതൽ വാഷിങ്മെഷീൻ, ഫ്രിഡ്ജ്, എ.സി. അടക്കമുള്ള ഏതു സാധനത്തിനും എന്തെങ്കിലും കേടുപാടുണ്ടായാൽ നന്നാക്കാനും മറ്റും ഓൺലൈൻ ബുക്കിങ് വേണം. എന്നാൽ, ഇത് സാധാരണക്കാർക്ക് തീരെ സാധ്യമാകാത്ത കാര്യമാണ്. അവർ തരുന്ന നമ്പരിൽ വിളിച്ചാൽ ഒന്നുകിൽ യന്ത്രമോ അല്ലെങ്കിൽ യന്ത്രത്തെപ്പോലെയുള്ളവരോ ഇംഗ്ലീഷോ ഹിന്ദിയോ സംസാരിക്കുന്നതാണു കേൾക്കുന്നത്. അതിനോട് എങ്ങനെയാണ് കാര്യംപറഞ്ഞു മനസ്സിലാക്കുക. അതിൽനിന്നു കേൾക്കുന്ന നിർദ്ദേശംപോലും മലയാളത്തിലില്ല. കേരളത്തിൽനിന്നു വിളിക്കുന്ന വർക്ക് ഇവിടത്തെ ഭാഷയിൽ പ്രതികരിക്കാനുള്ള സൗകര്യം ഉണ്ടാകേണ്ടതാണ്. കാരണം കേരളം വലിയൊരു വിപണിയായിക്കഴിഞ്ഞിരിക്കുന്നു. ഈ വിപണിയിൽ മലയാളത്തിനുകൂടി സ്ഥാനംനല്കാൻ മുതലാളിമാരോട് അധികാരികൾ വ്യവസ്ഥ വെക്കേണ്ടതല്ലേ?

1970-കളിലും മറ്റും ചെറുപ്പക്കാരായ ധാരാളം മലയാളികൾ തൊഴിൽതേടിയും പ്രേമനൈരാശ്യം കൊണ്ടും മുംബൈ പോലുള്ള അന്യസംസ്ഥാന നഗരങ്ങളിലേക്കു നാടുവിട്ടുപോയിരുന്നു. അവരൊക്കെ ചെന്നിടത്തെ ഭാഷ പഠിക്കാനും അങ്ങനെ പലതരം ജോലികൾചെയ്യാനും ശ്രമിച്ചവരാണ്. തിരികെയെത്തിയവർക്ക് സാമാന്യമായി ഹിന്ദി സംസാരിക്കാൻ കഴിഞ്ഞിരുന്നു. എന്നാൽ, അന്യസംസ്ഥാന ങ്ങളിൽനിന്ന് ഇവിടെയെത്തുന്ന ചെറുപ്പക്കാരി ലേറെയും മലയാളം പഠിക്കാൻ കാര്യമായി ശ്രമിച്ചുകാണുന്നില്ല എന്നതു ഖേദകരമായി ത്തോന്നുന്നു. ലക്ഷക്കണക്കിന് അന്യസംസ്ഥാന ത്തൊഴിലാളികൾ കേരളത്തിലെത്തി വിവിധയിട ങ്ങളിൽ പലതരം തൊഴിലുകൾ ചെയ്യുന്നു. കേരളത്തിലെ കെട്ടിടനിർമ്മാണരംഗത്ത് മുമ്പ് തമിഴ്നാട്ടുകാരായിരുന്നു ഏറെയും. മലയാളി യുവാക്കളിലധികംപേർക്കും ഗൾഫിലും മറ്റും പോയാലേ അത്തരം തൊഴിൽചെയ്യാൻ അഭിമാനം അനുവദിച്ചിരുന്നുള്ളൂ. ഇപ്പോൾ വ്യാപകമായി നടക്കുന്ന കെട്ടിടനിർമ്മാണത്തിൽ വടക്കേയിന്ത്യൻ സംസ്ഥാനത്തുനിന്നുള്ള തൊഴിലാളികളാണ് എല്ലാപേരും. കേരളീയർ തൊഴിൽദാതാക്ക ളാകുകയും സാധാരണ തൊഴിലുകൾക്ക് മലയാളികളെ കിട്ടാതാകുകയും ചെയ്യുന്നു.

എന്നിട്ടും കേരളീയർക്ക് തൊഴിലില്ലായ്മ ഇപ്പോഴും പറഞ്ഞുനടക്കാനുള്ള രാഷ്ട്രീയപ്രശ്ന മാണ്. ഇതിലെന്തോ വൈരുദ്ധ്യമില്ലേ? യഥാർത്ഥ ത്തിൽ, ഉയർന്ന ബിരുദങ്ങളുള്ളവരും എന്നാൽ ഒരു തൊഴിലിലും വൈദഗ്ദ്ധ്യമില്ലാത്തവരുമായി മാറിയ മലയാളികളുടെ ദുരിതകാണ്ഡമാണ് ഇപ്പോഴ

ത്തേത്. പഠിപ്പുണ്ടെങ്കിലും ജീവിക്കാനറിയാത്തവരായിരിക്കുന്നു മലയാളികൾ. ഭൂരിപക്ഷത്തിനും പഠിച്ചതുതന്നെ പ്രയോജനമില്ലാപ്പഠിപ്പായി അവശേഷിക്കുന്നു. പഠിച്ചതൊക്കെ അറിവായി മാറിയാലേ ജീവിതം മെച്ചപ്പെടുത്തുന്നതിന് ഏതെങ്കിലും തരത്തിൽ ഉപകരിക്കൂ. അതിനു മാതൃഭാഷയിലുള്ള പഠിപ്പാണ് പ്രയോജനപ്പെടുക. പക്ഷേ, ഇവിടെ സർവ്വകലാശാലകളിൽ മാനവിക വിഷയങ്ങളും ശാസ്ത്രവിഷയങ്ങളുമെല്ലാം ഇംഗ്ലിഷിൽത്തന്നെയാണ് ഇപ്പോഴും പഠിപ്പിക്കുന്നത്. ചില വിഷയങ്ങളിൽ മലയാളസർവ്വകലാശാല മലയാളത്തിൽ പഠിപ്പിക്കുന്നുണ്ടെങ്കിലും കേരളത്തിൽ അതിനു കാര്യമായ സ്വാധീനമുണ്ടാക്കാൻ കഴിഞ്ഞിട്ടില്ല.

കേരളത്തിൽ ഉന്നതവിദ്യാഭ്യാസം ഇന്നു സാർവ്വത്രികമായിട്ടുണ്ട്. പക്ഷേ, കേരളത്തിന്റെ ഭാവിപ്രവർത്തനങ്ങൾക്ക് ആവശ്യമായ തരത്തിൽ വിവിധ വിഷയങ്ങളിൽ വൈദഗ്ദ്ധ്യമുള്ളവരെ സൃഷ്ടിക്കാൻ അതിനു കഴിയുന്നുണ്ടോ എന്നത് ഗൗരവമായി ആലോചിക്കേണ്ടതാണ്. വിദ്യാസമ്പന്നരിൽ ഒരുതരം 'വൈറ്റ്കോളർ' സംസ്കാരമുണ്ടാക്കുന്നതിനിടയാക്കുകയാണ് ഇതു ചെയ്തത്. ഭൂരിപക്ഷത്തിനും അവർ പഠിച്ചിറങ്ങിയ വിഷയങ്ങളിൽ ജോലി കിട്ടാതെ വൈകാരിക ജഡതയ്ക്ക് വിധേയരായിട്ടുണ്ട്. അക്കാരണത്താൽ എത്തിപ്പെടുന്ന തൊഴിലിനോട് മിക്കവർക്കും പൊരുത്തമോ ആത്മാർത്ഥതയോ ഇല്ല. തൊഴിലധിഷ്ഠിതവിദ്യാഭ്യാസം മിക്കപ്പോഴും നാട്ടിൽ തൊഴിൽചെയ്യാനല്ല, കയറ്റുമതിക്കായിട്ടാണ് എന്നു തോന്നിപ്പിക്കുംവിധമാണു നിർവ്വഹിക്കപ്പെടുന്നത്. പരപ്പുണ്ടെന്നല്ലാതെ ആഴമുള്ളതല്ല ഇവിടത്തെ വിദ്യാഭ്യാസം എന്നതായിരിക്കുന്നു സ്ഥിതി. വിദ്യാഭ്യാസപരമായി പിന്നിലെന്നു നാം കരുതുന്ന പല സംസ്ഥാനങ്ങളിലെയും ഉന്നതവിദ്യാഭ്യാസരംഗം ഇതിനേക്കാൾ കർക്കശമായ അദ്ധ്യയനരീതികൊണ്ട് ഗുണപുഷ്ടമാണ് എന്നാണ് അനുഭവസ്ഥർ പറയുന്നത്. അതുകൊണ്ടാണല്ലോ കേരളത്തിനു പുറത്തേക്ക് ധാരാളം കുട്ടികൾ പഠനത്തിനായി പോകുന്നത്. എന്നാൽ ദേശീയസൂചികകളിൽ കേരളത്തിലെ കലാലയങ്ങൾ ഉയർന്ന റാങ്കിങ്ങിൽ വരുന്നു എന്ന കൗതുകകരമായ വസ്തുതയുമുണ്ട്. കണക്കുകളിൽ മുന്നിലാണെങ്കിലും അതെല്ലാം ഗുണപരമാണോ എന്ന പ്രശ്നത്തെ തുറന്ന മനസ്സോടെ കാണാൻ കഴിയണം.

കുട്ടികളെ കയറ്റുമതി ചെയ്യാൻ നേരിട്ടും ഓൺലൈനായും തയ്യാറെടുപ്പിക്കുന്ന പരിശീലന കേന്ദ്രങ്ങൾ, മുമ്പ് നാട്ടിലെമ്പാടുമുണ്ടായിരുന്ന പാരലൽ കോളെജുകൾ പോലെതന്നെ ഇന്നു കാണാനാകും. അന്നത് നാട്ടിൽത്തന്നെയുള്ള സമാന്തരവിദ്യാഭ്യാസപ്രവർത്തനമായിരുന്നു.




ഇന്നത്തെ കേന്ദ്രങ്ങൾ വിദേശത്തേക്കു കുട്ടികളെ പഠിപ്പിനും തൊഴിലിനുമായി പ്രലോഭിപ്പിച്ചു കയറ്റിയയയ്ക്കുന്നതിനുള്ള ഏജൻസികളായിട്ടാണു പ്രവർത്തിക്കുന്നത്. ഇംഗ്ലിഷ് ഉൾപ്പെടെയുള്ള പല വിദേശഭാഷകളിലും പ്രത്യേകപരിശീലനം നല്കുക, കലാലയങ്ങൾ പരിചയപ്പെടുത്തുക, ഫെലോഷിപ്പുകളും മറ്റും ലഭിക്കാൻ പരിശീലിപ്പിക്കുക, അവിടെ താമസസൗകര്യമുണ്ടാക്കാൻ സഹായിക്കുക, ഇവയ്ക്കെല്ലാമായി മഹോത്സവംപോലെ റിക്രൂട്ടിങ് സംവിധാനമുണ്ടാക്കുക എന്നിങ്ങനെ പോകുന്നു ഇത്തരം കേന്ദ്രങ്ങളുടെ പരിശീലനപരിപാടി. ഇതൊക്കെ നമ്മുടെ വിദ്യാഭ്യാസവിചക്ഷണരും ഭരണകൂടവും അറിയുന്നില്ലേ എന്നു സംശയമുണ്ട്.

തൊഴിൽതേടി അന്യനാടുകളിലേക്കുപോകുന്ന സാധാരണ രീതിയായിട്ടല്ല ഇതിനെ കാണേണ്ടത്. ഈ നാടിന്റെ വികസനത്തിനും ശേഷിക്കും ഉതകേണ്ട തലച്ചോറുകൾ അന്യനാടുകൾക്കു വേണ്ടി റിക്രൂട്ടുചെയ്യുന്ന ഏർപ്പാടായി ഇതു മാറിക്കൊണ്ടിരിക്കുന്നു. ഇത് ഭാവിയിലുണ്ടാക്കാവുന്ന അപകടകരമായ സ്ഥിതിയെപ്പറ്റി തുറന്ന മനസ്സോടെ ചിന്തിക്കേണ്ടതുണ്ട്. ഈ നാട് പുതുതലമുറയ്ക്ക് സ്ഥിരതാമസത്തിനു പര്യാപ്തമല്ല എന്നൊരു ഗൂഢവിചാരം നല്ലൊരുപങ്ക് രക്ഷിതാക്കളുടെയും ഉള്ളിൽ രൂപപ്പെട്ടിട്ടുണ്ടെന്നു തോന്നുന്നു. അവർ സ്വന്തം മക്കൾ എങ്ങനെയും അന്യനാടുകളിലേക്കുപോകട്ടെയെന്നു വിചാരിക്കുകയും റിക്രൂട്ടിങ്ങിനു കുട്ടികളെ സജ്ജരാക്കുകയും ചെയ്യുന്നു. നാക്കെടുത്താൽ

അമേരിക്കൻ സാമ്രാജ്യത്വത്തെപ്പറ്റി കുറ്റംപറയുന്നവരും ഇക്കാര്യത്തിൽ മുന്നിൽത്തന്നെയാണ്. പത്താംക്ലാസ്സുപോലും പാസ്സാകാത്ത ചില അച്ഛനമ്മമാർ സ്വന്തം കുട്ടികളെ ഇംഗ്ലിഷ്മീഡിയത്തിൽ പഠിക്കാനയച്ചിട്ട് 'അറഞ്ചാൻ പിറഞ്ചാൻ' തല്ലിപ്പഠിപ്പിക്കുന്നതുപോലെയാണിത്. ഈ നാടിന്റെ സൗകര്യങ്ങളിൽ പഠിച്ചും ജീവിച്ചും പോന്നവർ, അടുത്ത തലമുറയെ അന്യനാടുകളിലെ കൂലിപ്പണിക്കാരാക്കി മാറ്റാൻ കാണിക്കുന്ന തത്രപ്പാട് കാണുമ്പോൾ തമാശ തോന്നുന്നു. മക്കളൊക്കെ അന്യനാടുകളിൽ ചേക്കേറിയതിന്റെ ദുരഭിമാനവും പേറി നടക്കുകയും വയസ്സാകുമ്പോൾ മക്കൾ അടുത്തില്ലാത്തതിന്റെ വിഷമം പറയുകയും ഒടുവിൽ വൃദ്ധസദനങ്ങളിൽ എരിഞ്ഞടങ്ങുകയും ചെയ്യുന്നവരുടെ എണ്ണം കൂടിവരുന്നു. കുഞ്ചൻനമ്പ്യാർ എഴുതിയതുപോലെ, "വൃദ്ധന്മാരൊരുകൂട്ടം നിറഞ്ഞു ഭൂതലം തന്നിൽ ചത്തുകൊൾവതിനേതും കഴിവില്ലാ..." എന്ന സ്ഥിതി അതിവിദൂരമല്ല. അത് കാലനില്ലാത്ത കാലത്തെപ്പറ്റിയായിരുന്നെങ്കിൽ ഇനിയത് മക്കൾ അടുത്തില്ലാത്ത കാലത്തിന്റേതായിരിക്കുമെന്നു മാത്രം.

ഇപ്പറഞ്ഞവയൊന്നും മാതൃഭാഷാപ്രശ്നമായി തോന്നണമെന്നില്ല. പ്രത്യക്ഷത്തിൽ അങ്ങനെയല്ല എന്നതു ശരിയുമാണ്. പക്ഷേ, അന്യഭാഷകൊണ്ടു മാത്രം ജീവിക്കാനും അവയറിഞ്ഞാലേ ജീവിക്കാനാകൂ എന്നുമുള്ള സാഹചര്യം കേരളത്തിൽ ശക്തമായിക്കഴിഞ്ഞിരിക്കുന്നു എന്നതിന്റെ ഭാഗമാണിവ എന്നത് ക്രമേണ ബോധ്യമാകും. കാരണം ഇവിടെ ജീവിക്കുന്നവർക്കല്ലേ ഇവിടത്തെ ഭാഷ ആവശ്യമുള്ളൂ. ഇവിടെ താമസിക്കുന്നവർക്കും മറ്റു ഭാഷകൾ അറിഞ്ഞാലേ ദൈനംദിനജീവിതം നയിക്കാനാകൂ അല്ലെങ്കിൽ ജീവിതാവശ്യങ്ങൾ നിറവേറ്റാനാകൂ എന്ന സാഹചര്യത്തിൽ, കേവലം സംസാരഭാഷ മാത്രമായി മലയാളം പരിമിതപ്പെടുമോ എന്ന് ആശങ്കിക്കേണ്ടിയിരിക്കുന്നു. ലോകത്ത് എത്രയോവട്ടം സംഭവിച്ചുകഴിഞ്ഞ ഭാഷാനാശമോ ഭാഷാമരണമോ മലയാളത്തിനും ഉണ്ടാകാതിരിക്കാൻ നമുക്ക് ഉത്തരവാദിത്വമുണ്ട്. സാധാരണക്കാരായ ആളുകളുടെയും എഴുത്തുകാരുടെയും മാത്രം ആവശ്യമായി മാറുന്നുണ്ടോ മലയാളത്തിന്റെ നിലനില്പ് എന്നതാണു പ്രശ്നം. ഉന്നതവിദ്യാഭ്യാസരംഗത്തെ മലയാളഭാഷാസാഹിത്യപഠനത്തിൽ ഏറെക്കാലമായി ഭാഷേതരവും സാഹിത്യേതരവുമായ വിഷയങ്ങളുടെ കടന്നുകയറ്റം ഉണ്ടായിട്ടുണ്ട്. ഭാഷയും സാഹിത്യവും പഠിക്കുന്നവർ സിനിമയും മറ്റു മാനവികവിഷയങ്ങളും കൂടുതലായി പഠിക്കുന്ന രീതിയിലേക്കു കരിക്കുലം മാറിത്തുടങ്ങിയിട്ട് കാലമേറെയായി. അത്തരം വിഷയങ്ങളിൽ ശിക്ഷണം ലഭിക്കാത്ത അദ്ധ്യാപകർ അവ പഠിപ്പിക്കാൻ വിധിക്കപ്പെടുകയുമുണ്ടായി. പിന്നെ, മലയാളം അദ്ധ്യാപകരെ സംബന്ധിച്ചിടത്തോളം ഏതു വിഷയം പഠിപ്പിക്കാനും അവർക്കുള്ള സന്നദ്ധതയും ശുഷ്കാന്തിയും ഒന്നു വേറെതന്നെ യാണ്. പാശ്ചാത്യചിന്തകളുടെയും ആശയങ്ങളുടെ യുമൊക്കെ കേരളത്തിലെ മൊത്തക്കച്ചവടക്കാർ തന്നെ മലയാളം അദ്ധ്യാപകരാണല്ലോ. അങ്ങനെ അവയിൽ കുത്തക കൈവരിച്ചവരാണല്ലോ കേരളത്തിലെ ബുദ്ധിജീവികൾ. അവരിൽപ്പലരും മലയാളം ഉപയോഗിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നുവെന്നേയുള്ളൂ. അവരുടെ ബൗദ്ധിക ശേഷിയും ആശയമണ്ഡലവുമാകെ ആഗോളമാണ്. അതുകൊണ്ട് അവർക്കും മലയാളം മാത്രമറിയുന്ന വരോടുള്ള ഒരുതരം അവജ്ഞ സ്വാഭാവികമാണു താനും. ഇംഗ്ലിഷിലൂടെ ലഭിക്കുന്ന പുസ്തകങ്ങ ളിലെ ദഹിച്ചവയും ദഹിക്കാത്തവയുമൊക്കെ നിറഞ്ഞ അവരുടെ ചിന്താലോകവും രചനാലോകവും 'ഹോട്ടൽഭക്ഷണം' കൊണ്ടുള്ള ബലത്തിന്മേലാണ് നിലകൊള്ളുന്നത്. ഇവരാരും ഉദ്ധരണികൾകൊണ്ടു ബൗദ്ധികപരിവേഷമുണ്ടാക്കുകയല്ലാതെ മറ്റുള്ളവർക്കുകൂടി പ്രയോജനപ്രദമായ തരത്തിൽ അവരുടെ 'പോഷകവസ്തു'ക്കളെ വിവർത്തനം ചെയ്തു നല്കാറില്ല എന്നതാണു യാഥാർത്ഥ്യം. അങ്ങനെയായാൽപ്പിന്നെ ഇവർക്കെങ്ങനെ ബുദ്ധിജീവിയാകാനാകും? ഇങ്ങനെ മലയാളം മലയാളനാട്ടിൽത്തന്നെ വിദ്യാഭ്യാസത്തിലും തൊഴിലിലും ബുദ്ധിജീവിതത്തിലും ദൈനംദിന ജീവിതത്തിലും പിന്നിലേക്കു ചാഞ്ഞുനില്ക്കുന്ന സ്ഥിതിയാണു നിഷ്പക്ഷമായി നോക്കിയാൽ കാണാനാകുന്നത്. ആണ്ടിലൊരിക്കൽ എഴുത്തുകാരൊക്കെച്ചേർന്ന് വികാരഭരിതമായി ആഘോഷിക്കുക മാത്രമാണോ മലയാളത്തിന്മേൽ ചെയ്യേണ്ടത്? അന്നുമാത്രം കേരളീയവേഷത്തിൽ വരവേല്ക്കേണ്ടതല്ല മലയാളം. അതു കേരളത്തിൽ അന്തസ്സോടെയും ജീവിതാവശ്യങ്ങൾക്കെല്ലാം ഉതകുംവിധവും പ്രയോഗിക്കാവുന്ന സ്ഥിതിയിലേക്ക് ഉറപ്പിച്ചെടുക്കുകയാണു വേണ്ടത്. കാരണം, ഭാഷ നിലനില്ക്കുന്നതു ജീവിതവുമായി ബന്ധപ്പെട്ടാണ്. ഭാഷ എവിടെ ദുർബ്ബലവും അപര്യാപ്തവുമാകുന്നോ അവിടെ സമൂഹജീവിതത്തിലും സംസ്കാരത്തിലും ബലക്ഷയമുണ്ടാകുന്നു എന്നാണർത്ഥം. മുറവിളി കൊണ്ട് മാതൃഭാഷയെ എത്രകാലം ശക്തിപ്പെടുത്താനാകും? മലയാളം ജീവിതവ്യമാക്കിക്കൊണ്ട് കേരളത്തിന്റെ ശക്തിസ്രോതസ്സാക്കി മാറ്റണം.

•



ലേഖനം


പി.ജി.സദാനന്ദൻ

# ഗാന്ധിജിയും ഗുരുവും


ആധുനികകാലത്ത് ഗാന്ധിജിയുടെയും ശ്രീനാരായണഗുരുവിന്റെയും ദർശനങ്ങളുടെ സമകാലികപ്രസക്തിയെക്കുറിച്ച് ആഴത്തിൽ പഠനം നടത്തുന്നത് ഇടതുപക്ഷസഹയാത്രികരോ, ഇടതുപക്ഷക്കാരോ ആണെന്നത് ഒരു യാഥാർത്ഥ്യമാണ്. ഗാന്ധിജിയുടെ പൈതൃകം തങ്ങളുടെ രാഷ്ട്രീയ പ്രസ്ഥാനത്തിന് അവകാശപ്പെടുന്നവർ ഗാന്ധിജിയെത്തന്നെ കയ്യൊഴിഞ്ഞിട്ട് കാലമേറെയായിരിക്കുന്നു. ഗുരുവിന്റെ ഏറ്റവും വലിയ നിന്ദകരായി ഗുരുവിന്റെ അനുയായികളും മാറിയിരിക്കുന്നു. ഗാന്ധിവധത്തിലൂടെ ചരിത്രത്തിൽ വികൃതമായി അടയാളപ്പെടുത്തപ്പെട്ട ഹിന്ദുത്വവാദികളാകട്ടെ അദ്ദേഹത്തെ നിരന്തരം വധിച്ചുകൊണ്ടിരിക്കുന്നു! അതെന്തുതന്നെയായാലും ഗാന്ധി-ഗുരു പഠനങ്ങളിൽ വ്യാപൃതരായിരിക്കുന്ന ഇടതുപക്ഷക്കാരുടെ നിലപാടുകളെയും സംശയദൃഷ്ട്യാ വീക്ഷിക്കുന്നവരാണ് കുറേപ്പേരെങ്കിലും. നവമുതലാളിത്തത്തെയും വർഗ്ഗീയ ഫാസിസത്തെയും ഇന്നത്തെ ഇന്ത്യനവസ്ഥയിൽ നേരിടുന്നതിനുള്ള ഒരു ആയുധമായാണ് ഇവരിരുവരെയും ഇടതുപക്ഷം ഉയർത്തിക്കാട്ടുന്നത് എന്ന യാഥാർത്ഥ്യത്തെ വിമർശകർ കാണാതെ പോകുന്നു. ഇക്കാര്യത്തിലുള്ള ഇടതുപക്ഷത്തിന്റെ ആത്മാർത്ഥതയെങ്കിലും സംശയിക്കാതിരിക്കുന്നതിനുള്ള ഔചിത്യം അതിന്റെ വിമർശകർ കാട്ടേണ്ടതുണ്ട്. വിമർശനങ്ങൾക്ക് അതീതനാണ് ഗാന്ധിജിയെന്നോ, അദ്ദേഹത്തിന്റെ ദർശനം എല്ലാക്കാലത്തേക്കും പാകമാകുമെന്നോ കരുതുകവയ്യ. ഗാന്ധിയൻ ദർശനത്തിലെ വൈരുദ്ധ്യങ്ങളെ ഇഴപിരിച്ച് പരിശോധിക്കാതെ ഇന്നത്തെക്കാലത്ത് മുന്നോട്ടുപോവുക സാധ്യമല്ല. ഇതിനർത്ഥം, ഹിന്ദുത്വതീവ്രവാദികൾ ഒരു അനുഷ്ഠാനമെന്നതുപോലെ എക്കാലവും പിന്തുടരുന്ന ഗാന്ധിജി, വിമർശനതലത്തിൽ മാത്രം വിലയിരുത്തപ്പെടണമെന്നല്ലതന്നെ.

ഗാന്ധിവധവുമായി ബന്ധപ്പെട്ട് ഗോഡ്സെ ഉൾപ്പെടെയുള്ള ഗാന്ധിഘാതകർ കോടതിയിൽ ഒട്ടേറെ ന്യായീകരണങ്ങൾ നികത്തുകയുണ്ടായി. ഇന്ത്യയുടെ വിഭജനവും ഗാന്ധിജിയുടെ നിർബന്ധം മൂലം പാകിസ്ഥാന് 55 കോടിരൂപ ഇന്ത്യാ ഗവൺമെന്റ് നൽകേണ്ടിവന്നതുമാണ് ഗാന്ധിവധത്തിലേക്ക് തങ്ങളെ നയിച്ചതെന്നും അവർ പ്രസ്താവിക്കുകയുണ്ടായി. ഇത് തികച്ചും വ്യാജപ്രസ്താവമായിരുന്നുവെന്ന് പിൽക്കാലത്ത് തെളിയിക്കപ്പെടുകയുണ്ടായി. 1934-ലും 1944-ലും 1946-ലും ഗാന്ധിവധത്തിനായി ഹിന്ദുത്വശക്തികൾ വിഫലമായ പരിശ്രമങ്ങൾ നടത്തിയിരുന്നു. ഹിന്ദുമതത്തിന്റെ ഹിംസാത്മകതയെയും കരുത്തിനെയും നഷ്ടപ്പെടുത്തുന്നതിനുള്ള പരിശ്രമം ഗാന്ധിജിയുടെ ഭാഗത്തുനിന്നും ഉണ്ടായതായി ഗാന്ധിഘാതകർ ആരോപിച്ചിരുന്നു. ഈ ആരോപണങ്ങളിലെല്ലാംതന്നെ ഗാന്ധിവധത്തിന്റെ പിന്നിലെ പ്രേരണാഘടകങ്ങൾ വർത്തിച്ചിരുന്നു. ആത്യന്തികമായി, ഹിന്ദുരാഷ്ട്രവാദത്തിന് എതിരെ നിലയുറപ്പിച്ചിരുന്ന ഗാന്ധിജിയാണ് വധിക്കപ്പെട്ടത് എന്നു പറയാവുന്നതാണ്.

1915-ൽ ദക്ഷിണാഫ്രിക്കയിൽ നിന്നും ഇന്ത്യയിലെത്തിയ ഗാന്ധിജി തീവ്രമായൊരു പ്രത്യയശാസ്ത്ര സംവാദത്തിന് വഴിതുറന്നുവെന്നു കാണാം. അതുവരെയും തിലകന്റെ നേതൃത്വത്തിൽ നടന്നിരുന്ന ഹിന്ദുരാഷ്ട്രസങ്കല്പവാദത്തെ വഴിതിരിച്ചുവിട്ട്, ഇന്ത്യൻ ജനതയെ ജാതിമതാതീതമായി ബ്രിട്ടീഷ് വിരുദ്ധ ഏകീകരണത്തിന് അദ്ദേഹം തുടക്കംകുറിച്ചു. യഥാർത്ഥത്തിൽ, ഗാന്ധിജി തുറന്നത് ഒരു പുതിയ സംവാദപരിസരമായിരുന്നില്ല. 1900-ത്തിനു മുമ്പു തന്നെ അത്തരത്തിലൊരു പ്രത്യയശാസ്ത്രസംവാദം ഇവിടെ നടന്നിരുന്നു. ബ്രിട്ടീഷുകാരിൽ നിന്നും സ്വതന്ത്രമാവുന്ന ഇന്ത്യയുടെ രാഷ്ട്രീയഘടനയെക്കുറിച്ച് അത്തരം സംവാദങ്ങൾ സജീവമായിരുന്നു. 1923-ൽ പ്രസിദ്ധീകരിക്കപ്പെട്ട, സവർക്കറുടെ **ഹിന്ദുത്വ:**



മഹാത്മാഗാന്ധി



ശ്രീനാരായണഗുരു

**ആരാണു ഹിന്ദു!** എന്ന ലഘുലേഖ ഈ സംവാദ പരിസരത്തെ കൂടുതൽ വിപുലമാക്കുകയാണുണ്ടായത്. പുതിയൊരു ഹിന്ദുരാഷ്ട്രസങ്കല്പനത്തിന് വഴിമരുന്നിട്ട പ്രസ്തുത ലഘുലേഖ ബ്രിട്ടീഷുകാരുടെ അറിവോടും ഒത്താശയോടും കൂടിയാണ് പുറത്തുവന്നതെന്ന് *റോബർട്ട് പെയ്നിനെ*പ്പോലുള്ള പണ്ഡിതന്മാർ കരുതുകയുണ്ടായി.

ചുരുക്കത്തിൽ,സ്വാതന്ത്ര്യപ്രാപ്തിക്കുശേഷമുള്ള ഇന്ത്യൻ ഭരണകൂടസ്വഭാവത്തെ സംബന്ധിച്ച് വ്യത്യസ്തവും വിഭിന്നവുമായ ചിന്താധാരകൾ രൂപപ്പെട്ടിരുന്നു. അവയിൽ പ്രധാനം ഗാന്ധിജിയുടെയും നെഹ്റുവിന്റെയും മറ്റും നേതൃത്വത്തിലുണ്ടായിരുന്ന കോൺഗ്രസിന്റെ വീക്ഷണമായിരുന്നു. ഭാഷാപരവും സാംസ്കാരികവും ദേശപരവുമായ വ്യത്യസ്തതകളെ പരിഗണിച്ച് അത്തരം ബഹുസ്വരതകളെ മുഴുവൻ അംഗീകരിച്ചുകൊണ്ടുള്ള ഒരു മതേതരജനാധിപത്യറിപ്പബ്ലിക് ആയിരിക്കണം സ്വാതന്ത്ര്യപ്രാപ്തിക്കുശേഷമുള്ള ഇന്ത്യ എന്നതായിരുന്നു അവരുടെ വീക്ഷണം. ഇന്ന് തെറ്റായി വ്യാഖ്യാനിക്കപ്പെടുന്നതുപോലെ അക്കാല കമ്മ്യൂണിസ്റ്റുകൾ ഈ വീക്ഷണപദ്ധതിയെ എതിർത്തിരുന്നില്ല. എന്നാൽ മതേതരജനാധിപത്യ റിപ്പബ്ലിക് സ്ഥാപിക്കപ്പെടുന്നതോടുകൂടി രാഷ്ട്രീയമായ കടമകൾ അവസാനിക്കുന്നതായി കമ്യൂണിസ്റ്റുകാർ കരുതിയില്ല. ബ്രിട്ടീഷ് സർക്കാരിൽ നിന്നും ലഭിക്കുന്ന രാഷ്ട്രീയസ്വാതന്ത്ര്യം ഓരോ ഇന്ത്യാക്കാരന്റെയും സാമ്പത്തികസ്വാതന്ത്ര്യമായിക്കൂടി പരിണമിച്ച് സോഷ്യലിസത്തിലേക്ക് പരിവർത്തനം ചെയ്യപ്പെടണമെന്നായിരുന്നു കമ്മ്യൂണിസ്റ്റുകളുടെ വാദം. ഇതിനർത്ഥം, മതേതരജനാധിപത്യ റിപ്പബ്ലിക് സ്ഥാപനത്തിന് അവരും അനുകൂലമായിരുന്നു എന്നുതന്നെയാകുന്നു.

പ്രത്യക്ഷത്തിൽ വ്യത്യസ്തമായ ഈ ആശയഗതികൾക്കു വിരുദ്ധമായി, രാഷ്ട്രസ്വഭാവം മതത്തിന്റേതായിരിക്കണമെന്നായിരുന്നു സവർക്കർ ഉൾപ്പെടെയുള്ള ഹിന്ദുത്വവാദികളുടെയും അവരെ പിന്തുണച്ചിരുന്ന ആർ.എസ്.എസിന്റെയും അഭിപ്രായം. ജിന്നയുടെ ഇസ്ലാമികറിപ്പബ്ലിക് എന്ന ആശയം രൂപപ്പെടുന്നത് ഈ പശ്ചാത്തലത്തിലാണ്. സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം വിഭജനം പൂർത്തിയാവുകയും പാകിസ്ഥാൻ എന്ന ഇസ്ലാംരാഷ്ട്രം നിലവിൽ വരികയും ചെയ്തു. എന്നാൽ, ഗാന്ധിജിയുടെയും നെഹ്റുവിന്റെയും മറ്റും നിലപാടുകൾമൂലം പാകിസ്ഥാനെപ്പോലെ ഇന്ത്യ ഒരു മതരാഷ്ട്രമായി മാറിയില്ല. എന്തുകൊണ്ട് ഇസ്ലാമികരാഷ്ട്രമായ പാകിസ്ഥാനെപ്പോലെ ഒരു ഹിന്ദുമതരാഷ്ട്രമായി ഇന്ത്യമാറുന്നില്ല എന്ന ചോദ്യമായിരുന്നു ഹിന്ദുത്വവാദികൾ ഉയർത്തിയത്. ഒരു ഹിന്ദുരാഷ്ട്രമായി ഇന്ത്യയെ പ്രഖ്യാപിപ്പിക്കുന്നതിനുള്ള അണിയറനീക്കങ്ങൾ ഹിന്ദുത്വവാദികൾ നടത്തിയെങ്കിലും ദേശീയപ്രസ്ഥാനത്തിന്റെ ഉറച്ച നിലപാടുമൂലം അതു സാധ്യമായില്ല.

ജാതിമതങ്ങൾക്ക് അതീതമായി ഇന്ത്യൻ ജനതയിൽ ദേശീയതാബോധവും ദേശസ്നേഹവും ഉണ്ടാകണമെന്നായിരുന്നു ദേശീയപ്രസ്ഥാനത്തിന് നേതൃത്വം നൽകിയിരുന്ന ഗാന്ധിജിയുടെയും മറ്റും നിലപാടുകൾ. ഒരു രാജ്യത്തെ മുഴുവൻ ജനങ്ങളും ഒരു മതത്തിൽ വിശ്വസിക്കുന്നു എന്നതുകൊണ്ട് ആ രാജ്യം ഒരു മതരാഷ്ട്രമാകരുത് എന്നതായിരുന്നു ഗാന്ധിജിയുടെ പക്ഷം. ജൂതരാഷ്ട്രമെന്ന നിലയിൽ രൂപീകരിക്കപ്പെട്ട ഇസ്രായേൽ രാജ്യസ്ഥാപനത്തെ ഗാന്ധിജിയുൾപ്പെടെയുള്ള ദേശീയനേതാക്കൾ എതിർത്തിരുന്നു എന്നതും ഓർമ്മിക്കേണ്ടതുണ്ട്. മതത്തിലും അതുമായി ബന്ധപ്പെട്ട വിശ്വാസങ്ങളിലും ഒതുങ്ങിനിൽക്കാത്ത ദേശീയതയാണ് ഉയർന്നുവരേണ്ടതെന്നും അതിലൂടെ മാത്രമെ ഇന്ത്യ പരമോന്നതിയിൽ എത്തുകയുള്ളുവെന്നും ഗാന്ധിജി നിരന്തരം

വാദിച്ചുപോന്നു. നിശ്ചയമായും ഹിന്ദുമതരാഷ്ട്രവാദവുമായി നിലയുറപ്പിച്ചിരുന്ന ഹിന്ദുത്വവാദികളുടെ ചിന്താപരിസരവുമായി അദ്ദേഹത്തിന്റെ നിലപാടുകൾ നിരന്തരം കലഹിച്ചുപോന്നു. ഈ വൈരുദ്ധ്യങ്ങളാണ് ഗാന്ധിവധത്തിലേക്ക് ഹിന്ദുത്വവാദികളെ എത്തിച്ചത് എന്ന് സാമാന്യമായി പറയാവുന്നതാണ്. ഗാന്ധിവധത്തിന്റെ കാരണങ്ങൾ കോടതിമുമ്പാകെ നിരത്തിയ ഗോഡ്സെയുടെ മനസ്സിൽ ഈ ചിന്തകൾ എത്രത്തോളം സ്വാധീനം ചെലുത്തിയിരുന്നു എന്നു ചിന്തിക്കുന്നത് കൗതുകകരമാണ് എന്നു ആലോചിക്കുക.

എന്നാൽ ജാതിമതാതീതമായി ഇന്ത്യൻ ജനതയുടെ മുഴുവൻ ഏകീകരണം ബ്രിട്ടീഷ് വിരുദ്ധമായി സംഘടിപ്പിക്കുന്നതിൽ വിജയം കാണുകയും സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം ഒരു മതരാഷ്ട്ര സങ്കല്പത്തോട് പുറം തിരിഞ്ഞുനിൽക്കുകയും ചെയ്ത ഗാന്ധിജി താനൊരു സനാതനഹിന്ദുവാണെന്നും രാമരാജ്യമാണ് തന്റെ സങ്കല്പത്തിലെ രാജ്യമെന്നും മറ്റും നിരന്തരം പറഞ്ഞുപോന്നു! 1920-കളിൽ, മതത്തെയും രാഷ്ട്രീയത്തെയും കൂട്ടിയിണക്കുന്നതിനാണ് താൻ പരിശ്രമിച്ചുകൊണ്ടിരിക്കുന്നതെന്നു പ്രഖ്യാപിച്ച ഗാന്ധിജി, 1940-കളുടെ അവസാനമായപ്പോൾ തനിക്ക് ഒരു മണിക്കൂർ അധികാരം കിട്ടിയാൽ മതത്തെയും രാഷ്ട്രീയത്തെയും പരസ്പരം കൂട്ടിയിണക്കാതെ അവയെ വ്യത്യസ്തമായിത്തന്നെ നിലനിറുത്തുമെന്നും പ്രഖ്യാപിക്കുകയുണ്ടായി. മറ്റു പലകാര്യങ്ങളിലും സ്വന്തം നിലപാടുകളും അഭിപ്രായങ്ങളും നിരന്തരം മാറ്റിക്കൊണ്ടിരുന്ന ഗാന്ധിജിയെ നമുക്കുകാണാം. **അകീൽ ബിൽഗ്രാമി** പറഞ്ഞിട്ടുള്ളതുപോലെ നിരന്തരം മാറിക്കൊണ്ടിരുന്ന ആളായിരുന്നു ഗാന്ധിജി. അദ്ദേഹം സ്ഥിരമായി ഒരിടത്ത് നിലയുറപ്പിച്ചിരുന്നില്ല. അതേസമയം, താനൊരു സനാതനഹിന്ദുവാണെന്നും തന്റെ സ്വപ്നം രാമരാജ്യമാണെന്നുമുള്ള കാര്യത്തിൽ അദ്ദേഹം എക്കാലവും ഉറച്ചു നിൽക്കുകയും ചെയ്തു! അക്കാര്യത്തിൽ അദ്ദേഹം ഒരിടത്ത് സ്ഥിരമായി നിലയുറപ്പിച്ചുവെന്നു സാരം.

ഗാന്ധിജിയുടെ ചിന്തകളിൽ ഈ വൈരുദ്ധ്യം നമുക്കു പിന്നെയും കാണാം. ഭഗവദ്ഗീതയിൽ അദ്ദേഹം കണ്ടെത്തിയത് അഹിംസാസിദ്ധാന്തവും കർമ്മാനുഷ്ഠാനപ്രേരിത ചിന്തകളുമാണ്. **ഇർഫാൻ ഹബീബ്** നിരീക്ഷിച്ചിട്ടുള്ളതുപോലെ, ഗീതയിലില്ലാത്തതെല്ലാം അദ്ദേഹം ഗീതയിൽ കണ്ടെത്തി!

ബന്ധുജനങ്ങളുമായുള്ള യുദ്ധത്തിൽ നിന്നു പിൻമാറാൻ പരിശ്രമിക്കുന്ന അർജ്ജുനനിൽ യുദ്ധോദ്യുക്തത ആവോളം നിറച്ച് അയാളെ യുദ്ധപ്രേരിതനാക്കുന്ന കൃഷ്ണന്റെ ഭാഷണമാണ് ഗീതയുടെ ആത്യന്തികപ്പൊരുൾ എന്നു പറയാം. ഇതിന് കൃഷ്ണൻ കൂട്ടുപിടിക്കുന്നത് കർമ്മസിദ്ധാന്തത്തെയാണ്. കർമ്മമെന്നത് സഹജവും ജന്മനിശ്ചിതവുമാണ്. ക്ഷത്രിയനായ അർജ്ജുനന്റെ സഹജമായ ഗുണമാണ് യുദ്ധം ചെയ്യുക എന്നത്. ഗീതയിലെ കൃഷ്ണവചനങ്ങൾ അതാണ് ആവർത്തിക്കുന്നത്. അങ്ങനെ, ചാതുർവർണ്യം നിർണയിച്ചിട്ടുള്ള സഹജകർമ്മങ്ങളെ അനുഷ്ഠിക്കുവാൻ പ്രേരിപ്പിക്കുന്ന ഗീതാവാക്യങ്ങൾ ഗാന്ധിജിയെ സംബന്ധിച്ച് അഹിംസയുടെ തത്ത്വശാസ്ത്രമാകുന്നു! ഇത്തരം വൈരുദ്ധ്യങ്ങൾ അദ്ദേഹത്തിൽ പിന്നെയും കാണുവാനാകും. അതുകൊണ്ടാണ്, മതരാഷ്ട്രവാദത്തെ എതിർത്തിരുന്നപ്പോഴും താനൊരു സനാതനഹിന്ദുവാണെന്ന് അദ്ദേഹം അവകാശപ്പെട്ടുപോന്നത്. ഹിന്ദുത്വവാദികളായിരുന്ന സവർക്കറും ഹെഡ്ഗെവാറും ഗോൾവൽക്കറും ഗീത വായിച്ചതുപോലെയല്ല ഗാന്ധിജി ഗീത വായിച്ചത് എന്ന വാദത്തിനുവേണ്ടി സമർത്ഥിക്കാമെങ്കിലും ഹിന്ദുത്വവാദികളുടെയും ഗാന്ധിജിയുടെയും ആരാദ്ധ്യമായ വിശിഷ്ടഗ്രന്ഥം തന്നെയായിരുന്നു അത് എന്നതാണു യാഥാർത്ഥ്യം.


ബാലഗംഗാധരതിലകൻ


അകീൽ ബിൽഗ്രാമി


ഇർഫാൻ ഹബീബ്

മതസൗഹാർദ്ദത്തിനുവേണ്ടി നിലയുറപ്പിച്ചിരുന്ന, മതരാഷ്ട്രവാദത്തിന് എതിരായിരുന്ന ഗാന്ധിജി ഒരു സനാതനഹിന്ദുവും രാമരാജ്യം സ്വപ്നം കണ്ട വ്യക്തിയുമായിരുന്നു. മുമ്പു സൂചിപ്പിച്ചതുപോലെ, സനാതനഹിന്ദു എന്ന് സ്വയം അവകാശപ്പെടുന്ന ഒരു വ്യക്തിക്ക് ചാതുർവർണ്യശാസനകളെ പിന്തുണയ്ക്കാതിരിക്കുക എന്നത് അസാധ്യമാണ്. അതുപോലെ, രാമരാജ്യം സ്വപ്നം കാണുന്ന ഒരു വ്യക്തിയുടെ ബോധപരിസരത്ത്, ചുരുങ്ങിയപക്ഷം വാല്മീകിരാമായണത്തിലെ ബ്രാഹ്മണ്യപക്ഷനിലപാടുകളെ പിന്തുണയ്ക്കുന്ന പരാമർശങ്ങളും സ്വാധീനം ചെലുത്തി

യിരുന്നിരിക്കണം. തന്റെ രാമൻ ദശരഥപുത്രനായ, സീതാപതിയായ, അയോദ്ധ്യാധിപതിയായ രാമനല്ലെന്നും അത് തന്റെ സത്യബോധത്തിന്റെ പ്രകാശനമാണെന്നും അവകാശപ്പെടുന്നതിനുള്ള അധികാരം ഒരു വ്യക്തിക്ക് ഉണ്ടെങ്കിൽ പോലും അത് യാഥാർത്ഥ്യത്തിൽ നിന്നും അകലെയാണ്. ചാതുർവർണ്യാശംസനകളെയും ബ്രാഹ്മണ്യത്തെയും ഏറെ വാഴ്ത്തിയ മഹാകാവ്യമായ രാമായണത്തിലെ നായകകഥാപാത്രമായ രാമൻ പ്രതിനിധാനം ചെയ്യുന്നത് ഏത് ചിന്താപരിസരത്തെയാണ് എന്നു കണ്ടെത്തുവാൻ ഏറെ ക്ലേശിക്കേണ്ടതില്ല. ഈ പശ്ചാത്തലത്തിൽ രാമരാജ്യം സ്വപ്നം കണ്ടിരുന്ന ഗാന്ധിജിയുടെ മതസങ്കല്പം ആധുനികതയുമായി എത്രത്തോളം ഇണങ്ങുന്നതായിരുന്നു എന്നും ആലോചിക്കുക.

ഇതിനർത്ഥം, ഹിന്ദുത്വവാദികൾ പുലർത്തിപ്പോന്ന മതരാഷ്ട്രസങ്കല്പങ്ങളാണ് ഗാന്ധിജിയും പുലർത്തിയിരുന്നത് എന്നല്ല. ഹിന്ദുത്വവാദികളെ സംബന്ധിച്ചിടത്തോളം മതവും രാഷ്ട്രവും അഭിന്നമാണ്. ഗാന്ധിജിക്ക് ഇതു രണ്ടും ഭിന്നയാഥാർത്ഥ്യങ്ങളായിരുന്നു. അതുകൊണ്ടാണ്, താനൊരു സനാതനഹിന്ദുവാണ് എന്ന് അവകാശപ്പെട്ടിരുന്നപ്പോഴും ദേശരാഷ്ട്രത്തെ ഒരു മതരാഷ്ട്രമാക്കി മാറ്റുന്നതിനെ അദ്ദേഹം എതിർത്തത്. ഗാന്ധിജിയെ സംബന്ധിച്ച് മതമെന്നത് വ്യക്തിപരമായ ഒരു യാഥാർത്ഥ്യമായിരുന്നപ്പോഴും ഭിന്നമതസ്ഥർ ജീവിക്കുന്ന ഒരു രാജ്യത്ത് മതത്തിന് വ്യക്തിപരമായ സ്ഥാനം മാത്രമെ ഉണ്ടായിരുന്നുള്ളൂ. മതത്തിന് തനതായ ഒരു ധാർമ്മികശക്തിയുള്ളതായും അത് വ്യക്തിജീവിതത്തിൽ സ്വാധീനം ചെലുത്തണമെന്നും അദ്ദേഹം കരുതിയിരുന്നു. ഒരു സനാതനഹിന്ദുവായിരുന്നപ്പോഴും മതസൗഹാർദ്ദത്തിന്റെ പതാകാവാഹകനാകുന്നതിന് അദ്ദേഹത്തിന് സാധ്യമായത് അങ്ങനെയാണ്. ഹിന്ദുത്വവാദികളിൽ നിന്നും വിഭിന്നമായ മതസങ്കല്പം പുലർത്തിയിരുന്ന ഗാന്ധിജിയെ ഉന്മൂലനം ചെയ്യുന്നതിന് ഹിന്ദുത്വവാദികളെ പ്രേരിപ്പിച്ചത് മതസങ്കല്പത്തിലെ ഈ വിഭിന്നതമൂലമാണ്. അതേസമയം, ഗാന്ധിജിയുടെയും ഹിന്ദുത്വവാദികളുടെയും മതസങ്കല്പനങ്ങൾ തമ്മിലുള്ള അതിരുകൾ വളരെ ലോലമാണ് എന്നും പറയേണ്ടിവരുന്നു. ഗാന്ധിയൻ മതസങ്കല്പം പുലർത്തുന്ന ഒരു വ്യക്തിക്ക് വളരെ എളുപ്പം ഹിന്ദുത്വവാദികളുടെ മതസങ്കല്പത്തിൽ എത്തിച്ചേരുവാൻ കഴിയുന്നതാണ്. സ്വാതന്ത്ര്യപ്രാപ്തിക്കുശേഷമുള്ള ഇന്ത്യയിൽ അതിന്റെ തെളിവുകൾ നമുക്കുചുറ്റും തന്നെയുണ്ട്!

ആത്യന്തികമായി, മതസങ്കല്പനങ്ങൾ അകമേ പേറുന്ന വൈരുദ്ധ്യങ്ങളാണ് ഇതിനു കാരണമാകുന്നത്. മതത്തിന്റെയും ജാതിയുടെയും പേരിൽ 'ശ്രേണീകൃതമായ അസമത്വം' ഉണ്ടാവുക എന്നത് മതത്തിന്റെ അടിസ്ഥാനസ്വഭാവമായി നിലനിൽക്കുന്നു. ആധുനിക ജാതിഹിന്ദുമതത്തെ സംബന്ധിച്ച് ഇപ്പറഞ്ഞ ശ്രേണീകൃതമായ അസമത്വം പേറുന്ന ജാതി അതിന്റെ സഹജപ്രതിഭാസമാണ്. ഒരേസമയം മതവിശ്വാസിയും ജാതിവിരുദ്ധനുമാവുക എന്നത് ഹിന്ദുമതത്തിൽ സാധ്യമായ ഒന്നല്ല. അസാധ്യമായ ഈ കർമ്മം ജീവിതത്തിലെമ്പാടും അനുഷ്ഠിക്കുന്നതിനാണ് ഗാന്ധിജി പരിശ്രമിച്ചത്. ഗാന്ധിയൻചിന്തകളുടെ ഈ പരിമിതിയെ മറികടക്കുവാൻ പരിശ്രമിച്ചവരിൽ പ്രമുഖനായിരുന്നു ശ്രീനാരായണഗുരു. **സാഹോദര്യം** എന്ന ആശയം കൊണ്ടാണ് ഗുരു അതിനു പരിശ്രമിച്ചത്. ഗുരു ഉയർത്തിക്കാട്ടിയ ആശയാവലികളുടെ ആത്യന്തികമൂല്യവും അതുതന്നെയാകുന്നു.

**തന്റെ രാമൻ ദശരഥപുത്രനായ, സീതാപതിയായ,അയോദ്ധ്യാധിപതിയായ രാമനല്ലെന്നും അത് തന്റെ സത്യബോധത്തിന്റെ പ്രകാശനമാണെന്നും അവകാശപ്പെടുന്നതിനുള്ള അധികാരം ഒരു വ്യക്തിക്ക് ഉണ്ടെങ്കിൽ പോലും അത് യാഥാർത്ഥ്യത്തിൽ നിന്നും അകലെയാണ്. ചാതുർവർണ്യാശംസനകളെയും ബ്രാഹ്മണ്യത്തെയും ഏറെ വാഴ്ത്തിയ മഹാകാവ്യമായ രാമായണത്തിലെ നായകകഥാപാത്രമായ രാമൻ പ്രതിനിധാനം ചെയ്യുന്നത് ഏത് ചിന്താപരിസരത്തെയാണ് എന്നു കണ്ടെത്തുവാൻ ഏറെ ക്ലേശിക്കേണ്ടതില്ല. ഈ പശ്ചാത്തലത്തിൽ രാമരാജ്യം സ്വപ്നം കണ്ടിരുന്ന ഗാന്ധിജിയുടെ മതസങ്കല്പം ആധുനികതയുമായി എത്രത്തോളം ഇണങ്ങുന്നതായിരുന്നു എന്നും ആലോചിക്കുക.**

**രണ്ട്**

ശിവഗിരി ആശ്രമം സന്ദർശിച്ച വേളയിൽ ഗാന്ധിജി ഗുരുവുമായി നടത്തിയ സംവാദം ഏറെ പ്രശസ്തമാണ്. ജീവിച്ചിരുന്നപ്പോഴും ജീവിതാനന്തരവും ഏറെ ദുർവ്യാഖ്യാനം ചെയ്യപ്പെട്ട ഈ സമാ

ഗമം നടന്നത് 1925 ലാണ്. ജാതിമതഭേദങ്ങൾക്ക് അതീതമായി മനുഷ്യർ 'സോദരത്വേന' വാഴണ മെന്ന പ്രഖ്യാപനമാണ് 1888 ലെ അരുവിപ്പുറം പ്രതിഷ്ഠയിലൂടെ ഗുരു നടത്തിയത്. അവിടെ യൊന്നും താൻ ജനിച്ച ജാതിയുടെയൊ, മതത്തി ന്റെയൊ വക്താവായല്ല ഗുരു രംഗപ്രവേശം ചെയ്തത്. പിൽക്കാലത്ത് ജാതി, മതചിന്തകൾക്ക തീതമായി മനുഷ്യൻ എന്ന ത്ര്യക്ഷരിയിലേക്ക് ഗുരു ദർശനം വളരുകയും ചെയ്തു. അങ്ങനെ വളർന്ന ഗുരുവിനെയാണ് ഗാന്ധിജി സന്ദർശിച്ചത്.

ഗാന്ധിജിയുടെയും ഗുരുവിന്റെയും മതസങ്കല്പ നങ്ങളിൽ വളരെയേറെ വൈരുദ്ധ്യങ്ങൾ ഉണ്ടായി രുന്നു എന്നതാണു യാഥാർത്ഥ്യം. ഇത് പ്രസ്തുത സമാഗമവേളയിൽ തെളിയുകയുമുണ്ടായി. ഗാന്ധി ജിയെ സംബന്ധിച്ചിടത്തോളം താൻ ജനിച്ച മത മായ ഹിന്ദുമതത്തിന് 'സനാതനമായമൂല്യങ്ങൾ' ഉണ്ടായിരുന്നു. ചാതുർവർണ്യം, പുനർജന്മം, ബ്രാഹ്മണ–വൈദീകഗ്രന്ഥങ്ങളുടെ പവിത്രതയും ആധികാരികതയും ജാതിസമ്പ്രദായം തുടങ്ങിയ വിഷയങ്ങളിൽ അദ്ദേഹം പുലർത്തിയിരുന്ന നില പാടുകൾ സ്ഥിരസ്വഭാവമുള്ളതും ബ്രാഹ്മണിക്കൽ മതാശയങ്ങളോടു ചേർന്നുനിൽക്കുന്നതുമായിരുന്നു. ഗാന്ധിജിയുടെ ഈ നിലപാടുകളുടെ വിരുദ്ധ ധ്രുവ ത്തിലായിരുന്നു ഗുരുവിന്റെ ബോധ്യങ്ങൾ നിലനി ന്നത്. അതുകൊണ്ടാണ്, 'ഹിന്ദുമതം എന്നൊരു മത മേയില്ലല്ലോ' എന്ന യാഥാർത്ഥ്യബോധത്തിലേക്ക് ഗുരു എത്തിച്ചേർന്നത്. വേദങ്ങളുടെ അപൗരുഷേ യതാസങ്കല്പനത്തെയൊ, ഗീതയിലെ ചാതുർവർ ണ്യാശയങ്ങളെയൊ ഗുരു പിന്തുണച്ചിരുന്നില്ല.

ഗീതയോടുള്ള ഗുരുവിന്റെ സമീപംതന്നെ ശ്രദ്ധേയമാണ്. ഗീതാകാവ്യത്തിലെ ആശയങ്ങൾ ഗുരുവിന്റെ ചിന്താപദ്ധതികളെ സ്പർശിച്ചിരുന്ന തായി തെളിവില്ല. അതേസമയം ഗുരുശിഷ്യനായി രുന്ന നടരാജഗുരു ഗീതാകാവ്യത്തിന് രചിച്ച ഭാഷ്യ കൃതി ഗുരു കണ്ടിരുന്നതായും അതേക്കുറിച്ച് എതി രഭിപ്രായമൊന്നും അദ്ദേഹം പ്രകടിപ്പിച്ചിരുന്നില്ലാ യെന്നും നടരാജഗുരു രേഖപ്പെടുത്തിയിട്ടുണ്ട്. വ്യത്യ സ്താഭിപ്രായങ്ങളോടും നിരീക്ഷണങ്ങളോടും ഗുരു സ്വീകരിച്ചിരുന്ന സമീപനമാണ് ഇവിടെ സുവ്യക്ത മാകുന്നത്. അതദ്ദേഹം സർവ്വമതസമ്മേളനമുദ്രാവാ ക്യമായി സ്വീകരിക്കുകയും ചെയ്തു. 'വാദിക്കു വാനും ജയിക്കുവാനുമല്ല, അറിയാനും അറിയിക്കു വാനു'മായിരുന്നല്ലോ സർവമതസമ്മേളനസംഘാ ടനം നിർവ്വഹിച്ചത്. ഗുരുവിന്റെ 'ദൈവദശകം'എന്ന രചനയോട് 'സയൻസ്ദശകം'കൊണ്ട് ശിഷ്യപ്രമു ഖനായിരുന്ന സഹോദരൻ അയ്യപ്പൻ പ്രതികരിച്ച പ്പോൾ ഗുരുവിന്റെ നിലപാട് സഹോദരനെ തിരു ത്തുന്നതായിരുന്നില്ല എന്നും അതിനെയും സ്വാഗതം ചെയ്യുന്നതുമായിരുന്നുവെന്നും നമ്മൾ കാണണം. ഇതൊക്കെയും വെളിവാക്കുന്നത്, നടരാജഗുരുവി



നടരാജഗുരു

ന്റെയും സഹോദരന്റെയും അഭിപ്രായങ്ങൾ തന്നെയാ യിരുന്നു ഗുരുവിന്റേതും എന്നു ധരിക്കുന്നവർക്ക് ഗുരു വിനെ ഇനിയും മനസ്സിലായിട്ടില്ല എന്നു മാത്രമെ പറ യുവാനാകൂ. നടരാജഗുരുവിന്റെ ഗീതാകാവ്യസമീപ നത്തോടും സഹോദരന്റെ 'സയൻസ്ദശക'നിലപാടു കളോടും ഗുരു പുലർത്തിയത് തികച്ചും ജനാധിപ ത്യപരവും ഉദാരവുമായ സമീപനമായിരുന്നു എന്ന തുകൊണ്ട് അവരിരുവരുടേയും നിലപാടുകളെ ഗുരു പൂർണ്ണമായും അനുകൂലിച്ചിരുന്നു എന്നല്ലതന്നെ. മത പരിവർത്തനവാദം കൊടുമ്പിരികൊണ്ടിരുന്ന നാളുക ളിൽ അതുസംബന്ധമായുള്ള ഗുരുവിന്റെ നിലപാടു കളിലും ഇത്തരം ജനാധിപത്യപരവും ഉദാരവുമായ സമീപനം കാണാവുന്നതാണ്.

ഏതാണ്ടിതിനു സമാനമാണ് ഗുരുവിനെ ശങ്ക രന്റെ അദ്വൈതസിദ്ധാന്തവുമായി കൂട്ടിയിണക്കുന്നതി നുള്ള ദുർവ്യാഖ്യാനങ്ങളും. ശങ്കരന്റെയും ഗുരുവി ന്റെയും അദ്വൈതദർശനങ്ങളിലെ സാജാത്യവൈജാ ത്യങ്ങൾ ഏറെ തെറ്റിദ്ധരിക്കപ്പെട്ടതാണ്. ഇരുവരു ടെയും ദർശനം അദ്വൈതമായിരുന്നു എന്നതുകൊണ്ട് അതിലെ വൈരുദ്ധ്യങ്ങൾ കാണാതെ പോകരുത്. ഗവൺമെന്റ് നിയോഗിച്ച കമ്മീഷനിലെ ഒരംഗ ത്തിന്റെ, 'അങ്ങയുടെ തത്ത്വശാസ്ത്രമെന്താണ്' എന്ന ചോദ്യത്തിന് ഗുരു നൽകിയ മറുപടി 'നാം ശങ്കരനെ പിന്തുടരുന്നു' എന്നായിരുന്നു, ഈ ചോദ്യവും മറു പടിയും കണ്ട് ഗുരു പിന്തുടർന്നത് ശങ്കരന്റെ അദ്വൈ തസിദ്ധാന്തത്തെയായിരുന്നുവെന്ന് ധരിച്ചുവശായിട്ടു ള്ളവരുണ്ട്! ഗുരുവിന്റെയും ശങ്കരന്റെയും ദർശനനി ലപാടുകൾ ഒന്നെന്നും ഗുരുവിന് സവിശേഷമായ ഒരു ദർശനമില്ലെന്നും വരെ അവർ വാദിച്ചു കളയും! ആധു നിക ഹൈന്ദവഫാഷിസ്റ്റ് കാലഘട്ടത്തിൽ ഇത്തരം വാദങ്ങൾക്ക് ഭൗതീകേതരമായ ഒട്ടേറെ അർത്ഥ തലങ്ങളുണ്ടെന്നത് മറ്റൊരു വിഷയം.



സി.വി.കുഞ്ഞുരാമൻ

പ്രസ്ഥാനത്രയം എന്ന പേരിലറിയപ്പെടുന്ന ഉപനിഷത്തുക്കൾ, ഗീത, ബാദരായണന്റെ ബ്രഹ്മസൂത്രം എന്നിവയാണ് തന്റെ അദ്വൈതസിദ്ധാന്തത്തിന്റെ ആധാരശിലയായി ശങ്കരൻ സ്വീകരിച്ചത്. പ്രസ്ഥാനത്രയത്തിന് ഭാഷ്യം രചിക്കുകവഴി ശ്രുതിയുടെ പരമമായ സിദ്ധാന്തം അദ്വൈതമാണെന്ന് അദ്ദേഹം സമർത്ഥിച്ചു. 'തത്ത്വശാസ്ത്രത്തിൽ നാം ശങ്കരനെ പിന്തുടരുന്നു' എന്ന് നാരായണഗുരു പറഞ്ഞതിലൂടെ, ശ്രുതിയുടെ താല്പര്യം അദ്വൈതമാണെന്ന ശങ്കരദർശനത്തെ ഗുരു അംഗീകരിക്കുന്നു എന്നു മാത്രമേ അർത്ഥമുള്ളൂ. അതേസമയം, ശങ്കരന്റെ അദ്വൈതദർശനത്തിൽ നിന്നുള്ള വഴിമാറിനടക്കൽ ഗുരുവിൽ കാണുവാനാകും. അതുകൊണ്ടുതന്നെ, അമൂർത്തമായ ആത്മസങ്കല്പത്തിൽ നിഷ്ഠമായിരുന്ന ശങ്കരദർശനത്തെ ഗുരു മൂർത്തമായ മനുഷ്യനിൽ പ്രതിഷ്ഠിച്ചു. ദാർശനികരായ പണ്ഡിതന്മാരുടെ ബുദ്ധിശക്തിയുടെ മാറ്റുരയ്ക്കുന്നതിനുള്ള ഉരകല്ലായി ശങ്കരാദ്വൈതം നിന്നുവെങ്കിൽ മനുഷ്യന്റെ ഭൗതികജീവിതത്തിൽ ഗുരുവിന്റെ അദ്വൈതം പ്രതിഷ്ഠിതമായി. വർണ്ണത്തെയും ജാതിയേയും സമീകരിച്ചുകൊണ്ട് ശൂദ്രർക്ക് അപകൃഷ്ടതയുണ്ടെന്ന് ഗീതാഭാഷ്യത്തിൽ ശങ്കരന് പറയേണ്ടിവന്നു എന്നത് ശ്രദ്ധേയമാണ്. ഗുരുവിന്റെ കൃതികളിലെവിടെയും ഇത്തരമൊരു സമീകരണം ഇല്ലെന്നുമാത്രമല്ല ഏതെങ്കിലും ഒരു'ജാതിവിഭാഗ'ത്തിന് എന്തെങ്കിലും അപകൃഷ്ടതയുള്ളതായി പറയുന്നുമില്ല. ജാതി എന്നതിനു പകരം 'ഇനം'എന്നായിരുന്നു മിക്കപ്പോഴും ഗുരു പ്രയോഗിച്ചിരുന്നത്. ഗുരുവിന്റെ മാനദണ്ഡം മനുഷ്യനായിരുന്നു. അവരുടെ സോദരഭാവമായിരുന്നു.

'ജാതിസ്ഥാപിക്കാൻ ശങ്കരാചാര്യർ ബുദ്ധികൊണ്ട് പറന്നിട്ടുണ്ട്' എന്നും 'ബ്രഹ്മസൂത്രവും ഗീതയും എഴുതിയ വേദവ്യാസൻതന്നെ ചാതുർവർണ്യത്തെക്കുറിച്ച് രണ്ടുവിധം പറഞ്ഞിരിക്കുന്നു'വെന്നും ഗുരു പറഞ്ഞത് ഈ പശ്ചാത്തലത്തിലാണ്. വേദജ്ഞാനം നേടിയ ബ്രാഹ്മണനുമാത്രമെ മുക്തി പ്രാപിക്കുവാൻ സാധിക്കൂ എന്ന് ശങ്കരൻ പറഞ്ഞപ്പോൾ അവിടെ വെളിവായത് ശങ്കരദർശനത്തിന്റെ നിശ്ചലാവസ്ഥ കൂടിയാകുന്നു. ഈ നിശ്ചലാവസ്ഥയെ താരതമ്യം ചെയ്യുകയാണ് തന്റെ ദർശനത്തിലൂടെ ഗുരു സാധിച്ചത്. 'ആത്മോപദേശശതക'ത്തിൽ, 'അറിവതിനിങ്ങനെ ആർക്കുമോതിടേണം' എന്ന് ഈ നിശ്ചലാവസ്ഥയെ ഗുരു അതിഗംഭീരമായിത്തന്നെ തരണം ചെയ്യുന്നു. ഇവിടെ, വൈജ്ഞാനികതലത്തിൽ വർത്തിച്ചിരുന്ന ശങ്കരന്റെ അദ്വൈതദർശനത്തെ കാലാനുസൃതമായ പ്രായോഗികദർശനമായി ഗുരു പരിവർത്തിപ്പിക്കുകയാണു ചെയ്തത്. അമൂർത്തമായ ബ്രഹ്മവും മൂർത്തനായ മനുഷ്യനും ഒന്നെന്നും രണ്ടിലും കുടികൊള്ളുന്ന ചൈതന്യം ഒന്നെന്നും സ്ഥാപിച്ചെടുക്കുവാൻ അപകൃഷ്ടതാവാദത്തിനിടയിൽ ശങ്കരൻ വല്ലാതെ പണിപ്പെടുന്നു! ഗുരുവിൽ, ശങ്കരനിലുള്ളതുപോലെ അമൂർത്തമായ ബ്രഹ്മത്തെക്കുറിച്ചുള്ള സങ്കല്പനങ്ങൾ തുലോം തുച്ഛമാണ്. ഗുരുവിന്റെ അദ്വൈതം എന്നത് എല്ലാ മനുഷ്യരിലും കുടികൊള്ളുന്ന ചൈതന്യം ഒന്നുതന്നെയെന്നതായിരുന്നു. അവിടെ വർണമോ, മതമോ, ജാതിയോ ഒന്നും തടസ്സമാകുന്നില്ല. അപരത്വത്തോടുള്ള കരുതലായിരുന്നു ഗുരുവിന്റെ അദ്വൈതപ്പൊരുൾ. ആ നിലയ്ക്ക്, അദ്വൈതിയായിരുന്ന ഗുരുവിന് ആനുഭൂതികമായ ജീവിതദർശനമായിരുന്നു അദ്വൈതം. അതുകൊണ്ടാണ്, ശങ്കരൻ അദ്വൈതവാദിയായിരുന്നപ്പോൾ, ഗുരു അദ്വൈതിയായിരുന്നു എന്നു പറയപ്പെടുന്നത്. ശങ്കരന്റെ അദ്വൈതവാദം ഭൗതികേതരതലത്തിൽ ഒതുങ്ങിനിന്നപ്പോൾ, ഗുരുവിന്റെ അദ്വൈതാനുഭൂതി ഭൗതികജീവിതത്തിന്റെയും ഗതി നിർണ്ണയിക്കുന്ന ഒരു ചിന്താപദ്ധതിയായി പരിണമിച്ചു. അതുകൊണ്ടാണ്, 'ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന്' എന്നും 'മതമേതായാലും മനുഷ്യൻ നന്നായാൽ മതി'എന്നും ഗുരു പറഞ്ഞത്. ഇവിടെയൊ ക്കെയും ഗുരുവന്റെ മാനദണ്ഡം മനുഷ്യനും ചിന്തകൾ മനുഷ്യകേന്ദ്രിതവുമായിരുന്നു.

ഋഗ്വേദം10-ാം മണ്ഡലത്തിലെ ബ്രാഹ്മണ, ക്ഷത്രിയ, വൈശ്യ,ശൂദ്ര ഉല്പത്തിയെക്കുറിച്ചുള്ള പരാമർശമാണ് ചാതുർവർണ്യത്തിന്റെ ആധാരശിലയായി കണക്കാക്കപ്പെടുന്നത്. അതോടൊപ്പം വേദം അപൗരുഷേയമാണെന്നും പറയപ്പെടുന്നു. ഈ രണ്ടു സങ്കല്പനങ്ങളെയും പരിഹസിച്ചുതള്ളുകയാണ് ഗുരു ചെയ്തത്. വേദാധികാരത്തെയും വേദശാസനകളെയും അംഗീകരിക്കാത്തവരെ 'നാസ്തികർ' എന്നു വിശേഷിപ്പിക്കപ്പെടുന്ന പാരമ്പര്യം ഇന്ത്യൻ തത്ത്വചിന്താലോകത്തുണ്ട്. ആ അർത്ഥത്തിൽ ഗുരു ഒരു നാസ്തികനായിരുന്നു! 1925-ൽ സി.വി.കുഞ്ഞുരാമനുമായി ഗുരു നടത്തിയ സംവാദത്തിൽ അദ്ദേഹത്തിന്റെ മതസങ്കല്പവും വേദത്തോടുള്ള സമീപനവും മറ്റും സുവ്യക്തമാക്കുന്നുണ്ട്. അതിലെ പ്രസക്തഭാഗങ്ങൾ ഇങ്ങനെ: "ജീവാത്മാക്കൾക്ക് ഊർദ്ധ്വമുഖത്വം ഉണ്ടാക്കുവാനുള്ള അധികാരമേ മതങ്ങൾക്കുള്ളൂ. അതുണ്ടായിക്കഴിഞ്ഞാൽ സൂക്ഷ്മം അവർ താനേ അന്വേഷിച്ചു കണ്ടെത്തിക്കൊള്ളും.

**ഒരു രാജ്യത്തെ മുഴുവൻ ജനങ്ങളും ഒരു മതത്തിൽ വിശ്വസിക്കുന്നു എന്നതുകൊണ്ട് ആ രാജ്യം ഒരു മതരാഷ്ട്രമാകരുത് എന്നതായിരുന്നു ഗാന്ധിജിയുടെ പക്ഷം. ജൂതരാഷ്ട്രമെന്ന നിലയിൽ രൂപീകരിക്കപ്പെട്ട ഇസ്രായേൽ രാജ്യസ്ഥാപനത്തെ ഗാന്ധിജിയുൾപ്പെടെയുള്ള ദേശീയനേതാക്കൾ എതിർത്തിരുന്നു എന്നതും ഓർമ്മിക്കേണ്ടതുണ്ട്. മതത്തിലും അതുമായി ബന്ധപ്പെട്ട വിശ്വാസങ്ങളിലും ഒതുങ്ങിനിൽക്കാത്ത ദേശീയതയാണ് ഉയർന്നുവരേണ്ടതെന്നും അതിലൂടെ മാത്രമെ ഇന്ത്യ പരമോന്നതിയിൽ എത്തുകയുള്ളുവെന്നും ഗാന്ധിജി നിരന്തരം വാദിച്ചുപോന്നു. നിശ്ചയമായും ഹിന്ദുമതരാഷ്ട്രവാദവുമായി നിലയുറപ്പിച്ചിരുന്ന ഹിന്ദുത്വവാദികളുടെ ചിന്താപരിസരവുമായി അദ്ദേഹത്തിന്റെ നിലപാടുകൾ നിരന്തരം കലഹിച്ചുപോന്നു. ഈ വൈരുദ്ധ്യങ്ങളാണ് ഗാന്ധിവധത്തിലേക്ക് ഹിന്ദുത്വവാദികളെ എത്തിച്ചത് എന്ന് സാമാന്യമായി പറയാവുന്നതാണ്.**



ശ്രീശങ്കരാചാര്യർ

സൂക്ഷ്മാന്വേഷണത്തെ സഹായിക്കുന്ന മാർഗദർശകങ്ങൾ മാത്രമാണു മതങ്ങൾ. സൂക്ഷ്മമറിഞ്ഞവനു മതം പ്രമാണമല്ല, മതത്തിന് അവർ പ്രമാണമാണ്. ബുദ്ധമതം പഠിച്ചാണോ ബുദ്ധൻ നിർവാണമാർഗ്ഗം ഉപദേശിച്ചത്? ബുദ്ധൻ നിർവാണമാർഗ്ഗം ആരാഞ്ഞറിഞ്ഞ് ആ മാർഗ്ഗം ഉപദേശിച്ചു. അതു പിന്നീടു ബുദ്ധമതമായി. ബുദ്ധനു ബുദ്ധമതം കൊണ്ടു പ്രയോജനം ഉണ്ടോ? ക്രിസ്തുവിന് ക്രിസ്തുമതം കൊണ്ടു പ്രയോജനമില്ല. അതുപോലെ മറ്റു മതങ്ങളെക്കുറിച്ചും പറയാവുന്നതാണ്. എന്നാൽ ബുദ്ധമതം കൊണ്ടു ബുദ്ധമതക്കാർക്കും ക്രിസ്തുമതം കൊണ്ടു ക്രിസ്തുമതക്കാർക്കും പ്രയോജനമുണ്ട്. അതുപോലെ എല്ലാ മതങ്ങളും അതതു മതാനുയായികൾക്കു പ്രയോജനമുള്ളവതന്നെ... യഹോവയ്ക്ക് എബ്രായഭാഷയും ബ്രഹ്മാവിന് സംസ്കൃതഭാഷയുമേ നിശ്ചയമുണ്ടായിരുന്നുള്ളോ?... വേദം അപൗരുഷേയം എന്നു പറയുന്നതിനു വേദമന്ത്രങ്ങളുടെ എല്ലാറ്റിന്റെയും കർത്താക്കന്മാർ ആരെന്നു നമുക്കു നിശ്ചയമില്ലെന്നേ അർത്ഥമാക്കേണ്ടൂ. വേദപ്രതിപാദിതങ്ങളായ തത്ത്വങ്ങൾ അപൗരുഷേയങ്ങളാണ് എന്നും അർത്ഥമാക്കാം.... രാജ്യങ്ങൾ തമ്മിലും സമുദായങ്ങൾ തമ്മിലുമുള്ള ശണ്ഠ ഒന്നു മറ്റൊന്നിനെ തോല്പിക്കുമ്പോൾ അവസാനിക്കും. മതങ്ങൾ തമ്മിൽ പൊരുതൽ ഒടുങ്ങാത്തതുകൊണ്ട് ഒന്നിനു മറ്റൊന്നിനെ തോൽപ്പിക്കുവാൻ കഴിയുകയില്ല. ഈ മതപ്പോരിനു അവസാനമുണ്ടാകണമെങ്കിൽ സമയബുദ്ധിയോടുകൂടി എല്ലാമതങ്ങളും എല്ലാവരും പഠിക്കണം. അപ്പോൾ പ്രധാനതത്ത്വങ്ങളിൽ അവയ്ക്കു തമ്മിൽ സാരമായ വ്യത്യാസമില്ലെന്നും വെളിവാകുന്നതാണ്. അങ്ങനെ വെളിപ്പെട്ടു കിട്ടുന്ന മതമാണ് നാം ഉപദേശിക്കുന്ന ഏകമതം. ഹിന്ദുമതം, ക്രിസ്തുമതം എന്നിങ്ങനെ പ്രത്യേകനാമങ്ങളാൽ അറിയപ്പെടുന്ന മതങ്ങളിൽ ചേർന്നിരിക്കുന്നവരിൽ ഒരാൾക്ക് ആ മതത്തിൽ വിശ്വാസമില്ലെന്നുവന്നാൽ അയാൾ ആ മതം മാറുകതന്നെയാണു വേണ്ടത്. വിശ്വാസമില്ലാത്ത മതത്തിൽ ഇരിക്കുന്നതു ഭീരുത്വവും കപടവുമാണ്. അവൻ മതം മാറുന്നത് അവനും നന്നാണ്. അവനു വിശ്വാസമില്ലാത്തതായ മതത്തിനും നന്നാണ്. ഒരു മതത്തിനും ആ മതത്തിൽ അവിശ്വാസികളുടെ സംഖ്യ വർദ്ധിക്കുന്നതു ശ്രേയസ്കരമല്ലല്ലോ...ഹിന്ദുമതം എന്നൊരു മതമേയില്ലല്ലോ, ഹിന്ദുസ്ഥാനനിവാസികളെ ഹിന്ദുക്കൾ എന്നു വിദേശീയർ പറഞ്ഞുവന്നു. ഹിന്ദുസ്ഥാനനിവാസികളുടെ മതം ഹിന്ദുമതം എന്നാണെങ്കിൽ ഹിന്ദുസ്ഥാനത്ത് ഇപ്പോൾ അധിവസിക്കുന്ന ക്രിസ്ത്യാനികളുടെയും മുഹമ്മദീയരുടെയും മതങ്ങളും ഹിന്ദുമതം തന്നെയാ

ണ്. അങ്ങനെ ആരും പറയുന്നുമില്ല; സമ്മതിക്കുന്നുമില്ല. ഇപ്പോൾ ഹിന്ദുമതമെന്നു പറയുന്നതു ക്രിസ്തുമതം, മുഹമ്മദുമതം മുതലായി ഹിന്ദുസ്ഥാനത്തിനു വെളിയിൽ നിന്നുവന്ന മതങ്ങൾ ഒഴിച്ചു ഹിന്ദുസ്ഥാനത്തിൽ തന്നെ ഉദ്ഭവിച്ചിട്ടുള്ള മതങ്ങളുടെ പൊതുപേരാകുന്നു. അതുകൊണ്ടാണു ബുദ്ധമതം, ജൈനമതം മുതലായവയും ഹിന്ദുമതം തന്നെയെന്നു ചിലർ പറയുന്നത്. വൈദീകമതം, പൗരാണികമതം, സാംഖ്യമതം, വൈശേഷികമതം, മീമാംസകമതം, ദ്വൈതമതം, അദ്വൈതമതം, വിശിഷ്ടാദ്വൈതമതം, ശൈവമതം, ശാക്തേയമതം, വൈഷ്ണവമതം എന്നിങ്ങനെ പ്രത്യക്ഷത്തിൽ വിഭിന്നങ്ങളായിരിക്കുന്ന അനേകം മതങ്ങൾക്കു എല്ലാറ്റിനും കൂടി പൊതുപ്പേരു പറയുന്നതു യുക്തിഹീനമല്ലെങ്കിൽ, മനുഷ്യജാതിക്കെല്ലാറ്റിനും മോക്ഷപ്രാപ്തിക്കു ഉപയുക്തങ്ങളായി ദേശകാലാവസ്ഥകൾ അനുസരിച്ചു ഓരോ ആചാര്യന്മാർ ഈഷദീഷൽഭേദങ്ങളോടുകൂടി ഉപദേശിച്ചിട്ടുള്ള എല്ലാ മതങ്ങൾക്കും കൂടി ഏകമായ ലക്ഷ്യത്തോടുകൂടിയ 'ഏകമതം' എന്നു പറയുന്നതിൽ എന്തിനാണു യുക്തിഹീനതയെ സംശയിക്കുന്നത്?....ഏകത്വത്തിൽ നാനാത്വവും നാനാത്വത്തിൽ ഏകത്വവും കാണ്മാൻ കഴിയാതെ വന്നതു ആശ്ചര്യമായിരിക്കുന്നു... സാഹോദര്യത്തിനു മുഹമ്മദുമതവും സ്നേഹത്തിനു ക്രിസ്തുമതവും മുഖ്യത കല്പിക്കുന്നു. എന്നാൽ, സാഹോദര്യം സ്നേഹത്തേയും സ്നേഹം സാഹോദര്യത്തേയും ആശ്രയിച്ചിരിക്കുന്നു എന്നറിയാതെ സാഹോദര്യമാണു ശ്രേഷ്ഠം, അതല്ല സ്നേഹമാണു ശ്രേഷ്ഠം എന്നു വിവാദം ഉണ്ടാകുന്നുവെങ്കിൽ അതിനെ വൃഥാ വിവാദം എന്നല്ലാതെ പറയാൻ തരമുണ്ടോ?...സനാതനധർമ്മങ്ങൾ തുല്യപ്രധാനങ്ങളാണ്. ദേശകാലാവസ്ഥകളാൽ നേരിടുന്ന ആവശ്യങ്ങൾ അനുസരിച്ചു അവയിൽ ഏതിനെങ്കിലും ഒന്നിനു മുഖ്യത കല്പിക്കേണ്ടതു ആവശ്യമായിവരും. ഹിംസ കലശലായിരിക്കുന്ന ദേശകാലങ്ങളിൽ അഹിംസാധർമ്മത്തിനു ബുദ്ധൻ മുഖ്യത കല്പിച്ചു. നബിയുടെ കാലത്ത് അറേബിയായിൽ സാഹോദര്യത്തിനു മുഖ്യത കല്പിക്കേണ്ടതു ആവശ്യമായിരുന്നിരിക്കാം. അതിനാൽ അദ്ദേഹത്തിന്റെ മതത്തിൽ സാഹോദര്യത്തിനു മുഖ്യത കാണുന്നു. ഇന്നു ഇന്ത്യയുടെ ആവശ്യം എന്താണ്? ജാതികൾ തമ്മിലും മതങ്ങൾ തമ്മിലുമുള്ള മത്സരത്തിൽ നിന്നു മോചനം. സമബുദ്ധിയോടും സമഭക്തിയോടും കൂടി എല്ലാ മതങ്ങളെയും എല്ലാവരും പഠിച്ചറിയുവാനും ലഭിച്ച അറിവിനെ പരസ്പരം സ്നേഹപൂർവ്വം വിനിമയം ചെയ്യാനും ശ്രമിക്കട്ടെ. മത്സരം മതം നിമിത്തമല്ല, മദം നിമിത്തമാണെന്ന് അപ്പോൾ മനസ്സിലാവും. ശ്രീനാരായണഗുരുവിന്റെ ഈ വാക്കുകൾക്ക് ഇന്നുള്ള പ്രസക്തി ബോധ്യമാകുന്നതിന് കണ്ണുതുറന്ന് ചുറ്റും ഒന്നു നോക്കിയാൽ മാത്രം മതിയാകും!

എല്ലാ ദാർശനികചിന്താധാരകളെയും 'അനുകമ്പ' എന്ന ആശയത്തിലേക്ക് ഗുരു ഇണക്കി ചേർക്കുകയാണുണ്ടായത്. 'ആത്മോപദേശശതക'ത്തിലൂടെ ജാതി, മതാതീതമായി എല്ലാ മനുഷ്യരുടെയും ഏകത്വമാണ് ഗുരു ലക്ഷ്യമാക്കിയത്.

'പ്രിയമപരന്റെയതെൻപ്രിയം; സ്വകീയ
പ്രിയമപരപ്രിയമിപ്രകാരമാകും
നയമതിനാലെ നരന്നുനന്മ നൽകും
ക്രിയയപരപ്രിയഹേതുവായ് വരേണം'

മറ്റുള്ളവരുടെ യാതൊന്നാണോ അതാണ് എന്റെയും പ്രിയം. എന്റെ പ്രിയം മറ്റുള്ളവരുടെയും പ്രിയമാണ്. ഈ പാരസ്പര്യമാണ് ശരിയായ ധർമ്മം അഥവാ നയം. അതിനാൽ ഏവർക്കും നന്മ ഉളവാകുവാൻ ഉതകുന്ന കർമ്മം തനിക്കെന്നപോലെ സർവർക്കും പ്രിയം നേടിക്കൊടുക്കാൻ പര്യാപ്തമായ കർമ്മമാണ് നീ ചെയ്യേണ്ടത്. അദ്വൈതദർശനത്തെ സദാചാരദർശനമാക്കി മാറ്റുന്ന ഗുരുവിന്റെ വാക്കുകളാണ് ഈ വരികളിൽ പ്രതിഫലിക്കുന്നത്.

'അവനീവനെന്നറിയുന്നതൊക്കെയോർത്താ-
ലവനിയിലാദിമമായൊരാത്മരൂപം'

ഞാനും നീയും അവനും ഹിന്ദുവും ക്രിസ്ത്യാനിയും മുസ്ലീമും നാസ്തികനും ആസ്തികനും തമ്മിൽ ഭേദമില്ല. എല്ലാവരും ഒരേ സത്യത്തിന്റെ ഭിന്ന പ്രകാരരൂപങ്ങളായതിനാൽ,


'അവനവനാത്മസുഖത്തിനാചരിക്കു-
ന്നവയപരന്നുസുഖത്തിനായ് വരേണം'

അദ്വൈതചിന്ത അനുകമ്പയായും അപരസുഖത്തിനായുള്ള കരുതൽ സ്വമതമായും ഇവിടെ മാറുന്നു. ആത്യന്തികമായി, വ്യവസ്ഥാപിതമതങ്ങളുടെ ചട്ടക്കൂടുകളിലൊന്നുമൊതുങ്ങാതെ അനുകമ്പയുടെയും അപരനോടുള്ള കരുതലിന്റെയും സിദ്ധാന്തമായി ഗുരുവിന്റെ മതദർശനം മാറുന്നു. താനൊരു സനാതനഹിന്ദുവാണെന്നും രാമരാജ്യമാണ് തന്റെ സ്വപ്നമെന്നും നിരന്തരം പറഞ്ഞുകൊണ്ടിരുന്ന ഗാന്ധിജിയുടെ മതസങ്കല്പത്തിൽ നിന്നും ഗുരുദർശനം ഏറെ വിഭിന്നമാണ്. അപരമതവിദ്വേഷത്തിൽ അടിയുറച്ച ജാതിഹിന്ദുമതത്തിന്റെ പ്രയോക്താവായിരുന്ന ഗാന്ധിജിക്ക് ഗുരുവിനെ മനസ്സിലാക്കുക എന്നത് അത്ര എളുപ്പമായിരുന്നില്ല. ഇന്നത്തെ കാലത്ത്, വംശീയ, മതവിദ്വേഷം മുഖമുദ്രയാക്കിയിട്ടുള്ള ഹിന്ദുത്വവാദികൾക്ക് ഗുരുദർശനം അപരിചിതമാകുന്നതിൽ അത്ഭുതമില്ല! അത്ഭുതം ഒരു കാര്യത്തിലേയുള്ളൂ, ശ്രീനാരായണദർശനക്കുപ്പായം ധരിച്ചിരിക്കുന്നവരെന്നു സ്വയം അഭിമാനിക്കുന്ന ചിലരെങ്കിലും പ്രസ്തുത ഹിന്ദുത്വവാദികളുടെ പാളയത്തിൽ എത്തിച്ചേർന്നിരിക്കുന്നു!

**മൂന്ന്**

മുമ്പു സൂചിപ്പിച്ചതുപോലെ, ഗാന്ധിജിയുടെയും ഗുരുവിന്റെയും മതസങ്കല്പങ്ങൾ എതിർദിശകളിലാണ് സഞ്ചരിച്ചത്. ഏതൊരു വ്യവസ്ഥാപിതമതത്തിന്റെയും സഹജമായുള്ള പലദോഷങ്ങളിലൊന്നാണ് അപരമതവിദ്വേഷമെന്നത്. ഇതേക്കുറിച്ച് ഗുരുവിന് ഉത്തമബോധ്യം ഉണ്ടായിരുന്നുവെന്നും ഗാന്ധിജിക്ക് അതില്ലായിരുന്നുവെന്നും ഇരുവരുടെയും മതസങ്കല്പനങ്ങളിൽനിന്നും നമുക്ക് ബോധ്യമാകുന്നതാണ്. വ്യവസ്ഥാപിതമതരഹിതമായ മനുഷ്യപക്ഷത്താണ് ഗുരു നിലയുറപ്പിച്ചത്. ഗാന്ധിജിയാകട്ടെ, സഹജമായിത്തന്നെ ഏറെ ദോഷങ്ങളുള്ള സനാതനഹിന്ദുപക്ഷത്തും. ഗാന്ധിജിയുടെ ഇന്ത്യൻ രാഷ്ട്രീയ പ്രവേശം വരെ ഹിന്ദു ദേശീയതയുടെ ഏകീകരണത്തിലൂടെ വിദേശാധിപത്യത്തെ തൂത്തെറിയാമെന്നായിരുന്നു തിലകൻ ഉൾപ്പെടെയുള്ള ഭൂരിപക്ഷം ദേശീയനേതാക്കളുടെയും കാഴ്ചപ്പാട്. മതത്തെയും ദേശീയപ്രസ്ഥാനത്തെയും അനുപാതരഹിതമായി അവർ കൂട്ടിയിണക്കിയിരുന്നു. ഗാന്ധിജിയാകട്ടെ ഇതിനോടുയോജിച്ചില്ലെന്നു മാത്രമല്ല, ജാതിമതാതീതമായി ഇന്ത്യക്കാരുടെ മുഴുവൻ ഏകീകരണം വിദേശാധിപത്യത്തിന് അന്ത്യം കുറിക്കുന്നതിനുള്ള ഒരു ഉപാധിയായിക്കണ്ടു. അതുകൊണ്ടാണ് അദ്ദേഹം മതസൗഹാർദ്ദത്തിന്റെ വക്താവും പ്രയോക്താവും ആയി മാറിയത്. അപ്പോഴും അപരവിദ്വേഷം സഹജമായുള്ള മതത്തെയൊ, മതങ്ങളെയൊ അദ്ദേഹം കയ്യൊഴിഞ്ഞിരുന്നില്ല. മതസൗഹാർദത്തിന്റെ സന്ദേശം ഉയർത്തിയപ്പോഴും മതമെന്ന യാഥാർത്ഥ്യം അതിന്റെ ഭീകരരൂപത്തിൽ ത്തന്നെ പൂണ്ടുവിളയാടി. അതിന്റെ രക്തസാക്ഷിയായി അദ്ദേഹം മാറുകയും ചെയ്തു എന്നത് ചരിത്രത്തിലെ വലിയൊരു മഹാദുരന്തമായും പരിണമിച്ചു. ഏതൊരു മതവും ആന്തകരികമായി പേറുന്ന വൈരുദ്ധ്യങ്ങളുടെ ഇരകൂടിയായിരുന്നു ഗാന്ധിജി.

1947-നു മുമ്പുള്ള ഇന്ത്യനവസ്ഥയിൽ പൊടുന്നനെ സംജാതമായ പ്രതിഭാസമായിരുന്നില്ല ഇത്. നൂറ്റാണ്ടുകളോ, സഹസ്രാബ്ദങ്ങളോ ആയി ഇന്ത്യയിൽ രൂഢമൂലമായിത്തീർന്ന ഒന്നായിരുന്നു ചാതുർവർണ്യവും ജാതിസമ്പ്രദായവും. അതിനെ പിന്തുണയ്ക്കുന്നതിനും അതിന് ധാർമ്മികമായ അടിത്തറ രൂപപ്പെടുത്തുന്നതിനും പര്യാപ്തമായ സ്മൃതികളും ശ്രുതികളും മറ്റു നിരവധി ഗ്രന്ഥങ്ങളും ഉപരിവർഗ്ഗം രൂപപ്പെടുത്തിയെടുത്തിരുന്നു. അവയുടെ പിൻബലത്തിലാണ് മതവർഗ്ഗീയതയും ഇന്ത്യൻ സമൂഹത്തിൽ നിലനിന്നത്. മതസൗഹാർദ്ദത്തിന്റെ സന്ദേശം ഉയർത്തപ്പെട്ടപ്പോഴും മതത്തിന്റെ അടിസ്ഥാനസ്വഭാവമായ അപരമതവിദ്വേഷം നിലനിന്നു എന്നർത്ഥം. ഈ യാഥാർത്ഥ്യം, നിർഭാഗ്യവശാൽ ഉൾക്കൊള്ളാതെയാണ് താനൊരു സനാതനഹിന്ദുവാണെന്ന് അവകാശപ്പെട്ടപ്പോഴും മത



മുഹമ്മദാലി ജിന്ന



വി.ഡി.സാവർക്കർ

സൗഹാർദ്ദത്തിന്റെ സന്ദേശം ഉയർ ത്തുവാൻ ഗാന്ധിജി പരിശ്രമിച്ചത്. തന്റെ മതസൗഹാർദ്ദസന്ദേശങ്ങളെ റദ്ദുചെയ്യുംവിധം ശക്തമാണ് മതവിദ്വേഷം. അകമേ പേറുന്ന ജാതിഹിന്ദുമതത്തിന്റേത് എന്നത് ഗാന്ധിജിക്കു ബോധ്യമാകാതെ പോയി. ഈ ദൗർബല്യമാണ് അദ്ദേഹത്തിന്റെ മതദർശനത്തിൽ നിഴലിച്ചത്.

എന്നാൽ, മതത്തിന്റെ ആന്തരികമായുള്ള അപരമതവിദ്വേഷത്തെക്കുറിച്ച് ഗുരു ബോധവാനായിരുന്നു. അതുകൊണ്ടാണദ്ദേഹം ഏകമതമെന്ന മനുഷ്യമതത്തിന്റെ പ്രോദ്ഘാടകനായത്. ഗുരുവിന്റെ ചിന്തകളിലും രചനകളിലും അപരനോടുള്ള അനുകമ്പ എന്ന ആശയം പ്രതിഫലിച്ചത് ശ്രദ്ധേയമാണ്. ഗുരുവിന്റെയും ഗാന്ധിജിയുടെയും ജീവിതത്തിലെ രണ്ടു സന്ദർഭങ്ങൾ ഇവിടെ സൂചിപ്പിക്കേണ്ടതുണ്ട്. നാട്ടിലെമ്പാടും വിഗ്രഹപ്രതിഷ്ഠ നടത്തിയിരുന്ന ഗുരുവിന്റെ അത്തരം പ്രവർത്തനങ്ങളോട് വിയോജിപ്പു പ്രകടിപ്പിക്കപ്പെട്ടപ്പോൾ മുൽമാനും ക്രിസ്ത്യാനിയും ആവശ്യപ്പെട്ടാൽ അവർക്കുവേണ്ടിയും താൻ പ്രതിഷ്ഠനടത്തുമെന്നാണ് ഒരിക്കൽ ഗുരു പറഞ്ഞത്. അതേ ഗുരുവിന്റെ പ്രതിഷ്ഠാപനരീതിമാറുന്നതും ശ്രദ്ധേയമാണ്. നെയ്യാറിൽ നിന്നും മുങ്ങിയെടുത്ത കല്ല് ശിവനെന്ന പേരിൽ പ്രതിഷ്ഠിച്ച ഗുരു, പിൽക്കാലത്ത് വിഗ്രഹമില്ലാതെ കണ്ണാടിയെയും സത്യം, ധർമ്മം, ദയ, സ്നേഹം തുടങ്ങിയ വാക്കുകളെയും പ്രതിഷ്ഠിക്കുന്നുണ്ട്. ഗുരു നടത്തിയ പ്രതിഷ്ഠാപനങ്ങൾക്കുപിന്നിൽ ഒളിഞ്ഞിരിത്തുന്ന മറ്റുചില അർത്ഥതലങ്ങളാണ് ഇവിടെ വെളിവാകുന്നത്. 'ഹൈന്ദവധർമ്മശാസ്ത്ര' പ്രകാരം പ്രതിഷ്ഠാസ്ഥാപനത്തിനു വിധിക്കപ്പെട്ട ബ്രാഹ്മണസമുദായത്തിന്റെ പ്രത്യയശാസ്ത്രത്തെയും അവർണസമുദായത്തിൽ ജനിച്ച ഗുരു ചോദ്യം ചെയ്യുകയായിരുന്നു പ്രതിഷ്ഠാസ്ഥാപനത്തിലൂടെ ചെയ്തത് എന്നു

കാണാം. ഇസ്ലാമും ക്രിസ്ത്യാനിയും ആവശ്യപ്പെട്ടാൽ അവർക്കുവേണ്ടിയും പ്രതിഷ്ഠാപനത്തിന് മാനസികമായി സജ്ജനായഗുരു, താൻ പിറന്ന മതത്തിന്റെ ശാസനകളെ ലംഘിക്കുകയായിരുന്നു ചെയ്തത്. മാത്രവുമല്ല, അപരമതങ്ങളുടെ പോലും ദർശനവിധികളിൽ ഇടപെടുന്നതിന് ഗുരു മാനസികമായെങ്കിലും സജ്ജനായിരുന്നു. വ്യവസ്ഥാപിതമതം എന്ന പ്രതിഭാസത്തിന് എത്ര ലഘുവായ അർത്ഥതലങ്ങൾ മാത്രമേ ഗുരു നൽകിയിരുന്നുള്ളുവെന്നും ഇതു വെളിവാക്കുന്നു. ഇംഗ്ലീഷുകാരാണ് തനിക്കു സന്ന്യാസം നൽകിയതെന്നും വർണധർമ്മക്കാരുടെ ഭരണമായിരുന്നെങ്കിൽ തനിക്ക് ശംബൂകന്റെ ഗതിവരുമായിരുന്നുവെന്നും ഒരവസരത്തിൽ ഗുരു പറയുന്നുണ്ട്.

ഗാന്ധിജിയാകട്ടെ, വ്യവസ്ഥാപിതമതത്തിന് നൽകിയത് ഗുരു നൽകിയതുപോലെ അത്ര ലഘുവായ സ്ഥാനം ആയിരുന്നില്ല. 1924 ലെ വൈക്കം സത്യാഗ്രഹവേളയിൽ അതുമായി സഹകരിച്ചു പ്രവർത്തിച്ചിരുന്ന ക്രിസ്ത്യാനികളെയും സിഖുകാരേയും അദ്ദേഹം വിലക്കി പിന്തിരിപ്പിക്കുകയാണ് ചെയ്തത്. വഴിനടക്കാനുള്ള പൗരന്റെ സ്വാതന്ത്ര്യം ഉയർത്തി പ്രക്ഷോഭമാർഗ്ഗത്തിലെത്തിയ വൈക്കം സത്യാഗ്രഹത്തെ ഹിന്ദുവിന്റെ മാത്രം പ്രശ്നമായാണ് ഗാന്ധിജി കണ്ടത്. ഹൈന്ദവരുടെ പ്രശ്നം ഹൈന്ദവർ തന്നെ പരിഹരിക്കണമെന്നായിരുന്നു ക്രിസ്ത്യാനികളെയും സിഖുകളെയും ആ പ്രക്ഷോഭത്തിന്റെ സാന്നിദ്ധ്യത്തിൽനിന്നും വിലക്കുന്നതിനായി ഗാന്ധിജി പറഞ്ഞ കാരണം! രാഷ്ട്രീയമായി ഇതിലൊരുപക്ഷേ ശരിയുണ്ടായിരിക്കാമെങ്കിലും ധാർമ്മികമായി അതിൽ ചില ശരികേടുകളുമുണ്ട്. പൗരന്റെ സഞ്ചാരസ്വാതന്ത്ര്യത്തെ മതാടിസ്ഥാനത്തിൽ മാത്രം വിലയിരുത്തി എന്നതാണ് അതിലെ ശരികേട്. വൈക്കം സത്യാഗ്രഹമെന്നത് ക്ഷേത്രപ്രവേശനത്തിനു വേണ്ടിയായിരുന്നില്ല എന്നതും അത് ക്ഷേത്രത്തിനു ചുറ്റുമുള്ള പ്രദേശത്തെ സഞ്ചാരസ്വാതന്ത്ര്യത്തിനു വേണ്ടിയായിരുന്നു എന്നും വരുമ്പോൾ ഈ ശരികേടിന്റെ ആഴം വർദ്ധിക്കുന്നു. ആ ശരികേടുകളുടെ പക്ഷത്തായിരുന്നു ഗാന്ധിജി നിലയുറപ്പിച്ചത്. ഇതേ ഗാന്ധിജി, ഇന്ത്യയിൽ നിന്നും ബ്രിട്ടീഷുകാർ വിട്ടു പോകണമെന്നതിനുള്ള ധാർമ്മികപിന്തുണ ഇംഗ്ലീഷുകാരിൽ നിന്നുതന്നെ തേടുകയും ചെയ്തിരുന്നു! അവിടെ, ബ്രിട്ടീഷ് അധിനിവേശത്തിൽ നിന്നുള്ള ഇന്ത്യാക്കാരുടെ മോചനമെന്നത് ഇന്ത്യാക്കാരുടെ മാത്രം പ്രശ്നമായി അദ്ദേഹം കണ്ടില്ല.

വിഗ്രഹപ്രതിഷ്ഠാവിഷയത്തിൽ ഗുരു സ്വീകരിച്ച നിലപാടും വൈക്കം സത്യാഗ്രഹവേളയിൽ ഗാന്ധിജി സ്വീകരിച്ച നിലപാടും താരതമ്യം ചെയ്താൽ ഇരുവരുടേയും മതവീക്ഷണം സുവ്യക്തമാകും എന്നാണ് പറഞ്ഞുവരുന്നത്. ഗുരുവിന്റെ മതസങ്കല്പം താൻ ജനിച്ച മതത്തിന്റെ അതിരുകളെ ഉല്ലംഘിക്കുന്നതും ഗാന്ധിജിയുടെ മതസങ്കല്പമെന്നത് അദ്ദേഹം ജനിച്ച മതത്തിന്റെ അതിരുകൾക്കുള്ളിൽ തളയ്ക്കപ്പെട്ടതുമായിരുന്നു. ഗാന്ധിജിയുടെ ഈ നിലപാടുകൾ പരിമിതമായ തോതിലെങ്കിലും ഹിന്ദുത്വവാദികൾക്ക് പരോക്ഷപ്രേരണയായി എന്നതാണു യാഥാർത്ഥ്യം. രാഷ്ട്രപിതാവുപോലും ഹിന്ദുമതത്തെ സനാതനമായും രാമരാജ്യത്തെ സ്വപ്നമായും കണ്ടിരുന്നപ്പോൾ എന്തുകൊണ്ട് ആധുനിക ഇന്ത്യയെ ഒരു ഹിന്ദുരാഷ്ട്രമായി പ്രഖ്യാപിച്ചുകൂടാ എന്ന അതിയുക്തി അവർ ഉയർത്തുന്നു. ഇത്തരം അതിവാദങ്ങൾക്കോ, കുയുക്തികൾക്കോ ഗുരുദർശനം ഇടം നൽകിയില്ല എന്നതാണു ശ്രദ്ധേയം. ഇതിനർത്ഥം ഗാന്ധിജിയുടെ മറ്റുനിലകളിലുള്ള സ്ഥാനത്തെ വിലകുറച്ചുകാണുകയല്ല എന്നു പ്രത്യേകം പറയേണ്ടതുണ്ട്. അവ ഈ ലേഖനപരിധിയിൽ വരുന്ന വിഷയമല്ലാത്തതിനാൽ അതേക്കുറിച്ച് ഇവിടെ പ്രതിപാദിക്കുന്നില്ല.

### നാല്

വൈദീകമതം, ആര്യമതം തുടങ്ങിയ പേരുകളിൽ അറിയപ്പെട്ട ബ്രാഹ്മണമതം പിൽക്കാലത്ത് എങ്ങനെ ഹിന്ദുമതമെന്ന പേരിൽ പ്രഖ്യാപിതമായി എന്നത് ഏതൊരു ചരിത്രവിദ്യാർത്ഥിക്കും അറിവുള്ളകാര്യമാണ്. (കാണുക: 'വേദത്തിൽ നിന്ന് ഹിന്ദുത്വയിലേക്ക്': പി.ജി. സദാനന്ദൻ, പ്രസാധനം: പ്രഭാത് ബുക്ക് ഹൗസ്, തിരുവനന്തപുരം) ബുദ്ധ, ജൈനകാലഘട്ടത്തിനുശേഷം ക്രിസ്തുവർഷം ആദ്യനൂറ്റാണ്ടുകളിൽ ബ്രാഹ്മണമതത്തിൽ ജാതിസമ്പ്രദായം രൂപപ്പെട്ടുവെന്ന് മനുസ്മൃതി ഉൾപ്പെടെയുള്ള സ്മൃതികൾ സാക്ഷ്യപ്പെടുത്തുന്നുണ്ട്. പിൽക്കാലത്ത് 20-ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ബ്രിട്ടീഷുകാർ കൊണ്ടുവന്ന സെൻസസ് പദ്ധതിയോടുകൂടിയാണ് പരസ്പരം പോരടിച്ചിരുന്ന ജാതിവിഭാഗങ്ങളെ മുഴുവൻ ഹിന്ദുമതത്തിന്റെ ലേബലിൽ കൊണ്ടുവരുന്നത്, യഥാർത്ഥത്തിൽ, ഇന്നു നമ്മൾ കാണുന്ന ഹിന്ദുമതത്തിന്റെ സ്രഷ്ടാക്കൾ ബ്രിട്ടീഷുകാരാണ്. അതുകൊണ്ടായിരിക്കണം ഹന്ദുമതം എന്നൊരു മതമേയില്ലല്ലോ എന്ന് ഗുരു പറഞ്ഞത്. ഇതേ ഹിന്ദുമതത്തിന്റെ പേരിലാണ് ഇന്നു രാജ്യമെമ്പാടും വംശീയവിദ്വേഷവും മതലഹളകളും അരങ്ങേറിക്കൊണ്ടിരിക്കുന്നത്. അത്തരം വംശീയ വിദ്വേഷപ്രചാരണങ്ങളോടും മതലഹളകളോടും ഇന്ത്യയിലെ സാമാന്യജനമനസ്സ് ഏതാണ്ട് പൊരുത്തപ്പെട്ടു കഴിഞ്ഞ അവസ്ഥയിലെത്തിയിരിക്കുന്നു! 'ഫലിതപ്രിയരായ'ഹിന്ദുത്വവാദികൾ പറഞ്ഞുകൊണ്ടിരിക്കുന്ന അയുക്തികളെയും കുയുക്തികളെയും കുറിച്ച് ഇവിടെ വിശദീകരിക്കുന്നില്ല. മതത്തിന്റെ പേരിലുള്ള ഭീകരവാദവും പ്രവൃത്തികളും എമ്പാടും നിർബാധം നടക്കുന്നു! ഇതൊന്നും തന്നെ ഇന്ത്യൻ ജനതയെ സ്പർശിക്കുന്നതുപോലുമില്ല! മനുഷ്യനിർമ്മിതമായ ഏതൊരു ദുരന്തത്തെയും വിധികല്പിതമെന്നോ, ഈശ്വരനിശ്ചയമെന്നോ വിശ്വസിപ്പിക്കുന്ന അവസ്ഥയിലേക്ക് സ്ഥാപിക്കപ്പെടുന്ന ശാസനകളും

ഗ്രന്ഥങ്ങളും ഇന്ത്യയിൽ വ്യാപകമായി രൂപപ്പെടുത്തി വച്ചിരിക്കുന്നു. അതുകൊണ്ടാണ് അത്തരം സംഭവങ്ങൾ നമ്മളെ സ്പർശിക്കാതെ പോവുന്നത്.

ഇന്ത്യയിലെ ഒട്ടുമിക്ക പ്രദേശങ്ങളിൽ നിന്നും ദുരന്തവാർത്തകൾ നിരന്തരം വന്നുകൊണ്ടിരിക്കുന്നു. കടുത്തശിക്ഷയും ബോധവത്കരണവും കൊണ്ടു മാത്രം ഇത്തരം കുറ്റകൃത്യങ്ങളെ തടയുവാനാകുമെന്നു കരുതുക വയ്യ. വംശീയ, വർഗീയവിദ്വേഷങ്ങൾക്കും അന്ധവിശ്വാസജഡിലമായ അനാചാരങ്ങൾക്കും ഭൂരിപക്ഷമതമായ ഹിന്ദുമതത്തിന്റെ പിന്തുണ ഉറപ്പാക്കുന്ന 'ആധാരഗ്രന്ഥങ്ങൾ' രചിക്കപ്പെട്ട് പരിപാലിച്ചു പോരുന്നു. ഇതെല്ലാം കൂടിച്ചേർന്ന ഒന്നാണ് സനാതനഹിന്ദുമതം എന്നു വിശേഷിപ്പിക്കപ്പെടുന്നത്. ഇതിന്റെ വക്താവായിരുന്നു ഗാന്ധിജി എന്നതാണ് നാം തിരിച്ചറിയേണ്ടത്. 1947 നു മുമ്പും രാജ്യത്തെ ഹിന്ദുരാഷ്ട്രമാക്കാൻ വെമ്പി നടന്നിരുന്ന ഹിന്ദുത്വശക്തികൾ, പ്രതിനിധാനം ചെയ്യുന്നതല്ല യഥാർത്ഥ ഹിന്ദുമതം എന്നും അതിന് മറ്റുചില 'ധാർമികമൂല്യങ്ങൾ' ഉണ്ടെന്നും തെളിയിക്കുന്നതിനുവേണ്ടിയായിരുന്നിരിക്കണം. ഒരു പക്ഷേ, ഗാന്ധിജി അത്തരമൊരു സമീപനം സ്വീകരിച്ചത്. പക്ഷേ, താനൊരു സനാതന ഹിന്ദുവാണെന്നും രാമരാജ്യമാണ് തന്റെ സ്വപ്നമെന്നും പ്രഖ്യാപിക്കുകവഴി പ്രാചീനബ്രാഹ്മണമതത്തിലെയും പില്ക്കാലജാതിഹിന്ദുമതത്തിലെയും അനീതികളെയും അനാചാരങ്ങളെയും മുഴുവൻ പിന്തുണയ്ക്കുന്നതിനുള്ള ബാധ്യതയും ഗാന്ധിജിയിൽ നിക്ഷിപ്തമായി. 1925 ൽ ഗുരുവുമായും 1930-കളുടെ ആദ്യം അംബദ്കറുമായും നടന്ന സമാഗമത്തിനുശേഷവും ഹിന്ദുമതത്തിലെ ജാതിചിന്തയുടെ വിപത്തുകളെക്കുറിച്ച് ഗാന്ധിജി ശരിക്കും ബോധവാനാകുന്നില്ല. 1930 കളുടെ പകുതിയോടുകൂടി മാത്രമാണ് അയിത്താചരണവിരുദ്ധപ്രവർത്തനങ്ങളിൽ ഗാന്ധിജിയും കോൺഗ്രസും വ്യാപൃതമാകുന്നത്. ഇതിനൊരുപക്ഷേ, ഗുരുവുമായും അംബദ്കറുമായുള്ള സമാഗമങ്ങൾ പ്രേരണയായിരുന്നിരിക്കണം. അപ്പോഴും ആധുനികജാതി ഹിന്ദുമതത്തിന്റെയൊ അതിലെ ജാതി സമ്പ്രദായത്തിന്റെയൊ ഉദ്ഭവചരിത്രത്തെക്കുറിച്ച് ഗാന്ധിജി അന്വേഷിക്കുന്നില്ല!

സനാതനഹിന്ദുമതം എന്ന പേരിൽ വിശേഷിപ്പിക്കപ്പെടുന്ന ആധുനിക ജാതിഹിന്ദുമതം ഇന്ത്യയെ എത്രയേറെ പിന്നാക്കം നയിച്ചു എന്നത് മറ്റൊരു അന്വേഷണ വിഷയമാണ്. ഇന്നത്തെ യാഥാർത്ഥ്യമെന്നത് ജാതിഹിന്ദുമതത്തിന്റെ പേരിൽ നടക്കുന്ന എണ്ണമറ്റ വംശീയ, വർഗീയകലാപങ്ങളാകുന്നു. ഇത് മുൻകൂട്ടികാണുന്നതിന് ഗാന്ധിജിക്ക് കഴിയാതെ പോയി. അതേസമയം, അനുകമ്പയുടെ സന്ദേശവുമായി ജാതി, മതചിന്തകൾക്കെതിരെ വിഭിന്നമാർഗേണ പ്രവർത്തിച്ച ഗുരു തമസ്കരിക്കപ്പെടുകയും ചെയ്തു! മുമ്പു സൂചിപ്പിച്ചതുപോലെ ഗുരുദർശനമാർഗ്ഗത്തിൽ സഞ്ചരിക്കുന്നുവെന്ന് സ്വയം പ്രഖ്യാപിക്കുന്ന ഗുരുനിന്ദകർ ഇന്ന് ഹിന്ദുത്വവാദികളുടെ കൂടാരത്തിൽ അഭയം തേടാൻ മത്സരിക്കുകയും ചെയ്യുന്നു!

**സമകാലീന ഇന്ത്യനവസ്ഥയിൽ പ്രാമാണ്യം നേടേണ്ടത് മതചിന്തകൾക്കു പകരം മാനവികതയും ജനാധിപത്യബോധവും സായൻസികചിന്തകളുമാണ്. അതിനുള്ള വഴി ഒരു നൂറ്റാണ്ടിനു മുമ്പുതന്നെ ഗുരു തെളിയിച്ചിട്ടിരുന്നു. അപരനോടുള്ള അനുകമ്പയിലൂടെയല്ലാതെ നമ്മളിന്ന് നേരിടുന്ന വിപത്തുകളെ നേരിടുക സാധ്യമല്ല. അതിന് ഗാന്ധിജിയെക്കാൾ ആശ്രയിക്കാവുന്നത് ശ്രീനാരായണഗുരുവിനെയാകുന്നു. ചുരുക്കിപ്പറഞ്ഞാൽ, ഗാന്ധിജിയുടെ സനാതനഹിന്ദു, രാമരാജ്യസങ്കല്പനങ്ങൾക്കു പകരം ഗുരുവിന്റെ 'അനുകമ്പ'യാണ് നമുക്കിന്നു വേണ്ടത്. ഗുരുചിന്തകളുടെ പുനഃസ്ഥാപനം അത്രയെളുപ്പമല്ലെങ്കിലും അത് അസാധ്യമാണെന്ന് ഞാൻ വിചാരിക്കുന്നില്ല.**

സമകാലീന ഇന്ത്യനവസ്ഥയിൽ പ്രാമാണ്യം നേടേണ്ടത് മതചിന്തകൾക്കു പകരം മാനവികതയും ജനാധിപത്യബോധവും സായൻസികചിന്തകളുമാണ്. അതിനുള്ള വഴി ഒരു നൂറ്റാണ്ടിനു മുമ്പുതന്നെ ഗുരു തെളിയിച്ചിട്ടിരുന്നു. അപരനോടുള്ള അനുകമ്പയിലൂടെയല്ലാതെ നമ്മളിന്ന് നേരിടുന്ന വിപത്തുകളെ നേരിടുക സാധ്യമല്ല. അതിന് ഗാന്ധിജിയെക്കാൾ ആശ്രയിക്കാവുന്നത് ശ്രീനാരായണഗുരുവിനെയാകുന്നു. ചുരുക്കിപ്പറഞ്ഞാൽ, ഗാന്ധിജിയുടെ സനാതനഹിന്ദു, രാമരാജ്യസങ്കല്പനങ്ങൾക്കു പകരം ഗുരുവിന്റെ 'അനുകമ്പ' യാണ് നമുക്കിന്നു വേണ്ടത്. ഗുരുചിന്തകളുടെ പുനഃസ്ഥാപനം അത്രയെളുപ്പമല്ലെങ്കിലും അത് അസാധ്യമാണെന്ന് ഞാൻ വിചാരിക്കുന്നില്ല.

•

കവിത



പി.കെ.ഗോപി

# കാട്ടുതീയിലെ ആത്മവേഴാമ്പൽ

കരിക്കാടിക്കടൽ കോരി കലത്തിലാക്കി
തലയോട്ടിക്കരിക്കട്ട മടിയിലാക്കി
തലയില്ലാത്തലസ്ഥാനത്തലയുമ്പോളിടി വെട്ടി
കടയോടെ നിലംപൊത്തീ കപടവൃക്ഷം!

കലികേറി കരവാളിൻ തുരുമ്പുനീക്കി
പഴഞ്ചാക്കിൽ കെട്ടിവച്ച വിഴുപ്പുനോക്കി
ഉദിച്ചിട്ടുമിരുട്ടെല്ലാം ശിരസ്സിലേറ്റി
നടുമുറ്റത്തനാചാരപ്പെരുമാളെത്തി.

മുരിക്കിമേൽ മുള്ളുരുമ്മും മുഖങ്ങൾ പൊത്തി
മുടിപ്പൊന്നിൽ മുക്കുപണ്ടം തിരുകിക്കേറ്റി
പനയക്ഷിപ്പാതയോരത്താരെയോ ചുട്ട്
ശവംനാറിത്തുരുത്തിൽ നീ ഭരിക്കാനെത്തി!

നിനക്കെന്റെ കുടൽമാല കഴുത്തിൽ ചുറ്റാം
നിനക്കെന്റെ കരൾപ്പൂക്കൾകടിച്ചുതുപ്പാം
നിനക്കെന്റെ ഇളനീരിൽ വിഷം കലക്കാം
നിനക്കെന്നെ  വലിച്ചിഴച്ചൊളിച്ചുപോകാം

എനിക്കെന്നെ കാണുവാൻ നീ നിലക്കണ്ണാടി
എനിക്കെന്നിൽ കത്തുവാൻ നീ കനൽക്കണ്ണീര്
എനിക്കിപ്പോളകക്കൂട്ടിൽ മൗനവേഴാമ്പൽ
തപം ചെയ്യും കാട്ടുതീയിൽ പറന്നേ പറ്റൂ!!



കവിത



വിനോദ് വെള്ളായണി

# കടപ്പുറം

ഒത്തു നടക്കാം; കടപ്പുറമെൻ കാതിൽ
അടക്കം പറഞ്ഞപോലൊരു തോന്നൽ.

കണ്ടിട്ടേറെക്കാലമായല്ലോ
നമ്മൾ പരസ്പരം കണ്ടാൽ
തിരിച്ചറിയാതിരിക്കുമോ?

കാലത്തേ പുറപ്പെട്ടേനല്ലോ
കടപ്പുറമാകെ കലങ്ങുന്നുവല്ലോ
കാലിൽ തൊട്ടുവിളിക്കും തിരകൾ
കണ്ണടച്ചിരിക്കുന്നുവല്ലോ.

അവിടാകെ ഞണ്ടക്കന്മാർ
അഴൽ പാറ്റിയിരിക്കുന്നല്ലോ
മുള്ളൊന്നു തറഞ്ഞേ നെഞ്ചിൽ
മീൻപടയെ കാണാഞ്ഞല്ലോ.

ഉച്ചത്തീവെയിലതുമില്ലാ
മഴമേഘത്തണുവതുമില്ലാ
മുഴുനീളക്കനവതുമില്ലാ
കടൽപ്പാട്ടിൻ കണികയുമില്ലാ

ചിലനേരം കരകുത്തി മറിച്ചും
ചിലനേരം മലനോക്കി മറിഞ്ഞും
ചിലനേരം മണൽവാരിയെറിഞ്ഞും
പലനേരം നീ കാട്ടിയ കുസൃതികൾ
പതിരായിപ്പോകുന്നല്ലോ.

അതു കണ്ടിട്ടംബരമാകെ
ജലഭസ്മക്കുറിയുമണിഞ്ഞ്
ഇടിമിന്നൽവഴിയതിലൂടെ
കലിതുള്ളി വരുന്നേരത്ത്
കടലായ് ഞാൻ മാറുന്നല്ലോ.



കവിത



സിദ്ദിഖ് സുബൈർ

# വെൺകാരം

എന്നുടെ വീട്ടിന്നരികത്തുണ്ടൊരു–
കൊതുകു വളർത്തും നീർച്ചാല്,
കഴുകിയൊഴുക്കിയ മാലിന്യങ്ങൾ
കെട്ടി നിറുത്തിയ നീർച്ചാല്...

എന്തും ഏതും തടവിലു പാർത്താൽ,
കെട്ടുപുഴുക്കുന്നതു സത്യം!
ഉള്ളലിയാതേയുള്ളൊരു ചപ്പുകൾ,
ചവറുകളെല്ലാം കഠിനതരം...

കറുകറെ വെള്ളം, കുറുകെപ്പാറും
മൂളിക്കാരുടെ കച്ചേരി,
രാപകലെന്നൊരു ഭേദമതില്ലാ
ചോര കുടിക്കാനെത്തുമ്പോൾ,

പാഞ്ഞുവരുന്നതിലൊന്നു ചതഞ്ഞാൽ,
മറ്റൊന്നെത്തും വേലയ്ക്കായ്,
കണ്ടു പഠിക്കാം നമ്മൾക്കവരുടെ
തിണ്ണമിടുക്കിൻ സിദ്ധാന്തം..

എങ്ങാണ്ടറിയാ വഴിയും തെറ്റി –
ക്കാറ്റുകളെങ്ങാൻ വന്നെന്നാൽ,
നാറ്റമതേറ്റിട്ടോട്ടമതോടി–
ത്തോടുകടക്കും കട്ടായം...

പകലുകടന്നങ്ങിരുളുമ്പോലെ,
കരി പടരുന്നൊരു മലിനജലം,
പലനാളായി മൂക്കുകൾ പൊത്തു–
ന്നെന്നിതിനെത്തും പരിഹാരം.

കടി പലതേറ്റു, കുഴഞ്ഞു പനിച്ചു,
'ഡെങ്കി'ച്ചൂടിൽ വിറയ്ക്കുമ്പോൾ,
മണ്ണൊന്നിട്ടുടനൊന്നിതു മൂടാൻ,
ഈയുള്ളവനില്ലധികാരം.

അധികാരം വെൺകാരംപോലെ,
കറകൾ കളയാനാണല്ലോ!
തെളിനീരൊഴുകും കാലമതെത്താൻ,
വാക്കുകൾ കൊണ്ടൊരു കഠിനശ്രമം.



കവിത



ബിജു കാരമൂട്

# പ്രണയസായന്തനം



ഇണയൊരെണ്ണം പിരിഞ്ഞുപോകുമ്പൊഴും
ശിശിരസാന്ത്വനം കൊണ്ടു മറ്റേതിനെ-
പ്പൊതിയുവാൻ വന്ന മൂവന്തിസാക്ഷിയാ-
യിവളിറങ്ങുന്നുപേക്ഷിച്ചു പിന്നിലെ
പുരുഷരൂപം കൊണ്ടു പ്രാണനെ...

ഉടലു തങ്ങളിൽ തൊട്ടൊരാഴങ്ങളും
ഉയിരിലൊന്നായറിഞ്ഞശൈലങ്ങളും
ഇനി നിനക്കൊറ്റയാനായ് നടക്കുവാൻ
പ്രണയദാനം കൊടുത്തു മടങ്ങിയോൾ....

ജനിതകത്തിൽ ഞാൻ പെണ്ണെന്നറിഞ്ഞു നി?
ചുവടുറയ്ക്കാത്ത കണ്ണിൻ കലക്കത്തിൽ
അതിനുമപ്പുറം പോകാതെ പിൻതുടർന്നി
തുവരേയ്ക്കൊരു കാന്തികാജാലിക...

നെടുകെ ഛേദിച്ചെടുത്തൊരു പെണ്ണുടൽ
പലതുമാക്കിവിളമ്പിക്കഴിപ്പിച്ചു
പകുതിയമ്മയും പുത്രിയും ദാസിയും
പ്രിയനുമാത്രം പിറന്ന ഗണികയും
ചുവടളന്നുനടന്നവഴികളേ
യിവനുമാത്രമെൻ കൂട്ടും കുടകളും..

ഹൃദയശൂന്യനായെന്റെ നെഞ്ചിൽ തൊട്ടു
മരണകാവ്യത്തെ വായിച്ചെടുക്കുമോ..
അതിനൊടുങ്ങാത്ത പൂർവ്വികാർത്ഥങ്ങളെൻ
മകനുമാത്രം പറഞ്ഞു കൊടുക്കുമോ...
ഉദരഗർഭത്തിലല്ലയെന്നാകിലും
അവനെഞാനമ്മ നൊന്തുപെറ്റെത്രനാൾ
പകലു കാണാതൊളിപ്പിച്ചു വെച്ചതിൻ പൊരുളു
ചോദിച്ചവൻ വന്നുനിൽക്കവേ
പ്രണയ സർവ്വസ്വമായിരുന്നെന്നുനീയവനു
മാത്രം പറഞ്ഞു കൊടുക്കുമോ
മിഥുനകോടികൾ പാടിക്കഴിഞ്ഞൊരീ

വിധുരഗാനത്തിനുപ്പും ചവർപ്പുമാ-
ണറിയണം ഞാനുമീ സമുദ്രത്തിന്റെ
ലവണദൈന്യം കുടിച്ചുവറ്റിക്കണം..

വിരസസായന്തനങ്ങളിലേകനായിവനെ
വിട്ടിട്ടിറങ്ങുന്നതിൻമുൻപ്
ഇനി വരില്ലാത്ത വാക്കുകൾകൊണ്ടു
ഞാനൊരു പദം കൂടി മൂളുമാത്മോദകം..

ഇനിയെനിക്കില്ലടുത്ത ജന്മത്തിന്റെ
പ്രണയവാഗ്ദാനമൊന്നും തരാനില്ല
പിരിയുവോളവും ചാരത്തിരിക്കുവാൻ
ഹൃദയമുണ്ടായിരിക്കമാത്രം പ്രിയാ..

ഇനിയുമെന്തിനാണോർമ്മകൾ വറ്റിയ
ഹിമസമുദ്രത്തിലെന്തു സൂര്യോദയം.....
ഒഴുകുവാനുണ്ടു മോഹം
പ്രിയാ നിന്റെ കടലിലേക്കു
സമാധിയാകുമ്പോഴും...

കവിത



രാജലക്ഷ്മി മഠത്തിൽ

# കൈനോട്ടം

വിശന്നു കണ്ണുമൂടിയ
കാക്കാത്തിക്ക് രണ്ട് കൈകൾ കിട്ടി.
ഒരു വലതും ഒരിടതും.

വലതിന്റെ കണ്ണിലെ ചൂടും
പുകയും ഇടതിനും, ഇടതിന്റെ
നെഞ്ചിലാളുന്ന ചിന്തകൾ വലതിലും
പറഞ്ഞുകൊടുത്തു.

ഇടത് പത്തു രൂപയും വലതു നൂറു
രൂപയും ദക്ഷിണ കൊടുത്തു.

വെറ്റിലക്കറ പുരണ്ട, കാക്കാത്തിടെ
ചുണ്ടിൽ പുച്ഛച്ചിരി പടർന്നു.
കാശെടുത്ത് മടിക്കുത്തിലമർത്തുമ്പോൾ
തലചൊറിഞ്ഞ് ലാഭത്തിന്റെ
കണക്കെടുത്തു.

കുതന്ത്രം കലർത്തി വായിൽ
വന്നതു പറഞ്ഞതല്ലേ

വലതിന്റെ കാലുകൾ,
പാപം തീരാൻ പുണ്യം തേടും
ഇടതിന്റെ കൈകളിൽ
മന്ത്രച്ചരടുകൾ തെളിയും.

അതോർത്തപ്പോൾ കാക്കാത്തി
ശിലായുഗത്തിലേക്ക് മുറുക്കിത്തുപ്പി.

വിശപ്പാളിയപ്പോൾ ഇടതിനെയും
വലതിനെയും മറന്ന്, വയറു തടവി
കാക്കാത്തി നോക്കിയത്
കർമ്മകാണ്ഡത്തിലെ
തിരക്കുള്ള വഴികളിലേക്ക്...





അജിത വി.എസ്.

# നനഞ്ഞു തീരാത്ത മഴകൾ

ഒരുപാട് സ്വാതന്ത്ര്യം അനുഭവിച്ച് വളർന്നൊരു ബാല്യം എനിക്ക് കിട്ടിയ അനുഗ്രഹങ്ങളിലൊന്നാണ്. പൂച്ചയും പട്ടിയും പശുക്കുട്ടിയുമൊത്ത് തൊടിയിൽ കളിച്ചുനടക്കാനും പരീക്ഷക്കാലത്തു കൂടി പറങ്കിമാവിന്റെ കൊമ്പിലിരുന്ന് കഥകൾ വായിക്കാനും ജ്യേഷ്ഠനൊത്ത് സിനിമകൾ കാണാനും രാത്രി മുറ്റത്തിരുന്ന് നക്ഷത്രങ്ങളെണ്ണി സ്വപ്നം കാണാനും ബാല്യത്തിന്റെ കളിമുറ്റത്ത് ഒരു തടസ്സവും ഉണ്ടായിരുന്നില്ല.

പക്ഷെ പ്രധാനപ്പെട്ട ഒരു 'അരുത്' എന്നും ഒപ്പമുണ്ടായിരുന്നു. അതാകട്ടെ എനിക്കേറ്റവും പ്രിയപ്പെട്ട ഒരാളുടെ നേർക്കുമായിരുന്നു... മഴ!

ഭൂമിക്ക് ആകാശത്തിന്റെ മേഘസന്ദേശം. വേരുകളിലലിഞ്ഞ്, ഇലകളിൽ മരതകം ചൊരിഞ്ഞ്, പൂക്കളിൽ പുഷ്യരാഗം പൊഴിച്ച്... പ്രണയത്തിന്റെ മേഘമൽഹാർ!

മാനം ഇരുളുമ്പൊഴേ അമ്മയോ അച്ഛനോ വിളിക്കും 'മഴ വരുന്നു അകത്ത് കേറിക്കോ'

പിന്നേം കണ്ടില്ലേൽ ഇത്തിരി ദേഷ്യം കലർത്തി അമ്മ ഒച്ചയെടുക്കും.. "ആ ജന്തുക്കളിതുവരെ അകത്ത് കയറീല്ലേ?"

പുസ്സിയും ജിമ്മിയും ഞാനുമുൾപ്പെട്ട മൂവർ സംഘമാണ് അമ്മയുടെ ഈ പ്രിയപ്പെട്ട ജന്തുക്കൾ.

കുട്ടിക്കാലത്തെ വീടിന്റെ പൂമുഖത്ത് കൈവരിയുണ്ടായിരുന്നു. അതിൽ ചാരിയിരുന്ന് ഇറമ്പിലൂടെ വീഴുന്ന മഴമുത്തുകളിലേക്ക് കൊതിയോടെ കൈനീട്ടും. "തൂളി വീണ് നനയണ്ടാ, പനി വരും, ഇടീം മിന്നലും വരും" എന്നൊക്കെ പറഞ്ഞ് ആ ഇരിപ്പും പൊതുവേ നിഷേധിക്കപ്പെടും. ആരെയും കുറ്റം പറഞ്ഞിട്ട് കാര്യമില്ല. അക്കാലത്തും വഴിയേ പോകുന്ന ഒരുവിധപ്പെട്ട അസുഖങ്ങളെല്ലാം എന്നെ കെട്ടിപ്പിടിച്ച് ലോഹ്യം പറഞ്ഞ് മിനിമം ഒരാഴ്ച യെങ്കിലും ഒപ്പം കൂടിയേ പോകുമായിരുന്നുള്ളു. പിന്നെ അമ്മയോ അച്ഛനോ ലീവെടുക്കേണ്ടതായും വരും.

പക്ഷേ അവർ രണ്ടുപേരും വീട്ടിലില്ലാത്ത ചില നേരങ്ങളിൽ മഴയുടെ ഒരു വരവുണ്ട്! അപ്പോ അതെനിക്ക് വേണ്ടി പെയ്യുന്ന മഴ പോലെ തോന്നും! പിന്നെ ഒട്ടും അമാന്തിക്കില്ല നേരേ മുറ്റത്തും തൊടിയിലും നടന്ന് നനഞ്ഞു കുളിരും. പാടാനറിയാത്ത ഞാനന്നേരം കാറ്റിനൊപ്പം പാടാത്ത പാട്ടുകളില്ല. മഴയുടെ ഭാഷ കാറ്റിനല്ലാതെ മറ്റാർക്കാണ് പരിഭാഷപ്പെടുത്താനാവുക!

ചിലപ്പോൾ ആ നേരങ്ങളിൽ ജ്യേഷ്ഠൻ വീട്ടിലുണ്ടാവും. അത് വലിയ പ്രശ്നമല്ല. എന്റെ ഇമ്മാതിരി കിറുക്കുകൾ ഏറ്റവും നന്നായി അറിയുന്നയാളായിരുന്നു. "അധികം നനയണ്ട



**ഇങ്ങനെ അച്ഛനുമമ്മേമറിയാതെ നനഞ്ഞ ചില മഴകൾ പനി പിടിപ്പിച്ച് കിടത്തിയിട്ടുമുണ്ട്. വയ്യായ്ക അധികമാവുമ്പോ മേഘക്കാട്ടിൽ ഒളിച്ചിരിക്കുന്ന മഴയോട് പിണങ്ങും 'ഇനി നീ വരുമ്പോ കൂടെയിറങ്ങുന്ന പ്രശ്നമില്ല'. പക്ഷേ മഴയുണ്ടോ വിടുന്നു! പിണക്കമൊക്കെ മനുഷ്യന്മാർക്കല്ലേന്ന് പറഞ്ഞ് പിന്നേം ചേർത്തുപിടിക്കും. ഞാനതിലങ്ങ് അലിഞ്ഞും പോകും.**

മൊട്ടേ, തല നന്നായിട്ട് തോർത്തണേ" ഇങ്ങനെ നിർദ്ദോഷമായ കമന്റേ ഉണ്ടാവൂ.

നനഞ്ഞ് മതിയായി കയറുമ്പോൾ എന്റെ ഉഴപ്പൻ തോർത്തൽ കണ്ടിട്ട് ഉണങ്ങിയ തോർത്തെടുത്ത് ചെവിക്കൊപ്പം മുറിച്ചിട്ട മുടി തോർത്തിത്തരും. ഒരുപക്ഷേ ഇന്നും 'നവംബറിന്റെ നഷ്ടം' സിനിമയിലെ രാമചന്ദ്രൻ അഭിനയിച്ച ജ്യേഷ്ഠൻ കഥാപാത്രം എന്റെ കണ്ണുനിറക്കുന്നത് ആ ഓർമ്മകളിൽ നൊന്തിട്ടാവാം.

ഇങ്ങനെ അച്ഛനുമമ്മേമറിയാതെ നനഞ്ഞ ചില മഴകൾ പനി പിടിപ്പിച്ച് കിടത്തിയിട്ടുമുണ്ട്. വയ്യായ്ക അധികമാവുമ്പോ മേഘക്കാട്ടിൽ ഒളിച്ചിരിക്കുന്ന മഴയോട് പിണങ്ങും "ഇനി നീ വരുമ്പോ കൂടെയിറങ്ങുന്ന പ്രശ്നമില്ല." പക്ഷേ മഴയുണ്ടോ വിടുന്നു! പിണക്കമൊക്കെ മനുഷ്യന്മാർക്കല്ലേന്ന് പറഞ്ഞ് പിന്നേം ചേർത്ത് പിടിക്കും. ഞാനതിലങ്ങ് അലിഞ്ഞും പോകും.

മുതിർന്നശേഷം മഴ തിമർക്കുമ്പോൾ വായിച്ചറിഞ്ഞ, കേട്ടറിഞ്ഞ ഒരുപാട് മഴകൾ ഓർമ്മയിൽ മയിൽപ്പീലി വിരിക്കും. സുഗതകുമാരി ടീച്ചറിന്റെ ഭ്രാന്തിയായ രാത്രിമഴ എനിക്കൊപ്പം മുടിയഴിച്ചിടും....

'ഇറ്റിറ്റുവീഴും നീർത്തുള്ളി തൻ സംഗീതം'

ഒ.എൻ.വിഗാനത്തിലൂടെ ഹൃത്തന്ത്രികളിൽ വിരഹത്തിന്റെ പ്രണയതീക്ഷ്ണതയിൽ പൊഴിയും.

സച്ചിദാനന്ദൻ കവിതയിൽ മഴയുടെ നാനാർത്ഥങ്ങൾ പെയ്തുതോരാതെ നിൽക്കും.

"ഒരിക്കലും ഞാനുണ്ടായിരുന്നില്ല,

മഴ എന്റെ പേരെഴുതിയിരുന്നില്ല

മഴ എന്റെ പേര്

മായ്ചതുമില്ല"യെന്ന് ഒറ്റപ്പെട്ടവന്റെ നോവുമഴയായി ഷെൽവിക്കവിത പരിഭവിച്ചുകൊണ്ടേയിരിക്കും.

ഇടിയും മിന്നലുമില്ലാതെ കാലവർഷത്തിന്റെ വെളുത്ത മഴയിലൂടെ കൂമൻകാവിൽ രവിക്കൊപ്പം യാത്ര പോകും, ഏകാന്തതയുടെ നൂറുവർഷങ്ങളിലെ മാക്കൊണ്ടയിൽ മഴ തോരാതെ പെയ്യും. പത്മരാജൻ കഥകളിലെ, സിനിമയിലെ മഴ പ്രണയത്തിന്റെ നീറുന്ന മധുരമാവും, മഹാനഗരം അതിലെ മനുഷ്യരോടൊപ്പം അഴിഞ്ഞുപോവുകയും മഴ മാത്രം ശേഷിക്കുകയും ചെയ്തൊരു രാത്രി... എസ്. ഭാസുരചന്ദ്രന്റെ 'നിശ്ശബ്ദം' നോവലിൽ മഴയും രാത്രിയും ചേർന്നൊരുക്കുന്ന വിഭ്രമാത്മക ലാവണ്യത്തിലലിയും....

'മഴ വീഴുമ്പോൾ' നിന്റെ വീട് എങ്ങനെയൊക്കെയാവും എന്ന് സങ്കല്പിച്ച് വേനൽമഴയുടെ കാവ്യാനന്ദത്തിൽ വി.ആർ. സുധീഷ്ക്കഥയിലെ പ്രണയവിഷാദം ഘനീഭവിക്കും. കുട്ടിയോട്, പറയൂ നിന്റെ അമ്മയുടെ പേര് മഴയെന്നു തന്നെയല്ലേ.. യെന്ന് സതീഷ്ബാബു പയ്യന്നൂർക്കഥയിൽ മഴ വിസ്മയം തൂവും....

പറഞ്ഞാൽത്തീരാത്ത എത്ര അനശ്വരമായ മഴകളാണ് വായിച്ച് നനഞ്ഞത്!

അടുത്തകാലം വരെ വീട്ടിലെ ത്താറാവുമ്പോഴാണ് മഴ വീഴുന്നതെങ്കിൽ കുട നിവർക്കാതെ മഴയോട് ആകാശവിശേഷങ്ങൾ തിരക്കി നനഞ്ഞ കുരുവി മാതിരി വീട്ടിലെത്തും. എന്തേലും സങ്കടം ശ്വാസം മുട്ടിക്കുന്ന നേരമാണേൽ കണ്ണുകളും ഒപ്പം പെയ്തൊഴിയും. ചാർലി ചാപ്ളിൻ പറഞ്ഞപോലെ കണ്ണീര് മറ്റാരും കാണില്ലല്ലോ... മഴനാരും മിഴിനീരുമൊന്നായലിയും.



പ്രളയമഴക്കൊപ്പമാണ് അമ്മ പോയത്. അതിന് ഇത്തിരി മുന്നെ കണ്ണുകൾ ആയാസപ്പെട്ട് തുറന്നു ചോദിച്ചു: മഴ ഇനീം തോർന്നില്ലേന്ന്, പുറത്തിറങ്ങല്ലേയെന്നും. ഞാൻ കുട്ടിയാണെന്ന് കരുതിയാവണം... പണ്ടത്തെ ഓർമ്മകളാണ് അവസാനകാലം സജീവമാകുക എന്ന് പറയാറുണ്ട്. മഴ തോരും എന്ന് പറഞ്ഞ് കൈകൾ തിരുമ്മി ചൂട് കൊടുത്തു. കർക്കടകത്തിന്റെ അവസാന സന്ധ്യയായിരുന്നു അത്. പിറ്റേന്ന് പുലർച്ചെ ബന്ധുക്കളും കൂട്ടുകാരും എത്തുമ്പോഴേക്കും മഴ തൽക്കാലത്തേക്ക് തോർന്നിരുന്നു. എല്ലാ ചടങ്ങും കഴിഞ്ഞ് സന്ധ്യക്ക് മൂടിക്കെട്ടിയ മാനത്തേക്ക് നോക്കിയിരിക്കെ, ഗിരീഷ് പുത്തഞ്ചേരിയുടെ വരികൾ കണ്ണിലൂടെ അടർന്നു വീണു: "അമ്മ മഴക്കാറിന് കൺനിറഞ്ഞൂ...."

ഇന്ന് മഴ പെയ്യുന്നുണ്ട്. തുലാമഴ... ഇടിമിന്നൽത്താളത്തിൽ, ഇടക്ക് ആരവങ്ങളില്ലാതെ ശാന്തമായി. 'അരുത്' ചൊല്ലി വിലക്കാൻ ഇന്നാരുമില്ല.

ഇലച്ചാർത്തുകളെ നൃത്തം ചെയ്യിക്കുന്ന മഴയും നോക്കി ഞാൻ ജനലരികിലി രിക്കുന്നു. മഴ നനഞ്ഞ രണ്ട് തത്തകൾ പട്ടുപോയ തെങ്ങിൻപൊത്തിൽ ചിറകൊതുക്കുന്നു.

നിവൃത്തിയില്ല അമൃതവർഷിണീ.. പനി പിടിപ്പിക്കാൻ ഇനി വയ്യല്ലോ. എങ്കിലും നിറയുന്നുണ്ട് ഉള്ളിൽ ഒരിക്കലും പെയ്തു തോരാത്ത പ്രകൃതിയുടെ പ്രണയമായി. പിണങ്ങരുത് നീ.. മഴവിരൽത്തുമ്പ് പിടിച്ച് മേഘങ്ങളിലലിയാൻ ഒടുവിലെനിക്ക് നീ തന്നെ കൂട്ട് വരണേ.

•



ജിഷ പി നായർ

കഥ

# ഓർമയിലെ സാരഥി

എന്നും രാവിലെ കോളേജിലേക്ക് പോകാൻ എന്തു രസമാണെന്നോ ഉള്ളിൽ തീ പടർത്തി കൊണ്ടായിരുന്നു അവളുടെ വരവ്..

പഠിക്കാൻ മിടുക്കിയാണ് എല്ലാവർക്കും ഇഷ്ടവുമാണ്.. ചിലർക്കൊക്കെ അസൂയയും ഉണ്ട് ഞങ്ങൾ രാവിലെ വീരമണി ബസിൽ ആണ് കയറാറുള്ളത്. ഒരു പാവം മനുഷ്യൻ ആണ് സാരഥി. അയാൾ ഞങ്ങളോട് ഇരുന്നോളാൻ പറയും. അങ്ങനെ ഞങ്ങൾ മൂന്നുപേരും കൂടി ഒരു സീറ്റിൽ ഇരിക്കും. ഒരുപാട് കഥകൾ പറഞ്ഞു തീർക്കാൻ ഉണ്ടാകും. തലേ ദിവസം തൊട്ട് രാവിലെ വരെയുള്ള കഥകൾ എന്തു രസമാണെന്നോ ഞങ്ങളുടെ കഥകൾ എല്ലാം കേട്ട് സാരഥിയും ശ്രദ്ധിക്കും. അദ്ദേഹത്തിനും ഇഷ്ടമാണ്.. ഇപ്പോൾ അദ്ദേഹം എവിടെയാണെന്നൊന്നും അറിയില്ല.. അതെ ബസിൽ പിന്നീട് വന്ന സാരഥി ഇപ്പോളും അതെ ബസിൽ ഉണ്ടാവാറുണ്ട്.

അങ്ങനെ കോളേജിൽ എത്തിയാൽ പിന്നെ പഠിക്കാനുള്ളതും ചോദ്യം ചോദിക്കാനുള്ളതും എല്ലാം ഒന്ന് കണ്ണോടിക്കും...പിന്നെ വായ്നോക്കുന്ന ചങ്കുകളെയും വിടാറില്ല അവരെയും ഒന്ന് നോക്കി വയ്ക്കും....എന്നാൽ അവൾക്ക് ചിന്ത എങ്ങനെയെങ്കിലും കോളേജ് വിട്ടാൽ ആ മഞ്ഞ ബസ്സ് കാണണം.. അത് മാത്രമോ? അല്ല അതിലുള്ള സാരഥിയെയും നോക്കിയിരിക്കണം. നോക്കിയിരിക്കാനൊന്നും സ്ഥലം കിട്ടില്ല. എന്നാൽ കൂടുതൽ സന്തോഷം 'ഗോകുൽദാസിലെ' സാരഥിയുടെ തൊട്ടു പുറകിൽ നിന്നുകൊണ്ട് അദ്ദേഹം അറിയാതെ ആ ക്ലീൻ ഷേവുകാരന്റെ സൗന്ദര്യം ആസ്വദിക്കും.

ഞങ്ങൾ നോക്കിയിരിക്കുമ്പോൾ എല്ലാം അവൾ അദ്ദേഹത്തെത്തന്നെ നോക്കി നിൽപ്പുണ്ടാകും... പ്രണയാർദ്രമായ നോട്ടം കുലീനത്വമുള്ള ആ സാരഥി കൃഷ്ണനാണോ? അതെ, ഗോകുലിന്റെ ദാസനാണ് ആ സാരഥിയെങ്കിൽ അത് അർജുനസാരഥി തന്നെയെന്ന് അവളങ്ങ് ഉറപ്പിക്കും. അങ്ങനെ എല്ലാ ദിവസവും ഓടും. ക്ലാസ്സിലുള്ള ജിനു ഇതെല്ലാം ശ്രദ്ധിക്കുന്നുണ്ടായിരുന്നു. മൂപ്പർക്ക് നേരത്തെ പരിചയമുള്ള വ്യക്തിയാണ് ഇദ്ദേഹം എന്ന് അവളോട് പറഞ്ഞതും അവൾക്ക് വല്ലാത്ത ആരാധന...അവളും ആ ആരാധനയിൽ അലിഞ്ഞു ചേർന്നു ചിത്തിരതിരുനാൾ മഹാരാജാവിനെ സ്നേഹിച്ച ഭ്രാന്തിയെപ്പോലെ അദ്ദേഹമറിയാതെ അവൾ സ്നേഹിച്ചുകൊണ്ടേയിരിക്കും...

അവൾ സ്വയം അവളെ ഭ്രാന്തിയെന്ന് പറഞ്ഞു കളിയാക്കും ഞങ്ങൾക്കെല്ലാം ഹരമായിരുന്നു. അദ്ദേഹമറിയാതെ സ്നേഹിക്കുന്ന അവളെ ഞങ്ങൾ ബസിനു കൈനീട്ടാൻ മുന്നിൽ നിർത്തും..അവളെ കണ്ടിട്ടോ അതോ അദ്ദേഹത്തിന്റെ നല്ല മനസോ എന്നറിയില്ല..ഞങ്ങളും ആ മഞ്ഞ ബസിനെയും സാരഥിയെയും സ്നേഹിച്ചു.

ഒരു തിരിഞ്ഞുനോട്ടം പോലുമില്ലാതെ തപസിരിക്കുന്ന യോഗീശ്വരനെ പോലെ ബസ്സ് ഓടിക്കുന്ന ആ സാരഥിയെ കാണാൻ അവൾക്കൊപ്പം ഞങ്ങളും നോക്കി നിൽക്കും..

പല ദിവസങ്ങളിലും കോളേജിന്റെ ബോർഡിൽ മഞ്ഞ ബസ്സ് 'ഗോകുൽദാസിനെയും സാരഥിയെയും കൈ കാട്ടി നിൽക്കുന്ന അവളുടെയും 'ചിത്രം രസകരമാണ്, ഇതെല്ലാം




ജിനുവിന്റെ പ്രകടനമാണെന്ന് അറിയാവുന്ന അവൾക്കുള്ളിൽ മഞ്ഞ ബസ്സിലെ സാരഥിയെ ബഹുമാനമാണ്, ആരാധനയാണ് ആരുമറിയാതെ ഉള്ളിൽ ഒളിപ്പിച്ച പ്രണയവുമാണ്, അവളുടെ സ്വന്തം ആ ഗന്ധർവ്വനോട്

കാലങ്ങളുടെ കുതിരക്കുളമ്പടിയോട്ടം കാലവും നാടും ഇഷ്ടങ്ങളും മാറ്റി മറിച്ചു..അങ്ങനെ ഒന്നുണ്ടായിരുന്നോ എന്നുപോലും മറന്നുപോയ് പഠനത്തിന്റെയും ജോലി നേടുന്നതിന്റെയും പുതിയ ജീവിതം കെട്ടിപ്പടുക്കുന്നതിന്റെയും തിരക്കിലായി രുന്നു

മറ്റൊരു ലോകം സ്വന്തമാക്കിയ അവൾ വീണ്ടുമെത്തുന്നത് വർഷങ്ങൾക്കിപ്പുറമാണ് പഴയ ഓർമകളെ ചികഞ്ഞെടുക്കാൻ വീണ്ടും ആ സാരഥിയെ കണ്ടുമുട്ടുന്നു..അയാൾ അറിയാതെ പഴയ പൊട്ടത്തരങ്ങളുടെ മിഴി പാച്ചിൽ അയാളിലൂടെ നടത്തും എന്നിട്ട് സ്വയം ചിരിക്കും. ചിത്തിരതിരുനാൾ മഹാരാജാവിന്റെ പഴയ ഭ്രാന്തിയായ പ്രണയിനിയല്ല അവളിന്ന് കല്യാണം കഴിഞ്ഞു മക്കളുമായി ജീവിക്കുന്ന അവൾക്ക് പ്രണയമൊന്നും വരില്ല എങ്കിലും, അവൾ ഇന്നും നീലബസിന്റെ സാരഥിക്ക് പുറകിലെ സീറ്റിൽ ഇരുത്തമുറപ്പിക്കും എന്നിട്ട് നാൽപതുകളുടെ കടന്നുകയറ്റത്തിലും ഒരു കൊള്ളിയാൻ പോലെ അവൾക്കുള്ളിൽ ആ പഴയ ഓർമ്മകൾ തീ പാറിക്കുന്നു..

പഴയ ഗന്ധർവ്വനെ അവൾ നോക്കിയിരി ക്കാറുണ്ട്. അതെ ഭാവത്തിൽ അദ്ദേഹമിന്നും അർജുനന്റെ തേരിന്റെ സാരഥിയെപ്പോലെ നീല ബസ്സിൽ ഏകാഗ്രതയുടെ ആൾരൂപമായി ഇന്നും അതെ സാരഥി ആ രസമുള്ള കാഴ്ചകൾ വർണ്ണിക്കുമ്പോൾ അവൾക്കുള്ളിൽ മധുര പ്പതിനെട്ടു വയസ്സിന്റെ ആമ്പൽപ്പൂക്കൾ വിരിയിക്കാറുണ്ട്... അവളുടെ കണ്ണുകളിൽ ഒന്നിനുമല്ലാതെ ഒരു തിളക്കം അനുഭവപ്പെ ടാറുണ്ട്...അവളുടെ അവസാനനാൾ വരെ അദ്ദേഹം അവളെ തിരിച്ചറിയരുത്, ശ്രീചിത്തിര തിരുനാളിന്റെ ഭ്രാന്തിയായ കാമുകിയെ പോലെ അല്ലെങ്കിലും കാലം കടന്നുപോകുമ്പോൾ ഇന്നിന്റെ പ്രതീകമായി അവൾ തന്റെ പഴയ ഓർമ്മകൾ താലോലിക്കും എല്ലാം സുഖമുള്ള നോവായി, ഉള്ളിൽ ചിരിയടക്കിപ്പിടിച്ച് അവളുടെ ബസ്സ്സ്റ്റോപ്പ് എത്തുമ്പോൾ അതിൽ നിന്നിറങ്ങി വീടിന്റെ ഓർമകളിലേക്ക് തിരി തെളിച്ചു മൂകയായി കടന്നു പോകും.

കാലമങ്ങനെയാണ് എല്ലാം ഓർമ്മിപ്പിച്ചു കൊണ്ടേയിരിക്കും. എത്ര മായ്ക്കാൻ ശ്രമിച്ചാലും, മറക്കാൻ ശ്രമിച്ചാലും ചിലതൊക്കെ തികട്ടി പുറത്തു വരും. എന്നിട്ട് ഓരോ ഓർമ്മപ്പെടുത്ത ലിനും സാക്ഷിയായി അവൾ മാത്രം പലപ്പോഴും ആ നീല ബസ്സിൽ യാത്ര ചെയ്യുന്നു.....



ജെ. ജയലാൽ

# കലാപക്കനലിലെ തിരിനാളം

ഗുജറാത്ത് കലാപത്തിന്റെ പശ്ചാത്തലത്തിൽ ഷാനവാസ് പോങ്ങനാട് എഴുതിയ നോവലാണ് 'ഗന്ധയാമിനി'. ഇന്ത്യാചരിത്രത്തിലെ കറുത്ത അദ്ധ്യായമാണ് ഗുജറാത്ത് കലാപം. ലോകത്തിനു മുന്നിൽ രാജ്യം അപമാനത്താൽ തലകുനിച്ച ദിനങ്ങൾ. മനുഷ്യത്വം മതഭ്രാന്തിന് കീഴടങ്ങിയ സന്ദർഭം. വർഗീയ തീവ്രതയ്ക്കു മുന്നിൽ മനുഷ്യജീവന് വിലയില്ലെന്ന് തെളിഞ്ഞ ദിനങ്ങൾ. പൈശാചികത ഉറഞ്ഞാടിയ തെരുവുകൾ. സ്ത്രീത്വം ക്രൂരമായി അപമാനിതമായ നിമിഷങ്ങൾ. ഗുജറാത്ത് കലാപത്തിന്റെ തീവ്രതയാണ് നോവലിന്റെ പ്രമേയം. പ്രധാന കഥാപാത്രങ്ങൾ ഗുജറാത്ത് കലാപത്തിന്റെ ഇരകളാണ്.

മതവൈരത്തിന്റെ ചോരച്ചാലിൽ നിന്നും ജീവിതത്തിലേക്ക് നീന്തിക്കയറിയ മനുഷ്യർ. കലാപത്തിന്റെ ഇരയായ ഡോ. കനകരാജൻ. ഒരു ചെറിയ പെൺകുട്ടിയുമായി കീഴ്പേരൂർ ഗ്രാമത്തിലെത്തുന്നു. ആ സന്ധ്യാനേരത്ത് ഗ്രാമവാസികൾ റേഡിയോയിലൂടെ ഗുജറാത്ത് കലാപവാർത്തകൾ കേൾക്കുകയായിരുന്നു. കഥ തുടങ്ങുന്നത് ഇവിടെ നിന്നാണ്. കനകരാജിന്റെ ഭൂത-വർത്തമാനങ്ങളിലൂടെ നോവൽ വികസിക്കുന്നു. ഒപ്പം പ്രാദേശിക ചരിത്രവും ചുരുളഴിയുന്നു. കനകരാജന്റെ ഉള്ളിൽ ഒരു തീക്കനൽ തിരയിളകുന്നുണ്ടായിരുന്നു. ആരും അറിയാത്ത തീക്കടൽ. പുരോഗമന മനോഭാവവും ഉറച്ചനിലപാടും കനകരാജന് ഉണ്ടാക്കിയ നഷ്ടത്തിന് അതിരും അളവുമില്ല.

പ്രണയം, ചരിത്രം, കലാപം എന്നീ മൂന്നു വിഷയങ്ങളിലൂടെയാണ് കഥ വികസിക്കുന്നത്. പ്രണയങ്ങളെല്ലാം സഫലമായില്ല. സത്യ സങ്കല്പങ്ങളാൽ ഇഴപിരിഞ്ഞതാണ് ചരിത്രം. കലാപത്തിനു മുന്നിൽ മനുഷ്യബന്ധങ്ങൾ നിസംഗവും നിസ്സഹായവുമാകുന്നു. ഗുജറാത്തിലെ സാമൂഹിക മാറ്റങ്ങളിൽ മതങ്ങളുടെ പങ്കിനെക്കുറിച്ച് ഗവേഷണം നടത്താൻ ബറോഡ യൂണിവേഴ്സിറ്റിയിലെത്തുന്ന സുധീശൻ. അവിടെത്തന്നെയുള്ള ഗവേഷണ വിദ്യാർത്ഥിനി മാധുരിയുമായുള്ള സുധീശന്റെ പ്രണയം കലാപത്തിൽ എരിഞ്ഞടങ്ങി. നാട്ടിലെത്തി വർഷങ്ങൾക്കുശേഷം പരിചയപ്പെടുന്ന രഞ്ജിനിയുമുള്ള മാനസിക അടുപ്പവും സഫലമാകുന്നില്ല. പ്രണയം പുതിയ പുതിയ കാഴ്ചകളും വസന്തങ്ങളും തീർക്കും. പുതിയ കാറ്റും നിലാവും മനസ്സിൽ നിറയ്ക്കും. ഇതാണ് പ്രണയത്തെക്കുറിച്ചുള്ള നോവലിസ്റ്റിന്റെ സിദ്ധാന്തം.

തിരുപാൽക്കടൽ ക്ഷേത്രത്തിന്റെ ചരിത്രാന്വേഷണത്തിൽ നിന്നാണ് ഡോ. കനകരാജന്റെ പ്രാദേശിക ചരിത്രാന്വേഷണം ആരംഭിക്കുന്നത്. ദേശിംഗനാടിന്റെ ചരിത്രം. വേണാട്ടധിപൻ ആദിത്യവർമ്മക്ക് കുലശേഖരപട്ടം നൽകുന്നത്. രാജരാജവർമ്മ കുലശേഖരൻ ചോളരെ തുരത്തുന്നത്. പഴയ വേണാട്ടിലെ ചിറ്റരചരുടെ തായ്കുടുംബങ്ങളിൽ ഒന്നാണ് കീഴ്പേരൂർ. ഇങ്ങനെ ചരിത്രത്തെ ഭ്രമാത്മകമായി അവതരിപ്പിക്കുന്നു. കനകരാജന്റെ ചരിത്രഗവേഷണത്തെക്കൂടി കണ്ണിചേർത്താണ് നോവൽ മുന്നേറുന്നത്. ഡോ.കനകരാജൻ എന്ന ചരിത്രകാരൻ കീഴ്പേരൂർ ഗ്രാമചരിത്രം പൂർത്തീകരിക്കുന്നു. ചരിത്രത്തെ സത്യവും സങ്കല്പവും ഇഴചേർത്ത് അവതരിപ്പിക്കുന്നു. ചരിത്രമേത് സങ്കല്പമേത് എന്ന് വേർതിരിക്കാനാവാതെ ആസ്വാദകൻ സന്ദേഹിക്കും. ഈ കലാ

തന്ത്രം പ്രശംസനീയമാണ്. സത്യം സങ്കല്പങ്ങൾക്കിടയിൽ ചരിത്രത്തെ എങ്ങനെ സമന്വയിപ്പിക്കാം എന്നതിന് തെളിവാണ് ഈ നോവൽ.

ഗുജറാത്ത് കലാപത്തിന്റെ തീവ്രത ഉള്ളിൽ പേറുന്നവരായിരുന്നു കനകരാജനും സുധീശനും. കലാപത്തിന്റെ അനുഭവസാക്ഷികളാണിവർ. മതമാണ് മനുഷ്യനെ ഹിംസയുടെ ആൾരൂപം ആക്കുന്നതെന്ന് അവർ ബോധ്യപ്പെടുത്തുന്നു. കലാപത്തിന്റെ പൈശാചിക വാൾത്തലയിൽ ഉറ്റവർ പ്രാണനു വേണ്ടി കേഴുമ്പോൾ നിസംഗരായി നോക്കിനിൽക്കേണ്ടി വന്നവർ. ജഫ്രിയുടെ മക്കളുടെ അന്ത്യനിമിഷം മനഃസാക്ഷി ഉണർത്തുന്നതാണ്. മനുഷ്യത്വം മരവിച്ച സന്ദർഭമാണത്. കലാപത്തിന്റെ തീവ്രതയും ഭീകതരതയും നമ്മെ അനുഭവിപ്പിക്കാൻ നോവലിസ്റ്റിനു കഴിയുന്നുണ്ട്.

നോവലിലെ പ്രധാന മൂന്ന് സ്ത്രീ കഥാപാത്രങ്ങൾ സ്വഭാവങ്ങൾകൊണ്ട് ധ്രുവങ്ങളിലാണ്. എങ്കിലും അവർ മാനസിക പൊരുത്തമുള്ളവരാണ്. പെൺജീവിതത്തിന്റെ നേർക്കാഴ്ചയാണ് സുജാത. സഹനത്തിന്റെ ആൾരൂപം. അപകർഷതയും അതിൽനിന്നും വളർന്ന അഹംബോധവുമാണ് രഞ്ജിനിയെ നിയന്ത്രിക്കുന്നത്. സ്വയം ഒരു സ്നേഹക്കൂടാരം പണിത് ഒടുവിൽ അതിന് തീ കൊളുത്തുകയാണ് രഞ്ജിനി. ഗുജറാത്ത് കലാപത്തിന് ഇരയായി അംഗഭംഗം വന്നവളാണ് ഡോ. മാധുരി. നോവലിന്റെ അവസാന ഭാഗത്ത് ഏതാനും നിമിഷങ്ങൾ മാത്രമാണ് മാധുരി പ്രത്യക്ഷപ്പെടുന്നത്. എങ്കിലും ആ കഥാപാത്രം അവിസ്മരണീയമാണ്.

ഗുജറാത്ത് കലാപത്തിന്റെ തീഷ്ണ യാഥാർത്ഥ്യങ്ങൾക്ക് കേരളീയമാനം നൽകുന്ന നോവലാണ് ‘ഗന്ധയാമിനി’. ഒരു കലാപം ദുരിതവും ദുഃഖവും അനാഥത്വവും സൃഷ്ടിക്കുന്ന തീവ്രത നാം ബോധ്യപ്പെടുന്നു. ഷാനവാസിന്റെ ഭാഷയുടെ ചാരുതയും ചടുലതയും ഈ നോവലിന്റെ സവിശേഷതയാണ്. പ്രകൃതിഭംഗിയുടെ വിവരണത്തിൽ ഭാഷയുടെ ചാരുത വിടരുന്നു. കലാപത്തിന്റെ തീഷ്ണതയും ഭാഷ ചടുലമാകുന്നു. കനകരാജൻ ചരിത്രമാകുന്നു.



ഷാനവാസ് പോങ്ങനാട്




പ്രസാധനം: മെലിൻഡ ബുക്സ്,
തിരുവനന്തപുരം
വില. 330 /- രൂപ

കനകരാജന്റെ ഓർമ്മകൾ പതിഞ്ഞ യമൻപുരിലെ വഴിയിലൂടെ സുധീശനും സുജാതയ്ക്കും രഞ്ജിനിക്കും ഒപ്പം നമ്മളും സഞ്ചരിക്കുന്നു. തിന്മയ്ക്ക് സർവ്വതും നശിപ്പിക്കാനാവില്ല. നക്ഷത്രങ്ങളുടെ മേൽ യാമിനി എത്തും. ഈ സന്ദേശമാണ് നോവൽ ഉയർത്തുന്നതും ഉണർത്തുന്നതും.

വായിക്കേണ്ട പുസ്തകം



സുധാകരൻ ചന്തവിള

# കവിതയാണ് കവിയുടെ ജീവനും നിലനിൽപ്പും

ഏറ്റവും പുതുമയുള്ളതും ഏറ്റവും സൂക്ഷ്മവുമായ ആവിഷ്കാരമാധ്യമമാണ് കവിത. വിവരണാത്മകതതയോ അതിവാചാലതയോ അല്ല അതിന്റെ ഭാഷ. വ്യക്തതകളോ വ്യാഖ്യാനങ്ങളോ അല്ല അതിന്റെ ധ്വനി. വായനക്കാർ വായിച്ചുതുടങ്ങുന്നിടത്തു അവസാനിക്കുന്നതും അവസാനിക്കുന്നിടത്തുനിന്നു തുടങ്ങുന്നതുമായ വലിയ ചിന്താമണ്ഡലം കവിതയുടെ ആന്തരികലോകത്തിൽ സംഭവിക്കുന്നുണ്ട്. ഇത് കവി അറിഞ്ഞും അറിയാതെയും നടക്കുന്ന മനോവ്യാപാരസഞ്ചാരമാവാം. അതിനാൽ കവിത, പലപ്പോഴും കവിയുടെ നിയന്ത്രണത്തിലോ അധീനതയിലോ ആകാതിരിക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ കവിത എപ്പോഴും സ്വാതന്ത്ര്യത്തെക്കുറിച്ചും വെളിച്ചത്തെക്കുറിച്ചും ആലോചിച്ചുകൊണ്ടിരിക്കുന്നു.

"ചുവരിലെ പെയിന്റിംഗിൽ
നിന്നൊരു പക്ഷി
കിളിവാതിൽ കടന്നതാ
ചിറക് നീർത്തുന്നു" ഈ വരികളോടെയാണ് അജിത വി.എസിന്റെ 'മഴ നനഞ്ഞെത്തുന്ന വാക്ക്' എന്ന കവിതാസമാഹാരം ആരംഭിക്കുന്നത്. സ്വാതന്ത്ര്യത്തിന്റെ വില ചിത്രത്തിലെ പക്ഷിപോലും കൊതിക്കുന്നു. സ്വാതന്ത്ര്യം അനുഭവിക്കാനാവാത്ത വിധം കാലിൽ കോർത്തിട്ടിരിക്കുന്ന അസ്വാതന്ത്ര്യത്തിന്റെ നൂൽക്കെട്ടിൽ പ്രതിഷേധിക്കുന്ന പക്ഷി,പിന്നീട് ക്യാൻവാസിന്റെ ഫ്രെയിമിനുള്ളിൽ തളച്ചിടാൻ വിധിക്കപ്പെടുന്നു. "ബന്ധുരക്കാഞ്ചനക്കൂട്ടിലാണെങ്കിലും ബന്ധനം ബന്ധനംതന്നെ പാരിൽ" എന്ന പൂർവ്വകവിയുടെ തിരിച്ചറിവ് ഇന്നും പുതിയതുതന്നെ. എന്നാൽ അനുവദിക്കപ്പെടുന്ന സ്വാതന്ത്ര്യം പോലും പക്ഷി നിഷേധിക്കുന്നു/ഭയക്കുന്നു എന്നിടത്താണ് ഈ കവിയുടെ സ്വാതന്ത്ര്യബോധത്തിന്റെ മാനം വർദ്ധിക്കുന്നത്. എന്നിട്ടും ആ പക്ഷി എന്തുകൊണ്ട് ശാന്തനിശ്ശബ്ദം ഫ്രെയിമിനുള്ളിൽ വിലയം പ്രാപിക്കുന്നു എന്ന ചോദ്യം പ്രസക്തവുമാണ്. ഇത് പരിശീലനത്തിന്റെ പ്രായോഗികതയും പ്രായോഗികതയുടെ പരിശീലനവുമാകാം.

നരച്ച ആകാശവും ഒഴുക്കില്ലാത്ത നദിയും നിശ്ചലമായ വീടും സൃഷ്ടിക്കുന്ന വിരസവും നിർവികാരവുമായ സമകാലജീവിതത്തെ കവി ഇവിടെ തുറന്നെഴുതുന്നു. മനുഷ്യന്റെ ചലനാത്മകതയേയും നിശ്ചലാത്മകതയേയും ഈ സമാഹാരത്തിലെ പല കവിതകളിലും ആവിഷ്കരിക്കാൻ ശ്രമിക്കുന്നു. പ്രായം കൂടുന്തോറുമുള്ള ജീവിതചക്രത്തിന്റെ തിരിച്ചെത്തൽ കുട്ടിത്തത്തിന്റെ ഇളംബോധത്തിലേക്കാണെന്ന അറിവ് 'ഒളിവുകാലം'എന്ന കവിതയിൽ എഴുതുന്നു.

"അച്ഛൻ കട്ടിലിലേക്ക് വളർന്നു
ഞാൻ കാഴ്ചകളിലേക്ക് ചുരുങ്ങി" കവിതന്നെ കഥാപാത്രമാവുന്നു. അച്ഛന്റെ ദുഃഖം കവിയുടേതും കവിതയുടേതുമാകുന്നു. പ്രായം സൃഷ്ടിക്കുന്ന ഒളിവുകാലം ആർക്കും ഒഴിവാക്കാനാവുന്നതല്ല. നഷ്ടപ്പെട്ടതും ഇഷ്ടപ്പെട്ടതും ഒളിച്ചിരിക്കുന്ന മനസ്സ് ആരും മനഃപ്പൂർവ്വം ഉണ്ടാക്കുന്നതല്ല.

"ഏത് ഒളിത്താവളത്തിലാവും

ചില വാക്കുകൾ

മറച്ചുവെച്ചത്" എന്ന അന്വേഷണത്തിൽ അഭയം തേടേണ്ടിവരിക മാത്രമാണ് അവസാന പോംവഴി.

പ്രപഞ്ചരഹസ്യവും പ്രകൃതിരഹസ്യവും അറിയാനാകാത്ത ജീവിതസമസ്യകളിലാണ് നാം പലപ്പോഴും അകപ്പെടുന്നത്. ബന്ധങ്ങളും സാന്നിദ്ധ്യങ്ങളും മനസ്സിൽ സൃഷ്ടിക്കുന്ന മണവും ഗുണവും അവശേഷിപ്പാകുന്നു. രാത്രി പകലിനോടും പകൽ രാത്രിയോടും പറയുന്ന രഹസ്യങ്ങളെക്കുറിച്ചുള്ള അഗാധനീലിമയാർന്ന ചോദ്യങ്ങളിലേക്ക് കവിമനസ്സ് എപ്പോഴും അലയാറുണ്ട്. കടൽ കരയോടും കര കടലോടും പറയുന്ന രഹസ്യങ്ങളുടെ പൊരുൾ തേടുക എന്ന നിഗൂഢത കവിതയ്ക്കുമാത്രം സാധ്യമാകുന്ന സാഹിത്യവിദ്യയാണ്. എല്ലാ കാഴ്ചയും എല്ലാ അറിയലുകളും അടുക്കാൻ മാത്രമാവില്ലല്ലോ. അത് പലപ്പോഴും വേഗത്തിൽ പിരിയാനുള്ളതു കൂടിയാവാം. എങ്കിലും ഒരു മാത്രമാത്രം മതി തമ്മിലറിയുവാൻ, ആ മാത്രയുടെ സാന്നിദ്ധ്യസംസ്കാരത്തിന്റെ ലഹരിയാണ് ജീവിതത്തെ ധന്യവും ശ്രേഷ്ഠവുമാക്കുന്നത്;

"എന്തിന്? മർത്ത്യായുസ്സിൽ സാരമായതു ചില

മുന്തിയ സന്ദർഭങ്ങൾ അല്ല–മാത്രകൾ മാത്രം"

എന്ന വൈലോപ്പിള്ളിയുടെ വരികൾ പോലെ. 'ആരറിഞ്ഞു' എന്ന ചെറുകവിത വായിച്ചപ്പോഴാണ് ഇങ്ങനെ എഴുതാൻ തോന്നിയത്.

വിരഹത്തേയും വേദനകളെയും കവികൾ എപ്പോഴും അനുധാവനം ചെയ്യാറുണ്ട്. അജിത വി. എസിന്റെ കവിതകളിൽ അത്തരത്തിലുള്ള കാവ്യസങ്കടങ്ങളും കാവ്യമുഹൂർത്തങ്ങളും അനവധിയുണ്ട്. ഉൾമരുഭൂവിലെയുഷ്ണക്കാറ്റ് വീശിയടക്കാൻ മഴയ്ക്കു കഴിയുന്നു 'ഞാൻ (നീ) മഴ'യിൽ. മഴ എന്താണെന്നും അത് കാലത്തിനും ദേഹത്തിനും നൽകുന്ന കാറ്റും കുളിർമയും കൂടി അനുഭവവേദ്യമാക്കുന്നു. മഴയായി മാറുന്നത് ആരാണെന്ന ചോദ്യത്തിലാണ് കവിത പുതുവ്യാഖ്യാനം നേടുന്നത്. വെറും മഴയല്ലിത്,

"എന്നിലെ നീയോ

നീയാം ഞാനോ

മഴയായ് പെയ്തു?!" ഇങ്ങനെ പരസ്പരം മഴയും തണലും സാന്ത്വനവുമാകേണ്ടുന്ന ജീവിതഭാവങ്ങളുടെ സാമഞ്ജസ്യവും കവിമനസ്സിൽ ഒളിച്ചിരിക്കുന്ന മനോഹരകല്പനകളാണ്.

'മഴ നനഞ്ഞെത്തുന്ന വാക്ക്' എന്ന പേരിൽ മഴയെക്കുറിച്ച് മറ്റൊരു മനോഹരകവിതയും ഈ സമാഹാരത്തിലുണ്ട്. പൂർണ്ണശരീരം പോലുമാവാനാകാതെ രോഗാവസ്ഥകളിലേക്ക് ചുരുങ്ങി, പതറിപ്പോകുന്ന ചില മനുഷ്യാവസ്ഥകളുടെ ആവിഷ്കാരം.

"ഒരു കത്ത്

നീയെനിക്കെഴുതണേ,

അത് മറ്റാരും കാണാതെ

മഴയുടെ കയ്യിൽ

കൊടുത്തയക്കണേ."

കത്തും മഴയും കവിതയാണ്. മഴ സുഖാനുഭൂതിയും നനവുമാണ്. പാരസ്പര്യമില്ലാതായിത്തീർന്നുകൊണ്ടിരിക്കുന്ന മനുഷ്യജന്മങ്ങൾക്ക് കത്തിലൂടെ മഴ കവിതയാകുന്നു. വാക്കിൽ മഴയുടെ ഈർപ്പം പൊടിയുന്നുണ്ടെന്ന ഫലശ്രുതിയുമുണ്ട്.

കവി ഒരാളല്ലെന്നും ഒരുകൂട്ടം മനുഷ്യരുടെ, സമൂഹത്തിന്റെ ഭാഗമാണെന്നും 'പിന്നിലാരോ' എന്ന കവിതയിൽ എഴുതുന്നു. ഏതോ ഒരു ശക്തി, ഏതോ ഒരു അപരൻ തന്റെ പിന്നിൽ വർത്തിക്കുന്നുവെന്നു കവിയറിയുന്നു. അത് ഉറക്കത്തിലും ഉണർവിലും നിഴലായും നിലാവായും കൂടെയുണ്ടെന്ന നിശ്വാസത്തിളപ്പായി ഉൾക്കൊള്ളുന്നു. ചിലപ്പോഴൊക്കെ ആ അപരൻ ഭയമായും ഇരുളായും തന്നെ കെട്ടിവലിക്കുന്നുണ്ട്. ആ കുരുക്ക് തന്നിലെ തന്നെ മോചിപ്പിക്കാനാവാത്ത ഏതോ നിഗൂഢസത്യങ്ങളിലേക്ക് കൂട്ടിക്കൊണ്ടുപോകുന്നു. ആരാണെന്ന ചോദ്യത്തിന് ആത്യന്തികമായി ഉത്തരം തേടാൻ കവിക്കാവുന്നില്ല. ചോദ്യങ്ങൾ അവസാനിക്കുന്നുമില്ല. ഒരർത്ഥത്തിൽ ആദ്യകവിതയിൽ കവി ആവിഷ്കരിച്ച സ്വാതന്ത്ര്യബോധത്തെക്കുറിച്ചല്ലേ ഇതിലും പറയുന്നതെന്ന് തോന്നാതിരിക്കുന്നുമില്ല.

നിഗൂഢസത്യങ്ങളേയും നിമ്നോന്നതമായ ജീവിതസമസ്യകളേയും കവി പലപ്പോഴും കൂട്ടിക്കൊണ്ടുപോകുന്നു. പറയാൻ അധികമുണ്ടെന്നും എന്നാൽ അത്തരം പറച്ചിലുകളെക്കാൾ പറയാതിരിക്കലും അല്പപ്പറച്ചിലുമാണ് കവിതയെന്ന് ഈ കവി മനസ്സിലാക്കുന്നു. ഈ അറിവ് കവിതയെക്കുറിച്ചുള്ള അറിവിനപ്പുറം കലയെക്കുറിച്ചും കല്പനകളെക്കുറിച്ചുമുള്ള കാലാതീതമായ അറിവുകൂടിയാവുന്നു. 'നമ്മൾ', 'ഒന്നും ഒന്നും', 'ഒപ്പം' തുടങ്ങിയ കവിതകൾ അത് വ്യക്തമാക്കുന്നു.

വീട് ഓർമ്മയും യാത്രയുമാകുന്ന അപൂർവ്വഭംഗി 'വീട് ഒരു യാത്രപോകുന്നു' എന്ന കവിതയിൽ കാണാം.

"ഉച്ചരിക്കപ്പെടാത്തൊരു

വാക്കിൻ വിശുദ്ധിയായ്

കാറ്റിൻ ചിറകിലെത്തും

നിന്നെയും കാത്ത്

ഞാനിരിക്കെ,യൊരു

നിറകൺചിരിയുമായ്

യാത്രയാകുന്നൂ വീട്!" എന്നെഴുതി അവസാനിപ്പിക്കുമ്പോൾ വീട് കവിതയും കാര്യവും യാത്രയുമായി മാറുന്നു. ഗൃഹാതുരതയും അതിനപ്പുറമുള്ള അലച്ചിലും കവിക്ക് അനുഭവങ്ങളെ വളർത്തിയെടുക്കാനുള്ള താവളമാകുന്നു. ഒപ്പം മറ്റുപല കവിതക

ളിൽ കാണുന്ന നീ/ഞാൻ ദ്വന്ദ്വങ്ങളുടെ അടുപ്പവും അകൽച്ചയും കാണാം.

വെറും വർത്തമാനത്തെപ്പോലും കവിതയായി മാറ്റാൻ കഴിയുന്ന കവിതയാണ് 'നേരമില്ലാനേരത്ത്'. നേരം പാഴാക്കാനുള്ളതല്ല എന്നറിയുന്ന കവി, നേരത്തെ നേരാംവണ്ണം ഉപയോഗിക്കേണ്ടതെങ്ങനെയെന്ന് പറഞ്ഞ് കവിത ആരംഭിക്കുന്നു. എങ്കിലും ഒന്നിനും നേരം കിട്ടാത്ത ആധുനികസമൂഹത്തെക്കൂടി കവി ഭംഗ്യന്തരേണ ഓർത്തുപോകുന്നു. ജീവിതത്തിന്റെ അർത്ഥങ്ങളെയും അനന്തമായ ആഴങ്ങളെയും ആവിഷ്കരിക്കുന്നു. പറഞ്ഞുതുടങ്ങുന്നിടത്തുനിന്ന് കവിത കവിയറിയാതെ വിക സിച്ച് ജീവരസങ്ങളുടെ രാപകലുകളിലേക്ക് യാത്രയാവുന്നു.

"നേരം നരയ്ക്കുന്നു
രാവില്ലാ പകലില്ല
നീയില്ല ഞാനില്ല
ജീവഘടികാരസൂചികൾ..."

നന്മകൾ കാണാനും കേൾക്കാനുമുള്ള കണ്ണും കാതുമില്ലാതായ തിരക്കിന്റെ ലോകത്തിൽപ്പെട്ട ജീവിതം തികച്ചും നിർഗ്ഗന്ധവും നിരാലംബവുമായിത്തീരുന്ന സത്യത്തിൽ തൊട്ട് കവിത പിൻവാങ്ങുന്നു.

ഇതിന്റെ അനുബന്ധമെന്നോ തുടർച്ചയെന്നോ പറയാവുന്ന കവിതയാണ് 'ഓട്ടങ്ങളെല്ലാം മത്സരങ്ങളല്ല'. ജീവിതം ഇന്നൊരു ഓട്ടപ്പന്തയമാണ്. എന്നാൽ എല്ലാ ഓട്ടവും മത്സരമല്ല.

"പ്രാണനൊക്കത്തെടുത്ത്
കനലിൽ ചവിട്ടി
വെള്ളം തൊടാനാവാതെ
ആദിയുമന്തവുമറിയാത്ത

ചില ഓട്ടങ്ങളുണ്ട്"...അത്തരം ഓട്ടങ്ങൾ ജീവൻ നിലനിർത്താനുള്ള നിലനിൽപ്പിന്റെ ഓട്ടമാണ്. ഒന്ന് മറ്റൊന്നിനെ ഭയന്നും കീഴ്പ്പെടുത്തിയും ജീവിക്കുന്ന പ്രകൃതിശാസ്ത്രം, ജീവശാസ്ത്രം കവിതയിൽ കടന്നുവരുന്നു. ഒറ്റപ്പെടലും അകന്നുപോകലും തുണയില്ലായ്മകളും തുടർക്കഥയാവുന്ന ഓട്ടങ്ങളുടെ കാഴ്ചകൾ ആവർത്തിക്കല്ലേ എന്ന പ്രാർത്ഥനയും പങ്കുവയ്ക്കുന്നു. വേദനയും കണ്ണീരും സഹാനുഭൂതിയും മറ്റേതൊരു നല്ല കവിയെപ്പോലെ അജിത വി.എസ്സിനെയും ബാധിക്കുന്നു. കണ്ണടച്ചിരുന്നുകൊണ്ട് കവിതയെഴുതാൻ ഈ കവിക്കാവുന്നില്ല. വെറും വാക്കോ പരന്ന വാക്കോ കവി ഇഷ്ടപ്പെടുന്നില്ല.

'ഭൂമിക്കും പറയാനുണ്ട്' എന്ന കവിതയിൽ മനുഷ്യകേന്ദ്രിതമായ ദുരന്തങ്ങളെ ഭൂമിദുഃഖങ്ങളായിക്കണ്ട് ജ്വരപീഡയിൽ തപിക്കുന്ന കവിഹൃദയത്തെ കാണാം. കരയാതെ, അലർച്ച കേൾ ക്കാതെ, സ്വപ്നങ്ങൾ മുറിയാതെ കഴിയാനാകാത്ത സമകാലമനുഷ്യഹൃദയം കവിയിൽ തുടിക്കുന്നു. അത് കവിതയുടെ ഉടൽരൂപം പ്രാപിക്കുന്നു.

പ്രണയകവിതകളുടെ സമാഹാരത്തിൽ ഉൾപ്പെടുത്തപ്പെട്ട 'പ്രണയ(പ്രകൃതി)ജീവനം' എന്ന കവിതയിൽപ്പോലുമുണ്ട് കവിയുടെ പ്രകൃത്യുപാസന. ജീവശാസ്ത്രാദ്ധ്യാപികയുടെ പ്രകൃതിബോധമായി മാത്രം ഇതിനെ കാണാനാവില്ല. കവിത്വത്തിന്റെ ഉറവിടമന്വേഷിക്കുന്ന,അജ്ഞേയസത്യങ്ങളുടെ ആഖ്യാനമായിക്കൂടി ഇതിനെ കാണേണ്ടതുണ്ട്.

'മാനിഷാദ'എന്ന ചെറുകവിത തികച്ചും വ്യത്യസ്തമാണ്. പ്രത്യേകിച്ചും ദീർഘകവിതകളുടെ എഴുത്ത് ഈ കവിക്കില്ല. ഏറ്റവും ചെറുതിൽ ഭാവതീവ്രതയും കാവ്യതീവ്രതയും ആവാഹിക്കാൻ കവിയ്ക്കാവുന്നു. ക്രൗഞ്ചമിഥുനങ്ങളുടെ കഥയെ ധാരാളം കവികൾ കവിതയാക്കിയിട്ടുണ്ട്. എന്നാൽ ഇവിടെ ദുഃഖവും വേദനയും കടന്ന് തെല്ല് പരിഹാസമായി മാറുന്നു. ഇണപ്പക്ഷിയെ കൊല്ലാതെപോയ വേടന്റെ ക്രൂരതയാണ് കവിയെ ചൊടിപ്പിച്ചത്. ഇണയുടെ ഐക്യം, സൈ്വര്യം, സ്വസ്ഥത, ആർദ്രത, ഐക്യം എന്നിവയെ വെളിപ്പെടുത്താൻ ഇതിനപ്പുറമെഴുതാനാവില്ലല്ലോ. ഒപ്പം കവിയും നിഷാദനും ചേർന്ന് പങ്കിടുന്ന മാംസം, കൊന്നതിന്റെ പാപം തിന്നുതീർക്കുന്ന പുതുകാലകാപട്യത്തിന്റെ ചിത്രമാകുന്നു.

എല്ലാക്കവിതകളെയും കുറിച്ചെഴുതാൻ ഒരു കാവ്യാവലോകനത്തിൽ സാധിക്കില്ല. എന്നാൽ ഇനിയും എഴുതാനുണ്ട്, ഈ സമാഹാരത്തിലെ കവിതകളെക്കുറിച്ച് എന്ന തോന്നൽ ബാക്കിയാകുന്നു. മേൽപ്പറഞ്ഞ കവിതകളിൽനിന്നു വ്യത്യസ്തമായ 'മേഘജാലകം തുറന്ന്' വായിക്കേണ്ടതുതന്നെ. ഏതൊരു മനുഷ്യനും മരണത്തെ, മരണസന്നിഭമായ സാഹചര്യങ്ങളെ മുഖാമുഖം കണ്ടിട്ടുണ്ടാവാം. രോഗം, അപകടം തുടങ്ങി പലതുമാകാം അതിനു കാരണം. മരണത്തിനറിയില്ലല്ലോ മനുഷ്യന്റെ അവസ്ഥകൾ. സത്യവും സമത്വവും നടപ്പിലാക്കുന്ന ലോകത്തിലെ ഏക അവസ്ഥയാണ് മരണം എന്നു പറയാറുണ്ട്. എങ്കിലും അത്തരമൊരു മരണത്തെ വരിക്കാൻ മനുഷ്യരിൽ ഭൂരിപക്ഷംപേരും ഇഷ്ടപ്പെടാറില്ല. ജീവിതം, ജീവിക്കാനുള്ളതാണെന്നും ജീവിതം ഒന്നേയുള്ളൂ എന്ന ബോധ്യം കൊണ്ടുമാവാം. അപ്പോഴും മരണം അതിന്റെ കർമ്മം അനുസ്യൂതം തുടരുന്നു. ഒരു വാക്കുപോലും എതിർത്ത് പറയാനാകാതെ അനുസരിക്കാനേ ആർക്കും സാധിക്കൂ. ഈ സത്യത്തെ കവി, സ്വാനുഭവത്തിന്റെ വെളിച്ചത്തിൽ വരച്ചിടുന്നു. പലപ്പോഴും മരണം തൊട്ടുതൊട്ടില്ലായെന്ന അവസ്ഥ കവിയെ പ്രാപിച്ചിട്ടുണ്ടെന്ന് കവിതയിൽ നിന്ന് മനസ്സിലാക്കാം. കവിതാവസാനം മരണവുമായി നടത്തുന്ന വർത്തമാനം ശ്രദ്ധിക്കുക:

"ചിരിച്ചു,നെറുകയിൽ
വച്ച കരം നീയെടുക്കും
മറയും,ഞാനോ




**പ്രസാധനം:**
**ഒരുമ പബ്ലിക്കേഷൻസ്**
**തിരുവനന്തപുരം**
**വില. 150 /- രൂപ**

വീണ്ടുമുണരും പനിച്ചൂടിൽ.
'കാത്തിരിക്കേണ്ട,വരും
ഞാൻ,നിശ്ചയ-
മതുമാത്ര'മെന്നോ
പറയാതെ പറഞ്ഞു നീ

മറയുന്നതെന്തിനോ!" ആരുടെ മനസ്സിനെയും പിടിച്ചുലയ്ക്കുന്ന ഈ വരികൾ അനുഭവതീക്ഷ്ണതയിൽനിന്നുമാത്രമേ ഉദയംകൊള്ളുകയുള്ളൂ.

അവസാന കവിതയായ 'പറയരുതേ' എന്ന കവിതയിൽ വേദന നിറയുന്ന കാലത്തും എന്തൊരു പ്രതീക്ഷയും പ്രത്യാശയുമാണ് കവി നൽകുന്നത്. കൈവിട്ടുപോയ പട്ടത്തെ കുറിച്ചാലോചിച്ചിരിക്കുന്ന കുട്ടിയോട് പട്ടം തിരിച്ചുവരില്ലെന്നു പറയല്ലേ, ഒറ്റയ്ക്കിരുന്ന് ചിരിച്ച് തന്നോടുതന്നെ സംസാരിക്കുന്ന മനുഷ്യനോട് അരുതെന്നു പറയരുതേ, എന്നു മാത്രമല്ല അയാളെ മനോരോഗിയെന്നു പറയരുതേ...ഇങ്ങനെ കവിതയുടെ അവസാനമെത്തുമ്പോഴേക്കും

"യുദ്ധം ചെയ്യുന്നവരോടും
അരുതെന്നു പറയേണ്ടതില്ല,
ശാപഗ്രസ്തമായ ബധിരതക്ക്

വാക്ക് മോക്ഷമാകുന്നതെങ്ങനെ!?" എന്ന വലിയ തത്ത്വസന്ദേശത്തിൽ കവിത അടക്കം ചെയ്യുന്നു. ഒരു പക്ഷേ ഇതാണ് അജിത വി.എസിന്റെ കവിതകളുടെ ആഴവും രസതന്ത്രവും. കവിതയുടെ പുറംമോടിയിലല്ല ഈ കവിയുടെ ധ്യാനം കുടികൊള്ളുന്നത്. വാക്കിന്റെ അകക്കാമ്പുകളിൽ കവിത നിറയ്ക്കുന്ന ലാളിത്യത്തിന്റെ ആവിഷ്കാരത്തിലാണ് ശ്രദ്ധ.

ഈ കവി അധികം പറയാൻ ശ്രമിക്കാത്ത കവിതയുടെ വിത സൂക്ഷിക്കുന്നു. പറഞ്ഞതുകൊണ്ട് പറയാത്തതിനെ വേർതിരിച്ചെടുക്കാനുള്ള സൂചകങ്ങൾ നൽകുന്നു. തെളിച്ചുപറയാൻ ഇഷ്ടപ്പെടുന്നതിനപ്പുറം ഒളിച്ചുവയ്ക്കാനും ആഗ്രഹിക്കുന്നു. കവിതയും ഭാഷയും കല്പനയും എന്താണെന്നുള്ള അവബോധത്താലുള്ള ഏകാന്തധ്യാനംകൊണ്ട് വിപുലമാക്കപ്പെടാനാകാത്ത കാവ്യരേണുക്കളാണ് ഈ കവിയുടെ കാവ്യസ്വത്വം.

ഈ കവിതകൾ ഒറ്റവായനയിൽ തളിർക്കുന്നില്ല. പല വായനകൾ, പല ആലോചനകൾ അർഹിക്കുന്നു. പ്രത്യക്ഷത്തിൽ ലളിതമെന്നു തോന്നാമെങ്കിലും അത്ര ലളിതമല്ല ഇതിലെ വാങ്മയങ്ങൾ. കനലെരിയുന്ന കവിതയുടെ ആകാശത്തെ അജിത വി.എസ്. ഉള്ളിലൊതുക്കുന്നു. അതിന്റെ ചെറുതരികൾ മാത്രമാണ് ഈ കവിതകൾ. കവിത ഉൾക്കൊള്ളുന്ന മനസ്സുകൾക്കു മാത്രം കോരിക്കുടിക്കാവുന്ന തണ്ണീരാണ് ഈ കവിതകളിൽ നിറച്ചുവച്ചിരിക്കുന്നത്. വലിയ കവിതകളുടെ അന്വേഷണവാതിലുകൾ തിരയുന്ന എഴുത്തിന്റെ അസംതൃപ്തി ഈ കവിയിൽ കാണാം. അത് മനഃപ്പൂർവ്വമല്ല. കാവ്യയാത്രയിലെ മതിവരാത്ത തീർത്ഥാടനലഹരിയാണ്. കവിതയുടെയും കവിയുടെയും കണ്ണ് മൗനത്തിന്റെ മുദ്രകൾകൊണ്ട് മനോഹരമാകുന്നത് ഇങ്ങനെയാണ്. അജിത വി.എസിനെക്കൊണ്ട് കവിത ഇങ്ങനെ പലതും ചെയ്യിച്ചുകൊണ്ടിരിക്കും. കാരണം കവിതയാണ് കവിയുടെ ജീവനും നിലനിൽപ്പും.

(അജിത വി.എസിന്റെ മഴ നനഞ്ഞെത്തുന്ന വാക്ക് എന്ന കവിതാസമാഹാരത്തിന് എഴുതിയ അവതാരിക)



സതീശൻ എസ്.കെ.

# പ്രണയാർദ്രം

അന്ന് ഞങ്ങളുടെ ARTS DAY ആയിരുന്നു. അതിന്റെ തിരക്കുകളുമായി ഓടി നടക്കുകയായിരുന്നു ഞാൻ. അപ്പോഴാണ് ലളിതഗാനമൽസരം നടക്കുന്ന വേദിയിൽ നിന്ന് ആ പാട്ട്, എന്റെ ഹൃദയതന്ത്രികളെ പ്രണയത്താൽ ബന്ധിച്ചിരുന്ന ആ പാട്ട്, ഒഴുകി വന്നത്.

"ആമന്ദമാമന്ദമോമനക്കാൽ വെച്ച്
താളത്തിലെന്നടുത്തെത്തി
പൂമിഴികൊണ്ട് തലോടിയെന്നുള്ളിന്റെ
പൂമുഖ വാതിൽ തുറന്നു."

ക്ഷുഭിതയൗവനത്തിന്റെ തീക്ഷ്ണമായ ഓർമ്മകൾ നിറഞ്ഞ കലാലയദിനങ്ങൾ. അന്ന് ഞാൻ രണ്ടാം വർഷ പോസ്റ്റ് ഗ്രാജുവേറ്റ് വിദ്യാർത്ഥിയാണ്. 22 വയസ്സിന്റെ ചോരത്തിളപ്പും കലാലയ രാഷ്ട്രീയത്തിന്റെ ചൂടും ചൂരും കൂടിയാവുമ്പോൾ ജീവിതം പൊട്ടിത്തെറിച്ച അവസ്ഥ. കോളേജിലെ നല്ല ഒരു പ്രാസംഗികനായതു കൊണ്ടും അത്യാവശ്യം സർഗവാസന ഉള്ളതുകൊണ്ടും ആരാധികമാർക്കും കുറവുണ്ടായിരുന്നില്ല.

ഞാൻ പെട്ടെന്ന് നിന്നു. കുറേ നാളായി എന്നും മനസ്സിലെ വേദനയായ പാട്ട്. മൂന്ന് വർഷങ്ങൾക്ക് ശേഷം ഈ പ്രണയഗാനം വീണ്ടും എന്നെ ഉണർത്തി. പ്രണയവേദനയും വിരഹവും സങ്കടവും കൂടി സമ്മിശ്രമായ, എന്നാൽ പ്രതീക്ഷ നിറഞ്ഞ മനസ്സോടെ ഞാൻ വേദിക്കരികിലേക്ക് എത്തി. ചന്ദന നിറമുള്ള കസവും പൂക്കളുമുള്ള, പട്ടുപാവാടയും ബ്ലൗസും. നെറ്റിയിൽ ചന്ദനക്കുറി. നഷ്ടപ്പെട്ടുവോ എന്നു ഞാൻ സംശയിച്ചിരുന്ന എന്റെ പ്രണയിനി ലക്ഷ്മി ആയിരുന്നു പാട്ടുകാരി.

'മുറ്റത്തു നിന്നു ഞാൻ തമ്പുരാട്ടീ മുഗ്ദ്ധമീക്കാഴ്ച തന്നെയൊരോണം' എനിക്കും ആ കാഴ്ച ഒരോണം തന്നെ ആയിരുന്നു.

മൂന്നു വർഷത്തിനു ശേഷമാണ് ലക്ഷ്മിയെ കാണുന്നത്. ലയിച്ച് പാടുകയാണ്, എനിക്കു മാത്രമായി എത്രയോ തവണ പാടിത്തന്നിട്ടുള്ള ആ പാട്ട്. പാടുമ്പോൾ ആ കണ്ണുകൾ നിറയുന്നുണ്ടോ? ഓർമ്മയിൽ ഞാനുണ്ടായിരുന്നോ? അല്ലെങ്കിലും എന്നെ ഓർക്കാതെ അവൾക്കീ പാട്ട് എങ്ങനെ പാടാൻ കഴിയും.

ഓർമ്മകൾ സ്കൂൾ ദിനങ്ങളിലേക്ക് മടക്കയാത്ര നടത്തുന്നു, ഒരു ക്ലാസ് മുന്നിലും പിറകിലുമായി പഠിച്ചവർ. അകന്ന ബന്ധുവായതു കൊണ്ട് പരസ്പരം അറിയാമായിരുന്നു. ഉച്ചഭക്ഷണസമയത്ത് അവൾ ചോറ്റുപാത്രവുമായി എന്റെയടുത്തു വരും. ഉച്ചഭക്ഷണം പങ്കുവച്ച് കഴിച്ചിരുന്നവർ. പിന്നെ ക്ലാസിലെ സംശയങ്ങൾ ചോദിച്ചും... എന്റെ പുസ്തകങ്ങൾ അവൾക്ക് പഠിക്കാൻ കൈമാറിയും ഞങ്ങൾ കൂടുതൽ അടുത്തു. പിന്നെപ്പിന്നെ സ്കൂളിൽ



പോവുന്നതുതന്നെ അവളെ കാണാനാണെന്ന അവസ്ഥയായി. ഓണപ്പൂക്കള മത്സരത്തിന് ഒരേ ടീമായി മത്സരിച്ച്, ഒന്നിച്ച് പൂക്കൾ തേടി തൊടിയിലും പാടവരമ്പിലും അലഞ്ഞ്, മുക്കുറ്റിയോടും തെച്ചിയോടും അരളിയോടും കാക്കപ്പൂവിനോടും പതം പറഞ്ഞ്... അവളെ കാണാത്ത ദിവസങ്ങൾ ഒന്നിനും ഉഷാറില്ലാതെ വിഷാദമൂകനായി ക്ലാസിലിരിക്കും. പ്രണയമാണോന്നറിയില്ല. പക്ഷേ അവളെ കാണാതിരിക്കാൻ പറ്റുന്നുണ്ടായിരുന്നില്ല. ഒന്നിച്ചിരിക്കുമ്പോഴുള്ള സന്തോഷം ജീവിതത്തിൽ മറ്റൊന്നിൽ നിന്നും കിട്ടുന്നുണ്ടായിരുന്നില്ല. അവളോട് ഒന്നും തുറന്നു പറയാനോ ചോദിക്കാനോ ഉള്ള ധൈര്യമുണ്ടായില്ല. അങ്ങനെ ദിവസങ്ങൾ... വർഷങ്ങൾ.. പ്ലസ് ടു എത്തിയപ്പോൾ ഒരു ദിവസം അവൾ ചോദിച്ചു.

"ഈ വർഷം കഴിഞ്ഞ് ഏട്ടൻ കോളേജിലേക്ക് മാറിയാൽ നമുക്ക് കാണാൻ പറ്റില്ലല്ലോ."

"അതിന് അടുത്ത വർഷം നീയും അങ്ങോട്ട് വരില്ലേ"

"പക്ഷേ ഇടയിലുള്ള ഒരു വർഷം..."

അവൾ മുഴുവൻ പറഞ്ഞില്ല. നാളെ എനിക്കൊരു കാര്യം പറയാനുണ്ടെന്ന് അവൾ പറഞ്ഞപ്പോൾ

ഞാനൊന്നമ്പരന്നു. എല്ലാം തോന്നുമ്പോൾ വിളിച്ചു പറയുന്നവൾ.. എന്തും പറയാൻ സ്വാതന്ത്ര്യമുള്ളവൾ.. ഒന്നും നാളേയ്ക്കു വച്ച് ശീലമില്ലാത്തവൾ.. അവളാണ് നാളെ പറയാമെന്ന് പറയുന്നത്.

അടുത്ത ദിവസം എന്റെ ജീവിതത്തിലെ മറക്കാനാവാത്ത ദിവസമായി മാറി. സ്കൂൾ ഗ്രൗണ്ടിനടുത്തുള്ള ആൽമരച്ചുവട്ടിൽ അവളെന്റെ അടുത്തിരുന്നു. നന്നായി പാടുമായിരുന്ന അവൾ എനിക്കു വേണ്ടിയാണെന്ന് പറഞ്ഞാണ് അന്നാദ്യമായി ആ പാട്ടു പാടിയത്.

"പൂക്കളം കാണുന്ന പൂമരം പോലെ നീ പൂമുഖത്തിണ്ണയിൽ നിന്നു. വീതിക്കസവുള്ള വീരാളിപ്പട്ടിൽ നിൻ പൂമേനി പൊന്നായി മിന്നി"

എനിക്കേറ്റവും ഇഷ്ടമുള്ള ഞാനിടയ്ക്കിടെ മൂളുന്ന പാട്ട് അന്നവൾ മുഴുവൻ പാടി. പാടിക്കഴി ഞ്ഞപ്പോൾ ആ കണ്ണുകൾ നിറഞ്ഞിരുന്നു. തീരെ പ്രതീക്ഷിക്കാതെ അവളെന്നെ കെട്ടിപ്പിടിച്ചു. അവളുടെ മുടിയിഴകളിലെ കാച്ചെണ്ണയുടെയും മുടിയിൽ ചൂടിയ തുളസിക്കതിരിന്റെയും ഗന്ധം, ആ കണ്ണുകൾ എന്നോട് പറയാതെ പറഞ്ഞ പ്രണയം, എന്റെ ഹൃദയമിടിപ്പ് വല്ലാതെ കൂടുന്നത് ഞാൻ അറിയുന്നുണ്ടായിരുന്നു. ഈ ജീവിതത്തിൽ ഇനിയെന്നും അവൾക്കു കൂട്ടായി ഞാനുണ്ടാവ ണമെന്ന് ഇടറിയ ശബ്ദത്തിൽ അവൾ പറഞ്ഞൊപ്പിച്ചു. ഞാൻ പറയാനും കേൾക്കാനും ആഗ്രഹിച്ചത് അവളായിട്ട് പറഞ്ഞു. പിന്നെ സന്തോഷത്തിന്റെ ദിനങ്ങളായിരുന്നു. ലോകം വെട്ടിപ്പിടിച്ച ജേതാവിനെപ്പോലെ മനസ്സ് കടിഞ്ഞാണില്ലാത്ത കുതിരയായി. ആ വർഷത്തെ ലളിതഗാന മൽസരത്തിന് അവൾ എന്റെ സന്തോഷത്തിന് ഇതേ പാട്ടു പാടി സംസ്ഥാന തലത്തിൽ ഒന്നാം സമ്മാനം നേടി. പ്ലസ് ടു ദിനങ്ങൾ തീരാറായിരുന്നു. പക്ഷേ അതിനിടയിൽ ഒരു കൂട്ടുകാരി വഴി ഞങ്ങളുടെ പ്രണയം അവളുടെ വീട്ടിലറിഞ്ഞു. ആദ്യം അവർ കാര്യമായെടുത്തി ല്ലെങ്കിലും അവൾ പ്ലസ് ടു കഴിഞ്ഞതോടെ അവർ നാട്ടിലെ സ്ഥലവും വീടും വിറ്റുപോയി. ഞാൻ ഡിഗ്രിക്ക് ചേർന്ന കോളേജിൽ അവളെ ചേർത്തില്ല. എനിക്കവളെ കാണാനോ എവിടെയാണെ ന്നറിയാനോ കഴിഞ്ഞില്ല. അവളുടെ കത്തെങ്കിലും വരും എന്നു കരുതി. പക്ഷെ ഞാൻ ഹോസ്റ്റലിൽ ചേരുമോയെന്ന് സംശയമുള്ളതിനാലാവാം വീട്ടിലെ അഡ്രസ്സിൽ അവൾ കത്തയച്ചില്ല.

"ഒന്നും മറന്നിട്ടില്ലെന്നോളം
നീയെന്നാ കണ്ണീർ പൊടിപ്പുകൾ ചൊല്ലി
കാലത്തിൽ കോപത്താൽ
വേർപിരിഞ്ഞോർ നമ്മൾ
കാണുകയായിതാ വീണ്ടും"

ശരിക്കും എന്റെ കണ്ണുകൾ നിറഞ്ഞു തുളുമ്പാറായി നിൽക്കുകയായിരുന്നു. സങ്കടമാ ണോ, സന്തോഷമാണോ, വിരഹം തീർത്ത ദു:ഖം അണപൊട്ടിയതാണോ, അറിയില്ല. മനസ്സ് ഒരു പ്രത്യേക അവസ്ഥയിലായിരുന്നു. മൂന്നു വർഷങ്ങൾ അവളെ എത്രത്തോളം മാറ്റിയിട്ടുണ്ടാവാം. കഴിഞ്ഞാഴ്ചയാണ് ഒന്നാം വർഷ പി.ജി.ക്കാർ ജോയിൻ ചെയ്തത്. പല തിരക്കുകളായതിനാൽ അവരെ കാണാനും പരിചയപ്പെടാനും പിന്നീട് പോവാംന്ന് വിചാരിച്ചിരുന്നതാണ്. അതിൽ ലക്ഷ്മിയുണ്ടാവുമെന്ന് ഒരു പ്രതീക്ഷയു മുണ്ടായിരുന്നില്ലല്ലോ. ഓർമ്മകളിലലിഞ്ഞ് പരിസരം മറന്നു കുറേ നേരം നിന്നു. പാട്ട് തീരാറായിരുന്നു.

* * * * * *

അച്ഛാ... എന്താ ആലോചിച്ചിരിക്കുന്നത്. പിറകിൽ വന്ന് മോള് വിളിച്ചപ്പോഴാണ് പരിസരബോധം വന്നത്. ലക്ഷ്മി കൂടെയില്ലാ തായിട്ട് രണ്ട് വർഷമാകുന്നു. രണ്ടു മക്കളെ നോക്കാൻ എന്നെ ഏൽപ്പിച്ചിട്ട് അവൾ പോയി. പാട്ടും ജീവിതവും ഓർമ്മകളും ബാക്കിയാക്കി

സംഗീതവും പ്രണയവും ജീവിതവും ആഘോഷമാക്കി രണ്ടു കുഞ്ഞുങ്ങളുമായി അവളോടൊപ്പമുള്ള ജീവിതം. എന്തു രസമായി രുന്നു ആ ദിവസങ്ങൾ. ആ ഓർമ്മകൾ മതി ഇനിയുള്ള കാലം മക്കൾക്കൊപ്പം ജീവിക്കാൻ.

ഒരു പാട്ട് ഓർമ്മ മാത്രമല്ല ജീവിതം തന്നെയായ അനുഭവം. പ്രണയവും സംഗീതവും വേർതിരിക്കാനാവാതെ ഇഴ ചേർന്നിരിക്കുന്നുവെന്ന് ആരോ പറഞ്ഞത് എത്ര ശരിയാണ്!

**കടപ്പാട്: പൊന്നോണ തരംഗിണി vo l1 ലെ 'പൂക്കളം കാണുന്ന' എന്ന ശ്രീകുമാരൻ തമ്പി രചിച്ച് രവീന്ദ്രൻ മാസ്റ്റർ ഈണം പകർന്ന് യേശുദാസ് പാടിയ പാട്ടിനോട്.**

വായിക്കേണ്ട പുസ്തകം



മിനി സുരേഷ്

# കാർപ്പാത്തിയൻ പർവ്വതനിരകളിലൂടെ

ലോക സഞ്ചാരഭൂപടത്തിൽ മുന്നിൽ നിൽക്കുന്ന ലോകസഞ്ചാരികളുടെ പ്രമുഖ കേന്ദ്രമാണ് ഡ്രാക്കുള കോട്ട സ്ഥിതിചെയ്യുന്ന കാർപ്പാത്തിയൻ പർവ്വത നിരകൾ. ഹിമാലയ പർവ്വതങ്ങൾക്ക് സമാനമായി മഞ്ഞുറഞ്ഞു കിടക്കുന്ന യൂറോപ്പിലെ വന്യമലകളായ കാർപ്പാത്തിയൻ പർവ്വതനിരകളെക്കുറിച്ച് സമഗ്രമായി പഠിക്കുവാൻ വളരെ ദീപ്തിമത്താ യുള്ള ഒരു വൈജ്ഞാനിക ഗ്രന്ഥമാണ് ലോകസഞ്ചാരിയായ കാരൂർ സോമൻ രചിച്ച 'കാർപ്പാത്തിയൻ പർവ്വത നിരകൾ റൊമാനിയ'യാത്രാവിവരണം.

റൊമാനിയൻ പർവ്വതനിരകളിലെ ഡ്രാക്കുള കോട്ടക്കുള്ളിൽ കാണുന്നത് പ്രേതഭൂതങ്ങളുടെ മരണ സൗന്ദര്യമാണ്. ലോകത്ത് ഏറ്റവും കൂടുതൽ ഹൊറർ സിനിമകൾ ഇറങ്ങിയിട്ടുള്ളത് ഡ്രാക്കുളയെ അനുകരിച്ചാണ്. ഡ്രാക്കുളക്കോട്ട നേരിൽ കണ്ട് അവിടുത്തെ നേർക്കാഴ്ചകൾ മനുഷ്യമനസ്സിനെ വല്ലാതെ ഉലയ്ക്കുന്ന വിധം വികാരനിർഭരമായി ഈ പുസ്തകത്തിൽ എഴുതിയിരിക്കുന്നു. ഈ ഭയം, ഭീതി, ആകാംക്ഷ കാരൂരിന്റെ ആഫ്രിക്കൻ യാത്രാവിവരണങ്ങളിലും കാണാം.

വിദേശരാജ്യങ്ങളുടെ ചരിത്രസാക്ഷ്യങ്ങളെ സ്വന്തം അനുഭവത്തിലൂടെ വരച്ചു കാട്ടുന്നതിൽ യു.ആർ.എഫ്. ലോക റെക്കാർഡ് ജേതാവ് കാരൂർ സോമന്റെ ആഖ്യാനപാടവം അത്ഭുതാവഹമാണ്. യൂറോപ്പ്, ആഫ്രിക്കയെക്കുറിച്ച് അദ്ദേഹം എഴുതുമ്പോൾ ആ രാജ്യത്തു പോകാതെതന്നെ സൂക്ഷ്മമായി ആ രാജ്യത്തെ അനാവരണം ചെയ്യുവാൻ സാധിക്കുന്നുണ്ട്. ആ രാജ്യങ്ങളുടെ സമഗ്രചിത്രം തന്നെയാണ് വായനക്കാരന് ലഭിക്കുന്നതെന്ന് സി. രാധാകൃഷ്ണനും ശ്രീ.സിപ്പി പള്ളിപ്പുറവും എഴുതിയത് വായിച്ചിട്ടുണ്ട്. എസ്.കെ പൊറ്റക്കാടിനുശേഷം ഓരോ രാജ്യത്തെക്കുറിച്ചും വളരെ സമഗ്രമായി എഴുതി കണ്ടിട്ടുള്ളത് കാരൂരാണെന്ന് മുൻ സ്പീക്കർ ശ്രീരാമകൃഷ്ണനും സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

കാരൂരിന്റെ ആത്മകഥ 'കഥാകാരന്റെ കനൽ വഴികൾ' കഴിഞ്ഞ വർഷമാണ് കോട്ടയം പബ്ലിക് ലൈബ്രറിയിൽ നിന്നും വായിച്ചത്. ശക്തമായ നിലപാടുകളോടെ മുഖം നോക്കാതെ സമൂഹ ത്തിലെ അനീതികൾക്കെതിരെ ശബ്ദിക്കുന്ന കാരൂരിന്റെ തൂലിക മലയാള ഭാഷയ്ക്കുതന്നെ ഒരു മുതൽകൂട്ടാണ്. പത്തിലധികം സാഹിത്യ മേഖലകളിൽ കയ്യൊപ്പ് ചാർത്തിയിട്ടുള്ള കാരൂരിന്റെ ലേഖനങ്ങൾ, ഇംഗ്ലീഷ് നോവലുകൾ തുടങ്ങിയവയിലെല്ലാം അപൂർവ്വങ്ങളിൽ അപൂർവുമായ പ്രതിഭയുടെ അത്ഭുതക്കാഴ്ചക ളാണ് ദർശിക്കുവാൻ സാധിക്കുന്നത്. നോവ ലുകളിലും കഥകളിലും യാതൊരു കൃത്രിമത്വ വുമില്ലാതെ മനുഷ്യരുടെ പച്ചയായ ജീവിതമാണ് വെളിപ്പെടുത്തുന്നത്.

ലളിതവും സുന്ദരവുമായ രചനാശൈലിയാ




പ്രസാധനം:
പ്രഭാത് ബുക്ക് ഹൗസ്,
തിരുവനന്തപുരം
വില. 130 /-രൂപ



കാരൂർ സോമൻ

ണെങ്കിലും കൊടുങ്കാറ്റിനകത്തു പെട്ട പ്രതീതിയാണ് അദ്ദേഹത്തിന്റെ ഓരോ പുസ്തകവും വായനക്കാരന് പകർന്നു നൽകുന്നത്.

ആഫ്രിക്കയടക്കം പത്തോളം വിദേശ യാത്രാ വിവരണങ്ങൾ ആമസോൺ, പ്രഭാത് ബുക്സി ലുണ്ട്. ഇത്ര മാത്രം സൗന്ദര്യാനു ഭൂതിയോടെ ഒരു രാജ്യത്തിന്റെ ചരിത്രമടക്കം വിശകലനം ചെയ്യുന്ന യാത്രാവിവരണങ്ങളെഴുതുവാൻ സർഗാത്മക സാഹിത്യരചനകൾ രചിക്കുന്നവർക്ക് മാത്രമേ സാധിക്കൂ. 'കാർപ്പാത്തിയൻ മലനിരകളിലൂടെ റൊമാനിയ'യുടെ യാത്രാവിവരണത്തിലും പ്രകൃതിസൗന്ദര്യവും രാഷ്ട്രീയ ചരിത്രവും സ്മാരകങ്ങളും മ്യൂസി യങ്ങളും എല്ലാം കൺമുന്നി ലെന്നപോലെ ദൃശ്യാവിഷ്കാര ഭംഗിയോടെ അവതരിപ്പിച്ചിട്ടുണ്ട്. ആകാം ക്ഷാഭരിതമായ അദ്ധ്യായങ്ങളിലൂടെയാണ് കാരൂരിനൊപ്പം 'കാർപ്പാത്തിയൻ പർവ്വതനിരകളി ലൂടെ യാത്ര ചെയ്യേണ്ടത്. ഡ്രാക്കുള കോട്ടയിലെ നിഗൂഢതകൾ തെല്ലൊരു വിസ്മയത്തോടെ മാത്രമേ വായിക്കാനാകൂ. ഡ്രാക്കുള നോവലിലെ വീരോതിഹാസ വ്ലാഡ് ഡ്രാക്കുള രാജാവ് ശത്രുക്കളെ സംഹരിച്ച് ഭൂത പ്രേതചെകുത്താനായി ആരെയെങ്കിലും അമ്പരപ്പിക്കു ന്നുണ്ടെങ്കിൽ അതിലൊരു പങ്ക് ഈ പർവ്വത ശിഖരങ്ങൾക്കു മുണ്ടെന്നാണ് ഗ്രന്ഥകാരൻ പറയുന്നത്.

താഴ്‌വാരത്തിൽ നിന്ന് 2500 അടി ഉയരത്തി ലുള്ള മലമുകളിലെ ഓക്കുമരത്തിൽ കാണുന്ന ക്രൂരഭാവമുള്ള നത്തിനെയും കാതുകളിൽ ആഴ്ന്നിറങ്ങുന്ന ചെന്നായയുടെ നടുക്കുന്ന ഗർജ്ജനത്തെക്കുറിച്ചുമെല്ലാം വായനക്കാരന്റെ മനസ്സിൽ ഭീതി നിറയ്ക്കുന്ന ചെകുത്താന്മാരുടെ ഡ്രാക്കുളക്കോട്ടയിൽ എന്ന അദ്ധ്യായം വായിക്കുമ്പോൾ കാരൂരിന് ഹൊറർ സാഹിത്യവും നന്നായി വഴങ്ങുമെന്ന് ഏതൊരു വായനക്കാരനും സമ്മതിക്കും. രാജ ഭരണത്തിൽ നിന്ന് കമ്മ്യൂണിസത്തിലേക്ക്, റൊമാനിയയിലെ ചരിത്രമ്യൂസിയം, ബുക്കാറെസ്റ്റിൽ പുലരി പോലൊരു മ്യൂസിയം തുടങ്ങിയ അദ്ധ്യായങ്ങളി ലൂടെ കടന്നു പോകുമ്പോൾ ഗ്രന്ഥകാരന്റെ ഗവേഷണ നിപുണതക്കു മുൻപിൽ നമിച്ചു പോകും.

സഞ്ചാരപഥങ്ങളിൽ മാതൃഭാഷ വികാര സാന്ദ്രമായി പങ്കുവയ്ക്കുവാൻ മടിയില്ലാത്തവർക്കും വിദേശഭാഷാപരിജ്ഞാനം മുന്തിരിച്ചാറുപോലെ ഊറ്റിക്കുടിച്ചിട്ടുള്ളവർക്കും സിരകളിൽ കത്തിപ്പടരുന്ന വികാരമാണ് മാതൃഭാഷ. മലയാള ഭാഷാസാഹിത്യ ത്തിനുവേണ്ടി വിദേശത്തിരുന്ന് ത്യാഗോജ്ജ്വലമായ പരിശ്രമങ്ങളാണ് കാരൂർ സോമൻ നടത്തുന്നത്.

വരും തലമുറക്കാർക്ക് വിജ്ഞാനം പകരുന്ന ഒട്ടേറെ വിവരങ്ങൾ പുസ്തകങ്ങളിൽ ഉൾപ്പെടു ത്താറുണ്ട്. പ്രമേയ സ്വീകരണത്തിലും വൈവിധ്യം കാത്തു സൂക്ഷിക്കുന്ന കാർപ്പാ ത്തിയൻ പർവ്വത നിരകളിലൂടെയുള്ള സഞ്ചാരം ഒരു ഡിറ്റക്ടീവ് നോവൽ വായിക്കുന്ന ആവേശത്തോടെ അനുഭവിക്കാവുന്ന വ്യത്യസ്ത യാത്രാ വിവരണമാണ്.

പ്രഭാത് ബുക്സ്, ആമസോൺ പ്രസിദ്ധീകരിച്ച ഈ യാത്രാവിവരണം മലയാള ഭാഷക്കൊരു മുതൽക്കൂട്ടാണ്.

കഥ



മനോജ്കുമാർ പഴശ്ശി

# മരണഗന്ധത്തിനപ്പുറം

വളരെ വേണ്ടപ്പെട്ട ഒരാൾ മരണപ്പെട്ടതറിഞ്ഞ് പുറപ്പെട്ടതാണ്. സ്റ്റേഡിയത്തിന് അടുത്ത ഒരു ഫ്ളാറ്റിൽ ആയിരുന്നു അഞ്ചു കൊല്ലമായി അയാളുടെ താമസം . ഫ്ളാറ്റിലെ താമസക്കാർ മരണപ്പെട്ടാൽ അവരെ അവസാനമായി എവിടെയാണ് കിടത്തിയിട്ടുണ്ടാവുക എന്ന സംശയത്തോടെയാണ് പുറപ്പെട്ടത്. ഫ്ളാറ്റിന്റെ മൂന്നാമത്തെ നിലയിലെ സിറ്റൗട്ടിലേക്ക് ലിഫ്റ്റിൽ കയറിപ്പോയി ഞെരുങ്ങി നിൽക്കേണ്ടി വരുമോ, ശവശരീരവും ബന്ധുക്കളുടെ കണ്ണീരുമെല്ലാം ഫ്ളാറ്റിന്റെ ഗ്രൗണ്ട് ഫ്ളോറിലേക്ക് ഇറങ്ങി ഒരു പരസ്യപ്രദർശനത്തിന് വിധേയമായിത്തീരുമോ? എന്ന ആലോചനയോടെയാണ് ഓട്ടോറിക്ഷയിൽ നിന്ന് ഇറങ്ങിയത്. അപ്പോൾ അവിടെ കണ്ടത് പത്തോ പതിനഞ്ചോ പേരുള്ള ചെറിയൊരു ആൾക്കൂട്ടം മാത്രം. ലിഫ്റ്റിലേക്കുള്ള വഴി ശൂന്യമായിക്കിടക്കുന്നു. അൽപം അകലെയായി പ്രത്യേകമായി നിർമ്മിച്ച ഒരിടത്താണ് മൃതദേഹം കിടത്തിയിരുന്നത്. അപ്പോൾ സമയം രാവിലെ ഒൻപതു മണിയായിരുന്നു. ഫ്ളാറ്റിലുള്ളവർ ലിഫ്റ്റുവഴിയിറങ്ങി അതിവേഗം അവരുടെ ലക്ഷ്യങ്ങളിലേക്ക് പോകുന്നു. കാറുകൾ പുറത്തേക്ക് പോകുന്നതിന്റെ ശബ്ദം മാത്രം കേൾക്കാം. ചിലരെല്ലാം മൃതശരീരത്തിനടുത്തോളം വന്ന് വേഗം മടങ്ങുന്നു. ചിലർ ആരേയും ശ്രദ്ധിക്കാതെ വേഗം തങ്ങളുടെ തിരക്കുകളിലേക്ക് അലിഞ്ഞുചേരുന്നു.

മരണവാർത്തയറിഞ്ഞ് ഫ്ളാറ്റിലേക്ക് കയറി വന്നവർ അൽപനേരം മൃതദേഹത്തിനരികിൽ നിൽക്കും. പിന്നെ ലിഫ്റ്റ് കയറി മൂന്നാം നിലയിലെ ബന്ധുക്കളുടെ മൗനത്തിലേക്ക് കടന്നു പോകും. അൽപനേരം കഴിഞ്ഞ് താഴോട്ടേക്ക് ഇറങ്ങി പുറത്തെ തങ്ങളുടെ ലക്ഷ്യങ്ങൾ തേടിപ്പോകും. സംസ്കാരസമ്പന്നരായ മനുഷ്യർ പാർക്കുന്ന ഈ നഗരത്തിൽ പുതുമയാർന്ന ഒരു ശവദർശനത്തിൽ പങ്കെടുത്തതിന്റെ കൗതുകവും പ്രിയപ്പെട്ട സുഹൃത്തിന്റെ വേർപാട് ഏൽപ്പിച്ച ശൂന്യതയും ഒരേസമയം എന്റെയുള്ളിലൂടെ വിറങ്ങലിച്ചു നിന്നു. അയാൾ നഗരമധ്യത്തിലെ ഈ ഫ്ളാറ്റിൽ താമസമാക്കിയിട്ട് അധികകാലമായിട്ടില്ല. ഒന്നര ഏക്കർ ഭൂമിയും അതിനിടയിലെ ഓടിട്ട വലിയ വീടും ആഢ്യത്വത്തിന്റെ ലക്ഷണമായിരുന്ന കാലത്തായിരുന്നു അയാളുടെ ബാല്യകൗമാര ങ്ങൾ. നഗരം വളർന്നു തുടങ്ങിയ പത്തോ പതിനഞ്ചോ വർഷത്തിൽ ഇപ്പുറം പത്തുസെന്റിലെ വീടുപോലും സ്വപ്നമായി തീർന്നിട്ടുണ്ട്. നഗരത്തിന്റെ ചില കോണുകളിൽ രണ്ടോ മൂന്നോ മുറികളുള്ള കോട്ടേഴ്സുകൾ എന്ന് വിളിക്കാവുന്ന കെട്ടിടങ്ങൾ ഉയർന്നുവന്നപ്പോൾ അവയിൽ താമസിക്കുന്നത് ഒരു വലിയ അഭിമാനപ്രശ്നമായി ചിലർക്കെങ്കിലും തോന്നിയിരുന്നു. പക്ഷേ എത്രവേഗമാണ് പത്തും പതിനഞ്ചും നിലയുള്ള വലിയ ഫ്ളാറ്റുകൾ നഗരത്തെ വളഞ്ഞു തുടങ്ങിയത് ? കടലോരത്ത്, ബസ്സ്റ്റാൻഡിന് വളരെയടുത്ത് എന്നിങ്ങനെയുള്ള പരസ്യവാചക ങ്ങളുടെ വലിയ ഹോൾഡിങ്ങുകൾ നഗരത്തിൽ ഉയർന്നു തുടങ്ങിയിട്ട് കാലമത്രയേ ആയിട്ടുള്ളൂ. അങ്ങനെ സ്റ്റേഡിയത്തിന് അടുത്തുള്ള ഫ്ളാറ്റിൽ

ഇന്നത്തെ പരേതൻ അല്ലെങ്കിൽ സുരേന്ദ്രൻ താമസം ആരംഭിച്ചിട്ട് അഞ്ചുവർഷം പിന്നിടുന്നു.

അയാളുടെ ഓർമ്മകൾ നഗരപരിസരത്തെ ചാലിക്കര എന്ന ബസ് സ്റ്റോപ്പിൽ ഇറങ്ങി ചെറിയ ഇടവഴിയിലൂടെ പത്തു മിനിറ്റ് നടന്നാൽ എത്തിച്ചേരുന്ന ഓടിട്ട വീടിനെ ഇന്നെന്നപോലെ കാണാം. ആ പത്തു മിനിറ്റ് നടത്തം യഥാർത്ഥ ത്തിൽ അയാൾക്കൊരു ആയാസമേ ആയിരുന്നില്ല. കാരണം സകലജീവജാലങ്ങളോടും ലോഹ്യം പറഞ്ഞ് പൂക്കളേയും ഇലകളേയും തലോടിയും വീണു കിടക്കുന്ന മാങ്ങയോ തേങ്ങയോ പെറുക്കിയെടുത്ത് അയാൾ തനി നാട്ടുമനുഷ്യ നായി ജീവിച്ച അറുപത്തിനാലു വർഷങ്ങളാണ് കടന്നുപോയത്. അയാൾക്കൊപ്പം മിക്കവാറും കുന്നിട്ട ഗോപാലനുണ്ടാകും. തെങ്ങുകയറ്റ തൊഴിലാളിയായ അയാൾ പണികഴിഞ്ഞ് മിക്കവാറും എല്ലാ ദിവസവും വൈകുന്നേരത്തോടെ നഗരത്തിലെത്തും. സുരേന്ദ്രനോടൊപ്പം ചുറ്റിയടിച്ച് രസമായിട്ടാണ് വീട്ടിലേക്ക് മടങ്ങുക. രണ്ടുപേരും ഒന്നിച്ചു ചേരുമ്പോൾ ഒച്ചത്തിലാകുന്ന ചിരി കേട്ട് ആളുകൾ എത്തി നോക്കുക പതിവാണ്. ഏതു കാര്യത്തെയും വളരെ രസകരമായി ആളുകളി ലേക്ക് എറിഞ്ഞു കൊടുക്കാൻ അയാൾക്ക് വലിയ കഴിവുണ്ടായിരുന്നു. അവയെല്ലാം ചേർത്തു വച്ചുകൊണ്ട് ഒരു പുസ്തകം ഇറക്കാനാകുമെന്ന് പ്രഭാകരൻ മാഷ് പറയാറുണ്ടായിരുന്നു. സുരേന്ദ്രനും ഗോപാലനും ആത്മമിത്രങ്ങളായി നടന്നുപോയ വഴിയിലെ മുച്ചിലോട്ട് ഭഗവതി ക്ഷേത്രം അയാളെ ഒട്ടിനിന്ന അമ്മ ഭാവമായിരുന്നു. അവിടുത്തെ ഉത്സവദിനങ്ങൾ, ആചാര വിശേഷ ങ്ങൾ, തോറ്റംപാട്ടുവരികൾ എല്ലാം മനപാഠമായി അയാൾ തന്റെ കേൾവിക്കാരിലേക്ക് പകരുമായി രുന്നു. കുഴിയോട്ടു ഭഗവതി അയാളുടെ വാക്കുകളിൽ നിറഞ്ഞാടുക മാത്രമല്ല, വിദൂര ദേശങ്ങളിലെ വിശേഷപ്പെട്ട അമ്മ ദൈവങ്ങളുടെ തിരുമുടികൾ നിവരുന്നത് അയാൾ കൗതുക ത്തോടെ കാത്തിരിക്കുന്നതായി തോന്നും. ഒന്നോ രണ്ടോ ദിവസം കണ്ടില്ലെങ്കിൽ വളപട്ടണം മുച്ചിലോട്ട് കാവിലോ ചീറുമ്പക്കാവിലോ ഉത്സവമാണെന്നു കരുതിയാൽ മതി. അവിടുത്തെ ഉത്സവദൃശ്യങ്ങൾ ഒരു ചിത്രത്തിലെന്ന പോലെ വരച്ചു കാണിച്ചു. കാവുകയറൽ മുതൽ അയാൾ ചെണ്ടത്താളങ്ങൾക്കൊപ്പം സഞ്ചരിച്ചു. തെയ്യങ്ങ ളുടെ മുഖത്തെഴുത്ത്, തോറ്റംപാട്ട്, ഉടുത്തുകെട്ട് തുടങ്ങി തെയ്യവുമായി ബന്ധപ്പെട്ട ഏതിനെ ക്കുറിച്ചും എത്ര നേരം വേണമെങ്കിലും പറഞ്ഞിരിക്കുമായിരുന്നു. ചെറുപ്പക്കാരായ തെയ്യക്കാരോട് ഒരു പെരുവണ്ണാനെന്നപോലെ ചടങ്ങുകൾ വിസ്തരിക്കുമായിരുന്നു. പലപ്പോഴും കുഴിയോട് കുട്ടപ്പൻ പെരുവണ്ണാനും പരിയാരത്ത് വാസു പെരുമലയനും ഒരു കുടുംബാംഗത്തെപ്പോലെ അയാളെ കരുതിയിരുന്നു. സാധാരണയായി തെയ്യങ്ങൾ ഉറഞ്ഞാടുന്ന സമയത്ത് മാത്രം എത്തിച്ചേരുകയും അതുകഴി ഞ്ഞാൽ അപ്രത്യക്ഷമാവുകയും ചെയ്യുന്ന മറ്റുള്ളവരെ പോലെ ആയിരുന്നില്ല സുരേന്ദ്രൻ. അയാളുടെ നിറവും മണവും വിശ്വാസവും എല്ലാംതെയ്യങ്ങളുടെ നിറഞ്ഞാട്ടവും കൂടിയായി യിരുന്നു.

സുരേന്ദ്രന്റെ ബാല്യകാലം ഉത്സവപ്പറമ്പിലെ സമൃദ്ധി മാത്രമായിരുന്നില്ല. കുഴിയോട് എൽ.പി. സ്കൂളിലെ ഹെഡ്മാസ്റ്റർ സദാനന്ദൻ മാസ്റ്ററുടെയും ചിറക്കര യു.പി.എസ്സിലെ സൗദാമിനി ടീച്ചറുടെയും ഏക മകൻ വളർന്നു വലുതായി മാഷായിതീരും എന്നുതന്നെയായിരുന്നു എല്ലാവരുടെയും പ്രതീക്ഷ. മഞ്ഞോടി ഹയർ സെക്കന്ററിയിൽ നിന്ന് എസ്.എസ്.എൻ.സി.യും പ്ലസ് ടുവും ഗവ. കോളേജിൽ ബി.എ. എക്കണോമിക്സും തിരുവനന്തപുരം യൂണി വേഴ്സിറ്റി കോളേജിൽ നിന്ന് എം.എ. ഇക്കണോ മിക്സും ഇടതടവില്ലാതെ പാസായി ക്കൊണ്ടിരുന്ന ഒരു സുരേന്ദ്രനെ പലലർക്കും ഓർത്തെടുക്കാൻ സാധിക്കും. എന്തുകൊണ്ടാണ് അയാൾ അത്തരം അക്കാദമിക്ക് വഴികളിൽ നിന്ന് വളരെ വേഗം തിരിച്ചു നടന്നത് എന്ന് പലരും അത്ഭുതപ്പെട്ടിരുന്നു. കോളേജിൽ പഠിക്കുന്ന കാലത്ത് തന്നെ അയാളുടെ ജീവിതത്തിലെ ഊടു വഴികൾ നിർമ്മിക്കപ്പെട്ടിരുന്നു എന്നതൊരു പരസ്യമായ രഹസ്യമാണ്. പലപ്പോഴും അയാളുടെ അധ്യാപകരുടെ ഇഷ്ടവും സ്വാധീനവും തന്നെ. അവരുടെ പേരുകൾ സാംസ്കാരിക കേരളത്തിന് വലിയ ബഹുമാനത്തോടെ ഓർക്കാനാവുമെങ്കിലും കോളേജിൽ ഡിപ്പാർട്ടു മെന്റിൽ ആദരവോടെ മാത്രമേ ഉച്ചരിക്കപ്പെടാറു ള്ളൂവെങ്കിലും കോളേജ് കോട്ടേജുകൾ ചുണ്ടുകൾ കോട്ടും. പാന്റ്സിന്റെ കീശയിൽ ഒളിപ്പിച്ച പട്ടച്ചാരായ കുപ്പിയുമായി പ്രവേശിക്കുന്ന കെ.പി.സുരേന്ദ്രൻ വിദ്യാർത്ഥിയും സഹ കുടിയനു മായിരുന്നു അക്കാലത്ത് അയാൾ. നേരം വൈകി മടങ്ങുന്നത് ഗോപാലിനോടൊപ്പമാണ്. മറ്റു ചിലപ്പോൾ അയാൾ ഗോപാലനോടൊപ്പം സൈക്കിളിൽ സംസ്ഥാന അതിർത്തിയാലേക്ക് കടക്കും. അതിർത്തിയുമായി ആ നഗരത്തിന് വളരെ രസകരമായ ബന്ധമായിരുന്നു. സംസ്ഥാനത്തിന്റെ രണ്ടു ജില്ലകളെ മുറിക്കുന്ന കേന്ദ്രഭരണ പ്രദേശം. അവിടെ എല്ലാറ്റിനും വിലക്കുറവുണ്ട്. പൈപ്പ് മുതൽ ബ്രാണ്ടി വരെ വാങ്ങാൻ ആളുകൾ അങ്ങോട്ടേക്ക് ഒഴുകും. ആദ്യമൊക്കെ സുരേന്ദ്രൻ വളരെ ദൂരെ നിൽക്കും. ഗോപാലൻ വാങ്ങിച്ചു കൊണ്ടുവരുന്ന ചെറിയ കുപ്പിയോടൊപ്പം പുഴക്കരയിലേക്ക്.. മീൻപിടുത്തക്കാരെയും വഴി നടത്തക്കാരെയും വെട്ടിച്ചുകൊണ്ട് രണ്ടുപേരും ഈരണ്ടു പെഗ്



അകത്താക്കും, അത്രതന്നെ. പിന്നെപ്പിന്നെ അയാൾക്ക് മറ ആവശ്യമില്ലാതായി. ബാറുകൾക്ക് മുന്നിൽ ഒറ്റ നിൽപ്പിന് രണ്ടോ മൂന്നോ പെഗ്ഗുകൾ അകത്താക്കി അവർ മടങ്ങും. വീടെത്തുമ്പോൾ ലഹരി ഒഴിഞ്ഞു കഴിയും. അപ്പോഴേക്കും അമ്മ ഭക്ഷണം വിളമ്പി കാത്തിരിക്കുന്നുണ്ടാകും. അച്ഛനില്ലാത്ത ഒറ്റ മകന് തന്റെ പെൻഷൻ പണം മുഴുവൻ മാറ്റി വെക്കുക മാത്രമല്ല, ഉറക്കത്തിലേക്കുള്ള ഒരു തലോടൽ കൂടി നൽകിക്കൊണ്ടാണ് അമ്മ അയാളെ വളർത്തിയത്. ഡൽഹി യൂനിവേഴ്സിറ്റിയിൽ റിസർച്ച് ചെയ്തുകൊണ്ടിരിക്കുകയായിരുന്നു അച്ഛന്റെ മരണം.അമ്മ ഒറ്റക്കായപ്പോൾ പഠനം പൂർത്തീകരിക്കാതെ മടങ്ങേണ്ടി വന്നു. അതിൽ അയാൾക്ക് ദുഃഖമോ പരിഭവമോ ഉണ്ടായിരുന്നില്ല. ഉള്ള ബിരുദങ്ങൾ വെച്ച് ജോലി തേടി പലയിടത്തും അലഞ്ഞു. പക്ഷേ എന്നും രാത്രി ഒറ്റക്കായ അമ്മയുടെ അടുത്തേക്ക് എത്തണമെന്ന കാര്യം മാത്രം അയാൾക്ക് തള്ളിക്കളയാനായില്ല. ഒരേ സമയം അമ്മയുടെ സ്നേഹകവചവും ലഹരിയുടെ പ്രിയ തോഴനുമായി ജീവിക്കുകയായിരുന്നു അയാൾ. വീട്ടിലേക്കുള്ള ഊടുവഴി പോലെ ബാറിലേക്കുള്ള പെരും വഴിയും അയാൾക്ക് മനപ്പാഠമായിരുന്നു. അവസാന നാണയവും തീരുന്നതുവരെ അവിടത്തെ കസേരകളിൽ മാറി മാറി ഇരുന്നു. രാത്രിയെന്നോ പകലെന്നോ വ്യത്യാസമില്ലാതെ കറങ്ങി.. ഇതെല്ലാം അറിഞ്ഞാലും ഇല്ലെങ്കിലും അമ്മ ഒരിക്കലും അയാളെ ശാസിച്ചില്ല, ശിക്ഷിച്ചില്ല. എല്ലാം മനസ്സിലാക്കിയതുപോലെത്തന്നെ ആ അമ്മ മകനെ തന്നോടൊപ്പം ചേർത്ത് നിർത്തി. അയാളുടെ അലച്ചിൽ കുറക്കാനാകണം അവർ മകനെ ഒരു കല്യാണത്തിന് നിർബന്ധിച്ചത്. താൽക്കാലിക മായി ഒരു സ്വകാര്യ കോളേജിൽ അധ്യാപകനായ പ്പോൾ ഇതേ ജന്മത്തിൽത്തന്നെ അയാളൊരു മണവാളനുമായി. ഭാര്യയായി വന്നവൾ കമ്പ്യൂട്ടറിൽ പ്രാവീണയായിരുന്നു. ഓൺലൈൻ ബിസിനസു കൾ ആരംഭിക്കുന്ന കാലമായതിനാൽ അതിലൊരു ഇടം തേടിയിരുന്നു അവളുടെ ക്ലിക്കുകൾ. ഒരു ലാപ്ടോപ്പിൽ മെഡിക്കൽ ട്രാൻസ്മിഷന്റെ ചാർട്ടുകളിലേക്ക് അവൾ യാത്ര പുറപ്പെട്ടു. രാത്രി വൈകുന്നതുവരെ കമ്പ്യൂട്ടറിന് മുന്നിൽ തപസ്സിരിക്കുന്ന രേവതി ഒരു സാറ്റലൈറ്റ് പോലെ അയാളിൽ നിന്ന് ഏറെ അകന്നു കൊണ്ടിരുന്നു. അവൾ പുതിയ പ്രൊജക്റ്റുകളിൽ അവൾ സ്വയം തളച്ചിട്ടു. അപ്പോൾ അയാളുടെ തെയ്യപ്പറമ്പ് യാത്രകൾ പിന്നെയും സജീവമായി. ഭഗവതിയുടെ തോറ്റം മുഴുവൻ ചൊല്ലി തീർത്ത് ഇരുട്ടിനെ വകഞ്ഞു മാറ്റി പാതിരാത്രിയിൽ വാതിലിൽ മുട്ടുമ്പോഴും രേവതി ലാപ്ടോപ്പിൽ ഒരു ബിസിനസ്

സ്വപ്നം നെയ്യുകയാവും. വിവാഹശേഷം ഒരു അനുഷ്ഠാനം പോലെ ജനിച്ച മകൻ വളർന്ന് എഞ്ചിനീയറിങ് വിദ്യാർഥിയായി മാറിക്കഴിഞ്ഞു എന്നതുമാത്രം രേഖപ്പെടുത്താവുന്ന ചരിത്രം. രേവതിക്ക് തന്റെ ജോലിയെ വികസിപ്പിക്കുവാൻ കൂടുതൽ വേഗതയുള്ള ഇന്റർനെറ്റു സാധ്യത ആവശ്യമായിരുന്നു. അക്കാലത്തെ റിയാലിറ്റി മ്യൂസിക്ഷോകളുടെ മുഖ്യ ആകർഷണം സമ്മാനമായി ലഭിക്കുന്ന ഫ്ലാറ്റുകളായിരുന്നല്ലോ. സ്റ്റേഡിയത്തിനടുത്ത് പുതുതായി ആരംഭിക്കുന്ന ഫ്ളാറ്റിന്റെ പ്രധാന പരസ്യവാചകം ഫുൾടൈം വൈഫൈ എന്നതായിരുന്നു. സ്റ്റാർ അപ്പാർട്ട്മെന്റിൽ ഇൻറർനെറ്റ് വഴി കോടികൾ സമ്പാദിക്കുന്ന ഒരാളായി തന്നെ സങ്കൽപ്പിച്ചു കൊണ്ടായിരുന്നു അക്കാലത്ത് രേവതിയുടെ ജീവിതം. ഒരു നിമിത്തമെന്നോണം അമ്മയുടെ മരണം കൂടിയായപ്പോൾ ഊടുവഴിയിന്നയാൾ കടപ്പുറത്തെ വലിയ ആകാശത്തേക്കു തുറക്കുന്ന ജനാലയെ സ്വന്തമാക്കി. ശരിയായ വഴിയില്ലാത്ത വീട് വിറ്റ് നഗരത്തിലെ പുത്തൻ ഫ്ളാറ്റിൽ താമസമാരംഭിക്കുന്ന തിരക്കുകളെ കുറിച്ച് സുരേന്ദ്രൻ സംസാരിച്ചിരുന്നു. ഏഴു നില ഫ്ളാറ്റിൽ എഴുപത് കുടുംബങ്ങളുടെ തിരക്കേറിയ ജീവിതം അവയിലെ ആഘോഷങ്ങൾ, ഫുൾ ടൈം വൈഫൈ ഉണ്ടാകുന്ന കയറ്റങ്ങൾ എല്ലാം തകർത്തെടിയുവാൻ ദിവസങ്ങൾ മതിയായിരുന്നു.

പക്ഷെ ഒരാഴ്ചത്തെ താമസം കൊണ്ടുതന്നെ കാര്യങ്ങൾ കുഴഞ്ഞുമറിഞ്ഞു. ഒരൊഴിഞ്ഞ തെയ്യപ്പറമ്പ് പോലെയായിരുന്നു ഫ്ളാറ്റ്. താമസിക്കാൻ പന്ത്രണ്ട് കുടുംബങ്ങൾ മാത്രം. മിക്ക അപ്പാർട്ട്മെന്റുകളും അമേരിക്കയിലെയോ ബോംബയിലേയോ സ്ഥിരതാമസക്കാരായ



മലയാളികളുടെ കൈവശമായിരുന്നു. വർഷത്തിൽ ഒന്നോ രണ്ടോ തവണ അവരോ അവരുടെ ബന്ധുക്കളോ താമസിക്കാൻ വന്നുചേരും. അപ്പോൾ മാത്രം തെളിയുന്ന വെളിച്ചങ്ങളുടെ നേരിയ ഒരു കീറിൽ കണ്ണിൽ പെടും. ഫ്ളാറ്റിന്റെ മൂന്നാം നിലയിൽ അയാളും കുടുംബവും മാത്രമുള്ള തികച്ചും വിചിത്രമായ ഒരിടമായിരുന്നു അത്. ആ നിലയിലെ ഒൻപതു വാതിലുകളും അടഞ്ഞു കിടന്നു. പലപ്പോഴും അയാൾ വിജനമായ വരാന്തകളിൽ കിടന്നുറങ്ങി. അടിവസ്ത്രം മാത്രം ധരിച്ച് ആ നില മുഴുവൻ ഉലാത്തി. ഒരർത്ഥത്തിൽ ആഘോഷവും മറ്റൊർത്ഥത്തിൽ ഏകാന്തതയും അയാളിൽ കട്ട പിടിച്ചു കിടന്നു.. കമ്പ്യൂട്ടറിൽ നിന്ന് ഭാര്യയും ടെക്റ്റ് ബുക്കിൽ നിന്ന് മകനും ഇറങ്ങി വന്നതേയില്ല. ഇത്തരം സന്ദർഭത്തിൽ അയാൾക്ക് കൂട്ടായി തീരുന്നത് ജോൺ മാത്യു എന്ന സെക്യൂരിറ്റി ജീവനക്കാരൻ മാത്രം. പകൽ ഒരിക്കലും അയാളെ കാണാറേയില്ല. രാത്രിയിൽ അപ്പാർട്ട്മെന്റിൽ വെളിച്ചം തെളിഞ്ഞു തുടങ്ങു മ്പോൾ ഗേറ്റിൽ അയാൾ പ്രത്യക്ഷപ്പെടും. രാത്രി പുറംവെളിച്ചങ്ങൾ പതുക്കെ അടഞ്ഞു തുടങ്ങു മ്പോൾ പൂച്ചയെപ്പോലെ പതുങ്ങി അയാൾ മൂന്നാം നിലയിലെത്തും. ഒരു ചെറിയ കുപ്പി അയാൾ കീശയിൽ നിന്ന് പുറത്തേക്കെടുക്കുമ്പോൾ ഭാര്യ അറിയാതെ അടുക്കളിൽ വാതിൽ വഴി വന്ന അച്ചാറിന്റെ കുപ്പിയിൽ നിന്ന് പകരുന്ന എരിവിൽ മനസ്സ് നിറഞ്ഞ് നിശബ്നായ രാത്രി ഗാനം കടന്നു പോകും. ചിലപ്പോഴെങ്കിലും പാട്ട് ഉറക്കെയാകു മ്പോൾ രേവതി അത് കണ്ടുപിടിച്ച് അത് വെള്ളമടിയെ പിടികൂടി ജാഗ്രതയുള്ളവളായി മാറും. ഒരേ സമയം ഷെയർ മാർക്കറ്റിലെ വീഴ്ചയും ഭർത്താവിന്റെ ലഹരിയിലൂടെയുള്ള നീന്തലും ആ ഫ്ളാറ്റിനെ ഭൂകമ്പത്തിലേക്ക് വലിച്ചു കൊണ്ടു പോയി. വെള്ളമടി നിർത്തുകയല്ലാതെ മറ്റൊരു വഴിയും ഉണ്ടായിരുന്നില്ല.

പിന്നത്തെ വൈകുന്നേരങ്ങൾ കടൽക്കരയിലൂടെള്ള നടത്തങ്ങളിലൂടെ പൂരിപ്പിക്കാമെന്നാ യിരുന്നു ശ്രമം. ദൂരെ കാണുന്ന തുരുത്തിലേക്ക് കണ്ണുംനട്ട് വളരെ നേരം അയാൾ ഇരിക്കും. തിരകളോടും മണൽത്തരികളോടും തോറ്റംപ്പാട്ടു കൾ പാടി തന്നെത്തന്നെ ഉണർത്തി. പാറപ്പുറത്തെ തിരച്ചഴികളിൽ പെട്ടുപോകുന്ന ചെറു ചുംബനങ്ങളെ കണ്ടില്ലെന്നു നടിച്ചു. അപ്പോഴും ഗോപാലൻ അയാളുടെ ശരീരത്തിനും മനസ്സിനുമൊപ്പം സഞ്ചരിച്ചു . പതിനൊന്നു മണിക്ക് ഏഷ്യാനെറ്റ് സീരിയൽ

അവസാനിക്കുമ്പോഴേക്കും അയാൾ മൂന്ന് നില പടികൾ ചവിട്ടിക്കയറി. അപ്പോഴേക്കും ഉറക്കം അയാളിലേക്ക് ആഴ്ന്നിറങ്ങും. കുറെ ദിവസങ്ങൾ അങ്ങനെ പോകും.

ഇടയ്ക്ക് ഏതെങ്കിലും ദിവസം അയാൾ തൊട്ടടുത്ത കെ എസ് ആർ ടി സി സ്റ്റാൻഡിൽ നിന്ന് വിരാജ്പേട്ടയിലേക്കുള്ള ബസ് കയറും. അമ്മയുടെ ഗർഭപാത്രത്തിലേക്കെന്ന പോലെയാണ് അയാൾ ചുരം കയറിത്തുടങ്ങുന്നത്. മങ്ങാട് നിന്ന് അച്ഛനോട് പിണങ്ങി ചുരം കയറിപ്പോയ മന്ദപ്പന്റെ തോറ്റംപാട്ട് അയാളിൽ ഒഴുകി നടക്കും. വൈകീട്ട് കതിവന്നൂർ വീരനായി തിരിച്ചിറങ്ങാനാണോ വിധിയെന്നു മാത്രം ആലോചിച്ചതേയില്ല. പേട്ടയിലെ ഓറഞ്ച് തോട്ടങ്ങൾക്ക് അരികിലൂടെ, പച്ചക്കറി മാർക്കറ്റിലൂടെ അയാൾ വളരെ നേരം അലഞ്ഞു നടക്കും. ഏതെങ്കിലും ലോഡ്ജിൽ മുറിയെടുത്ത് മൂന്നോ നാലോ പെഗ് വെള്ളം തൊടാതെ വിഴുങ്ങും. റിസർച്ച് പൂർത്തിയാക്കിയ ശേഷം ആദ്യമായി ജോലി ലഭിച്ച കാവരി കോളേജിന്റെ മുൻവശത്തെ റോഡിലൂടെ വെറുതെ നടക്കും. വൈകുന്നേരം വലിയൊരു സഞ്ചി നിറയെ പച്ചക്കറിയുമായി മടങ്ങും. ഫ്ളാറ്റിലേക്ക് കയറുമ്പോൾ നല്ലൊരു ഗൃഹനാഥനെപ്പോലെ അയാൾ വെറുതെ നടിക്കും, അത്രതന്നെ.

ആലോചനകളെ മുറിച്ചുകൊണ്ട് ഗോപാലൻ വന്നു തൊട്ടു. അയാളുടെ തേങ്ങൽ ആർക്കും കേൾക്കാൻ കഴിയുമായിരുന്നില്ല. സുരേന്ദ്രനോടൊപ്പം നടന്നിരുന്ന ഒരൊറ്റ പകലിനെയും രാത്രിയുടെ ഇരുട്ടിനേയും മറക്കാനാകാതെ അയാൾ നിശബ്ദനായിരുന്നു.. രാത്രികളിൽ അയാളുടെ വെളിച്ചമായി ആയിരുന്ന മനുഷ്യനു വേണ്ടി കണ്ണീർ വാർത്തു. അയാൾ പലപ്പോഴും തന്റെ സുഹൃത്തിനോട് ചോദിക്കാൻ വേണ്ടി മാറ്റിവെച്ച ചോദ്യവും ഉത്തരം ഇന്നലെ രാത്രി പത്തരയോടെ ഇല്ലാതായി പോയല്ലോ എന്ന ദുഖം മാത്രം അവശേഷച്ചു.

വലിയ വിദ്യാഭ്യാസവും സമ്പത്തും ഉണ്ടായിരുന്ന നിങ്ങൾ എന്തിനാണ് കൂലിപ്പണിക്കാരനായ, സ്കൂളിന്റെ പടി കണ്ടിട്ടില്ലാത്ത എന്നെ ചങ്ങാതിയാക്കിയത് ? ഗോപാലൻ ആ ചോദ്യവുമായി പലതവണ ആ പഴയ ഇടവഴിയിലേക്കോടി. അയാൾ പതുക്കെ കരഞ്ഞു.

അപ്പോഴേക്കും സ്റ്റേഡിയത്തിൽ സ്റ്റേറ്റ് ചാമ്പ്യൻഷിപ്പ് ആരംഭിച്ചു കഴിഞ്ഞിരുന്നു. ആദ്യത്തെ ഓവർ അവസാനിച്ച് കളിക്കാർ പൊസിഷൻ മാറി നിൽക്കുന്നതിന്റെ ദൃശ്യം മതിലിലെ ചെറിയ ഒഴിവുകളിലൂടെ കണ്ടു. അവസാനിച്ച ഓവറിലെ റൺ റെയിറ്റ് എന്തായിരിക്കും എന്ന് സങ്കൽപ്പിച്ചു നോക്കി. സുരേന്ദ്രനും അയാളും കൂടി ക്രിക്കറ്റ് കളിയിൽ ലയിച്ചിരുന്ന ദിവസങ്ങളിലേക്ക് ഓടിപ്പോയി. ഊടുവഴിയിലൂടെയുള്ള നടത്തവും ബാറിലെ പെഗ്ഗടിയും കടൽ തീരത്തെ നാടൻ പാട്ടുകളുമെല്ലാം തീരുമ്പോൾ അയാൾ ശാന്തനായിത്തീരുന്നു. സുരേന്ദ്രനെ പോലെ ഉയർച്ചതാഴ്ച്ചകളെ പരിഗണിക്കാത്ത ഒരു മുഖഭാവത്തിലേക്ക് ഗോപാലൻ തിരിച്ചെത്തി. സ്റ്റേഡിയത്തിലെ ആരവങ്ങൾക്കും പുറത്ത് റോഡിലെ ഇരമ്പങ്ങൾക്കും മൂന്നാം നിലയിലെ നിശബ്ദതൾ ക്കുമൊപ്പം ഒരു ചെറിയ മറയിൽ കിടത്തിയി രിക്കുന്ന മൃതശരീരം പറഞ്ഞ ചില ഉത്തരങ്ങൾ മാത്രം കേട്ട് അയാൾ പുറത്തിറങ്ങി. പത്തര മണിക്ക് ശവശരീരവുമായി കണ്ടിക്കൽ വാതക ശ്മശാനത്തിലേക്ക് ആമ്പുലൻസ് പുറപ്പെടും. ഒരു മണിക്കൂറിനകം ഒരാൾ ഭൂമിയിൽ നിന്ന് അപ്രത്യക്ഷമായതിന്റെ നേരിയ അടയാളങ്ങൾ മാത്രം ബാക്കിയാക്കും. അയാൾ മറ്റുള്ളവരിൽ അവശേഷിപ്പിച്ചവ മാഞ്ഞു പോകുന്നതിന്റെ ദൂരത്തെ കുറിച്ചു മാത്രമായി അപ്പോൾ ആലോചന. ആംബുലൻസ് ഗേറ്റ് വിട്ട് പുറത്തു കടന്ന് അരമണിക്കൂർ കഴിയുമ്പോഴേക്കും ഒരു വലിയ ലോറി ഫ്ലാറ്റിലേക്ക് പ്രവേശിച്ചു. ഏഴാം ഫ്ളോറിൽ താമസിക്കുന്ന അഡ്വക്കേറ്റ് തുളസീധരക്കുറുപ്പിന്റെ ഇളയ മകളുടെ വിവാഹ റിസപ്ഷൻ ഏഴു മണിക്ക് തുടങ്ങും. വിവാഹം കഴിഞ്ഞ് വധുവിനെ വരനോടൊപ്പമയച്ച് ഉച്ചയോടെയേ അവർ ഗുരുവായൂരിൽ നിന്ന് തിരിച്ചെത്തൂ. അപ്പോഴേക്ക് ഒരു പന്തൽ തീർത്തെടുക്കാനുള്ള തിടുക്കത്തിലാകും പന്തൽ പണിക്കാർ. സാമ്പ്രാണിയുടെയും അഗർബത്തിയുടെയും മരണഗന്ധം മായുംമുമ്പേ മുല്ലപ്പൂ മണമുള്ള പുതുജീവിതം ഫ്ളാറ്റിന്റെ വാതിൽ കടന്ന് അകത്തേക്ക് എത്തുന്നു. പന്തൽ പണി പൂർത്തിയാകുമ്പോഴേക്കും അതിഥികൾ എത്തിത്തുടങ്ങും. രാത്രി വൈകുന്നതു വരെ പലതരം ഗന്ധങ്ങളുടെ, കാതടപ്പിക്കുന്ന പാട്ടുകളുടെ ഉയർച്ചത്താഴ്ചകൾ ഉണ്ടാകും. മൂന്നാം നിലയിൽ മാത്രം അത് എത്തിച്ചേരാത്ത എന്തെങ്കിലും സാങ്കേതികസംവിധാനങ്ങൾ ഉണ്ടാകുമോ, ദുഃഖവും സന്തോഷവും നേർരേഖയിൽ സഞ്ചരിക്കുന്ന ഒരു ലോകത്തെക്കുറിച്ച് ഏറെ കൗതുകത്തോടെ ചിന്തിച്ചുകൊണ്ട് അയാൾ ഓട്ടോറിക്ഷയ്ക്ക് നേരെ കൈനീട്ടി.

•

# ഒരുമയുടെ പതിനേഴാമത് വാർഷിക-പ്പതിപ്പിലേക്ക് രചനകൾ ക്ഷണിക്കുന്നു




2007 ജനുവരിയിൽ ആരംഭിച്ച ഒരുമ മാസികയുടെ പതിനേഴാമത് വാർഷികപ്പതിപ്പിലേക്ക് ഈടുറ്റ ലേഖനങ്ങൾ, പഠനങ്ങൾ, അഭിമുഖങ്ങൾ, കഥകൾ എന്നിവ ക്ഷണിക്കുന്നു. രചനകൾ 2024 ഡിസംബർ 15 നു മുമ്പ് , പേജുമേക്കറിൽ ML-Revathi ഫോണ്ടിലോ യൂണിക്കോഡിലോ ടൈപ്പുചെയ്ത് അയയ്ക്കുക. രചനകളോടൊപ്പം എഴുത്തുകാരുടെ ഫോട്ടോ, പൂർണ്ണവിലാസം, ഇ മെയിൽ, വാട്സാപ്പ് നമ്പർ എന്നിവ ചേർക്കാൻ മറക്കരുത്. സൃഷ്ടികൾ orumamonthly@gmail.com എന്ന ഇ മെയിലിലേക്ക് അയച്ചശേഷം 9496259473 എന്ന വാട്സാപ്പിലേക്ക് മെസേജ് ചെയ്യുക.

## റഷീദ്ഖാൻ സ്മാരക കഥാപുരസ്കാരത്തിന് കൃതികൾ ക്ഷണിക്കുന്നു

തിരുവനന്തപുരം അമ്മമലയാളം സാഹിത്യവേദിയുടെ സമുന്നതസംഘാടകനായിരുന്ന ശ്രീ.പി.റഷീദ്ഖാന്റെ സ്മരണാർത്ഥം നൽകുന്ന പുരസ്കാരത്തിന് 2021 ജനുവരിക്കും 2024 ഡിസംബറിനും ഇടയിൽ ഒന്നാം പതിപ്പായി പ്രസിദ്ധീകരിച്ച മലയാള ചെറുകഥാസമാഹാരങ്ങൾ ക്ഷണിക്കുന്നു. 20,000/- രൂപയും ശില്പവുമടങ്ങുന്നതാണ് പുരസ്കാരം. എഴുത്തുകാർക്കും പ്രസാധകർക്കും പുസ്തകം അയക്കാം. പുസ്തകങ്ങളുടെ 2 കോപ്പികൾ 2024 ഡിസംബർ 31 നു മുമ്പായി, മോഹൻ ഡി കല്ലമ്പള്ളി, പ്രസിഡന്റ്, അമ്മമലയാളം സാഹിത്യവേദി, 'അനശ്വര', കല്ലമ്പള്ളി, ശ്രീകാര്യം പി.ഒ., തിരുവനന്തപുരം- 695017 എന്ന വിലാസത്തിൽ അയയ്ക്കണം. ഫോൺ: 9249988861, 9447542324.

Owned, Edited, Printed & Published by Sreela T., Dhwani, Chanthavila, Kattayikonam P.O., T V P M - 695 584,
Printed at Romanson print house, Thiruvananthapuram for K.C. Press,Vanchiyoor, Thiruvananthapuram.




VISIT **www.donation.cmdrf.kerala.gov.in** | **TOGETHER WE REBUILD** Every Donation Counts

**Chief Minister's Distress Relief Fund Account**

| No. | Bank | Account Number | IFSC Code |
|---|---|---|---|
| 1. | State Bank of India | **39251566695** | SBIN0070028 |
| 2. | South Indian Bank | **0721053000003020** | SIBL0000721 |
| 3. | Federal Bank | **10210100422271** | FDRL0001021 |
| 4. | HDFC Bank Ltd | **50100350210557** | HDFC0002485 |
| 5. | ICICI Bank | **626201089884** | ICIC0006262 |
| 6. | CSB Bank Ltd | **00 9603981212190001** | CSBK0000096 |
| 7. | Axis Bank | **920010023834712** | UTIB0000784 |
| 8. | Dhanalakshmi Bank | **003700100156782** | DLXB0000037 |
| 9. | IDBI Bank Ltd | **0889104000111454** | IBKL0000889 |
| 10. | Indian Overseas Bank | **009901000002020** | IOBA0000099 |
| 11. | Union Bank of India | **502902010900782** | UBIN0550299 |
| 12. | Canara Bank | **5842132000007** | CNRB0005842 |
| 13. | Kotak Mahindra Bank | **1815162037** | KKBK0009206 |
| 14. | Bank Of Baroda | **29860100006714** | BARB0PEROOR |
| 15. | Standard Chartered Bank | **43710072419** | SCBL0036099 |
| 16. | Kerala Gramin Bank | **40341101051311** | KLGB0040341 |
| 17. | IndusInd Bank | **159900002020** | INDB0001599 |
| 18. | Bank Of India | **853810110007599** | BKID0008538 |
| 19. | Punjab National Bank | **3301000104118534** | PUNB0330100 |
| 20. | Kerala Bank | **110110801000339** | KSBK0000101 |
| 21. | Central Bank of India | **5652206185** | CBIN0280937 |
| 22. | UCO Bank | **02880110077641** | UCBA0000288 |
| 23. | Indian Bank | **7839343398** | IDIB000P030 |
| 24. | Covid-TSB A/c (1475) | **799010100191475** | |
| 25. | Special Treasury Savings Bank | **799010100193172** | |

**This contribution is eligible for deduction under Section 80G of the Income Tax Act.**

**ജീവിതം വീണ്ടെടുക്കാൻ തകർന്നതെല്ലാം പടുത്തുയർത്താൻ നമുക്കും പങ്കുചേരാം**

നിങ്ങളുടെ സഹായം അർഹരായവരിലേയ്ക്ക് എത്താൻ തീർത്തും സുതാര്യവും ഓഡിറ്റിംഗിന് വിധേയവുമായ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് നൽകൂ.

https://www.facebook.com/CMOKerala #StandWithWayanad https://x.com/cmokerala

Oruma Monthly Vol.No.17, Issue No.11 November 2024
RNI NO.19366 / 2007, Postal Reg.No.KL/TV(N) 563/2016-2018.

ഒരുമ
പബ്ലിക്കേഷൻസ്, തിരുവനന്തപുരം

ISSN അംഗീകാരത്തോടെ

# പുസ്തകപ്രസാധനത്തിന് എളുപ്പവഴി

കുറ്റമറ്റ എഡിറ്റിംഗ്, ആകർഷണീയമായ രൂപകല്പന, മനോഹരമായ അച്ചടി

**പുസ്തകം ആരെഴുതിയാലും പ്രസിദ്ധീകരിച്ചാലും എഡിറ്റിംഗ് പ്രധാനമാണ്. ഒരു പുസ്തകത്തെ കമനീയമാക്കുന്നതിൽ അതിന്റെ ഉള്ളടക്കം പോലെതന്നെ പ്രധാനമാണ് എഡിറ്റിംഗ്.**

ടൈപ്പിംഗ്, എഡിറ്റിംഗ്, ഇല്ലസ്ട്രേഷൻ, പുറംചട്ട എന്നീ പുസ്തകനിർമ്മാണത്തിന് ആവശ്യമായ എല്ലാജോലികളും കൃത്യനിഷ്ഠയോടും ഉത്തരവാദിത്തത്തോടും ചെയ്യുന്നു.

**അന്വേഷണങ്ങൾക്ക്**

**സുധാകരൻ ചന്തവിള**
**എഡിറ്റർ**
**9496259473, 6282457313**